KOTTAYAM PUBLIC LIBRARY

Call No MA2 Acc. No 3൯൧൦

Author കുട്ടമത്ത്

Title ബാലിവിജയം.

**BOOK To READER**

* Thank you for not tearing my pages.
* Grateful for not Writing Comments or putting unsightly markings.

**CALLING URGENT ATTENTION**

1. Tearing of pages causes permanent damage to the Book. Please think of the Reader who finds missing pages after reading that far. It is cruelty to the innocent.

2. Writing Comments and putting markings disfigure the Book. Please take care.

**Secretary**

നം: ൩൯൭൦

# കാളിയമൎദ്ദനം

## മണിപ്രവാളയമകം.

വാക്യാൎത്ഥബോധിനി

എന്ന

വ്യാഖ്യാനത്തോടുകൂടിയതു്.

THE KOTTAYAM PUBLIC LIBRARY
KOTTAYAM.
TRAVANCORE

ഗ്രന്ഥകൎത്താ:

**മഹാകവി കുട്ടമത്തു്.**

വ്യാഖ്യാതാ

കെ. സി. എൻ. വാഴുന്നവർ.

പ്രസാധകന്മാർ:

**പി. കെ. ബ്രദേർസ്, കോഴിക്കോടു്.**

NATIONAL BOOK STALL
KOTTAYAM
KALARIKAL BAZAAR

1948.] വില 1ക.

Third Edition 1948

MA2

(*Coyy right to Publishers.*)

PRINTED AT
THE PRAKASAKAUMUDI PRINTING WORKS,
CALICUT.

1948.

No. 3990

# അവതാരിക

കവികുല ചക്രവത്തി കേരള കാളിദാസൻെറ അനഘമായ അഭിപ്രായത്തിന്നും, പ്രഥമ പ്രവേശത്തിൽ തന്നെ വിദ്വജ്ജനബഹുമതിക്കും പാത്രീഭവിച്ച ഒരുത്തമ പ്രബന്ധമാണ് ഈ "കാളിയമർദ്ദനം" യമകകാവ്യം. അന്നു ബാലചാപല്യദ്യോതകങ്ങളായി ദുർല്ലഭം വല്ല അസ്വാരസ്യങ്ങളും കാണിപ്പാനിടവന്നിട്ടുണ്ടെങ്കിലും ഇന്നു ആ ദോഷങ്ങളെല്ലാം ദൂരീകരിച്ചു പ്രൌഢനിലയിൽ വ്യാഖ്യാനപതിപ്പ് സഹധർമ്മചാരിണീസമേതമായിട്ടാണ് ഈ രണ്ടാം രംഗപ്രവേശം ചെയ്തിട്ടുള്ളത്. ആധുനികഗ്രന്ഥകാരന്മാരുടെ മിക്ക ഗ്രന്ഥങ്ങൾക്കും ജാതകർമ്മവും, ഉദകക്രിയയും ഉടനടി നേരിടുന്ന സ്ഥിതിക്ക് ഈ പ്രബന്ധം മാത്രമല്ല, ഏതൽഗ്രന്ഥകർത്താവിൻെറ മിക്ക കൃതികളും രണ്ടിലധികം പതിപ്പുകളെ അംഗീകരിച്ചിരിക്കെ കവിക്കും കാവ്യങ്ങൾക്കുമുള്ള മഹിമകൾ സ്തുത്യർഹങ്ങളാണെന്നു ഞാൻതന്നെ സമ്മതിക്കേണമെന്നില്ല. ഇതിൻെറ ജനയിതാവ് ശ്രീമാൻ കുട്ടമത്തു കുന്നിയൂര് കുഞ്ഞികൃഷ്ണക്കുറുപ്പവർകളും, വ്യാഖ്യാതാവ്, ശ്രീമാൻ കെ. സി എൻ. വാഴുന്നവരവർകളുമാണ്. കേരളത്തിൽ സുപ്രസിദ്ധന്മാരായ രണ്ടു കവികേസരികളുടെ, മൂലവ്യാഖ്യാനരൂപത്തിൽ, പ്രതിഭാപ്രതിബിംബാത്മകമായ ഈ ഗ്രന്ഥത്തിന്നു ഒരവതാരിക എഴുതുന്നതിന്നു പകരം 'വൃത്ഥാ

രാമസ്യവാത്മീകേഃ കൃതി സ്സ്തൗകിന്നാരസ്വാനെയ്" എന്ന മഹാ കവിവാക്യം ഉദ്ധരിച്ചു അവസാനിപ്പിക്കുകയല്ലേ അധികം നല്ലതു? എന്റെ ഈ ഉദ്യമം അത്രത്തോളം അസ്ഥാനത്തിലായ്പ്പോകുമോ എന്ന ശങ്ക കരതുലികയേ ചലിപ്പിക്കത്തക്ക ഒന്നാണെങ്കിലും, ഉൽകൃഷ്ടവസ്തുക്കളോടിടപെട്ടു നില്പാനുള്ള ആസക്തി മാത്രമാണ് ഈ സാഹസകൃത്യത്തിൽ ധൈൎയ്യപ്പെടുത്തുന്നതു്.

രസാത്മകങ്ങളായ വാക്യങ്ങളാൽ സംഘടിക്കപ്പെട്ട കാവ്യത്തിൽ അൎത്ഥശബ്ദാത്മകങ്ങളായ അലങ്കാരങ്ങളുടെ പ്രാധാന്യത്തിന്നു തുല്യാവകാശമാണെന്നു പറയുന്നതിൽ പക്ഷാന്തരമുണ്ടെന്നു തോന്നുന്നില്ല. ഈ തത്വത്തെ അടിസ്ഥാനമാക്കി പ്രാചീന മഹാ കവികളിൽ മിക്ക പേരും തങ്ങളുടെ മിക്ക കാവ്യങ്ങളുടേയും സൎവ്വാംഗങ്ങളിലും, ശബ്ദാലങ്കാരവൎഷം ചെയ്തിട്ടുള്ളതിന്നു പുറമെ ചില പ്രത്യേക ഭാഗങ്ങൾ തൽപരങ്ങളായിത്തന്നെ കല്പിക്കുകയും ചെയ്തിട്ടുണ്ടു്. ആചാൎയ്യസ്വാമികളുടെ സ്തവരത്നങ്ങളും, നൈഷധം, രാമായണചംബു മുതലായവകളും ആദ്യത്തേതിന്നും, മാഘം നാലാംസൎഗ്ഗം, കിരാതാൎജ്ജുനീയം, പതിനഞ്ചാം സൎഗ്ഗം, രഘുവംശത്തിലെ ദ്രുതവിളംബിതം മുതലായവ രണ്ടാമത്തേതിന്നും ഉത്തമോദാഹരണങ്ങളാണ്.

എന്നാൽ ഈ പന്ഥാവിനെ സമഗ്രമായംഗീകരിച്ചു കേവലം ശബ്ദാലങ്കാരപരങ്ങളായി രചിക്കപ്പെട്ടിട്ടുള്ള

വയിൽ "യുധിഷ്ഠിരവിജയം" "നളോദയം" മുതലായ വാക്യങ്ങൾ പ്രധാനങ്ങളാണ്.

ഈ പ്രസ്ഥാനത്തെ ഭാഷാകാവ്യലോകത്തിൽ ഇദംപ്രഥമമായി അവതരിപ്പിച്ചത് വാസുപ്പട്ടേരിപ്പാടവർകളാണെന്നാണൈതിഹ്യം.

"വിറ,കെട്ടപ്പാൻ വിറകെട്ടത്തു
വിറകെട്ടത്തു, വിറകെട്ടത്തു"
"ഇതയിത! വാത്തു വരുന്നു
വെററിലതിന്നാഞ്ഞെനിക്ക വാത്തു വരുന്നു
കൊടിയിത! പയ്യായിനിമേൽ
കദളിപ്പകപം ഭുജിച്ചു പയ്യാ,യിനിമേൽ"

എന്നും മററും അദ്ദേഹം സന്ദർഭോചിതം ദ്രുതകവനം ചെയ്തു പ്രതിഭാവിലാസത്തെ പ്രകടിപ്പിച്ചിരിക്കുന്നുവല്ലോ.

കവനകലാചാതുരിയിൽ സർവ്വതോമുഖമായ നൈപുണ്യം നേടിയ മഹാനും, "സദ്രത്നമാലാ" ജ്യോതിഷഗ്രന്ഥത്തിൻെറ പ്രണേതാവുമായ കടത്തനാട്ടു ശങ്കരവർമ്മ (ഒഞ്ഞ്യേത്ത് അപ്പു)ത്തമ്പുരാനവർകളാണ് പിന്നീട്ടു ഈ പന്ഥാവിൽ അധികമായി സഞ്ചരിച്ചു കാണുന്ന കവികേസരി. വശ്യവാക്കായ അവിട്ടത്തേ സദാചാരപരങ്ങളും, ഹാസ്യരസപ്രധാനങ്ങളുമായ ഫലിതോക്തികളിൽ ചില ഒററ ശ്ലോകങ്ങൾ കേവലം ശബ്ദാലങ്കാരാത്മകങ്ങളാണ്. സ്വഭാവം കാണിപ്പാൻ അവയിൽ ചിലതിവിടെ ഉദ്ധരിക്കാം.

"തളികയിലുണ്ടാലും തേക്കും
ലോകമലയാർകാവിലുണ്ടാലും തേക്കും"
തുളസീദളമരിയരുതേ
ഏകാദശിനാളിലൊട്ടുമേ അരിയരുതേ"

സന്ദർഭത്തെ സ്പഷ്ടമാക്കുന്ന ചമൽക്കാരസമ്പൂർണ്ണമായ വേറൊരു പദ്യം.

"ശിവ! ശിവലിംഗം പോയി
ക്ഷേത്രങ്ങളിലും നൂണാം ചലിംഗം പോയി
അമ്മാവമ്മാറായി
സാമിഷമന്നം ദ്വിജകൾമുണ്മാറായി"

തമ്പുരാനവർകളുടെ പാണ്ഡിത്യാദി ഗുണങ്ങളെക്കൊണ്ടു തൽപ്രതിബിംബമായ പുത്രൻ; ഏതൽ ഗ്രന്ഥകർത്താവിന്റെ പ്രമാതുലൻ കുഞ്ഞുണ്ണിക്കുറുപ്പവർകൾ കവിതാവാസനയാലും താദാത്മ്യം വഹിച്ചിട്ടുണ്ടെന്നു പ്രത്യേകം പ്രസ്താവിക്കേണ്ടെന്നില്ല. ഇദ്ദേഹത്തിന്റെ കൃതികളുടെ കൂട്ടത്തിൽ സംസ്കൃതഗ്രന്ഥമായ "ദേവീമാഹാത്മ്യ" സ്തോത്രത്തിലേ ദ്രുതവിളംബിതദശകത്തിന്നു പുറമെ ചില വിനോദകരങ്ങളായ ഒററയൊററ ശ്ലോകങ്ങളല്ലാതെ ശബ്ദാലങ്കാരപരങ്ങളായ പ്രബന്ധങ്ങൾ ഒന്നുംതന്നെ കണ്ടുകിട്ടീട്ടില്ല.

കുഞ്ഞുണ്ണിക്കുറുപ്പു തന്റെ തറവാട്ടു ഭരണകാലത്തു വാരം (നെൽ പാട്ടം) കൊടുക്കാത്ത ഒരു കുടിയാനെ അനുശാസിച്ചുകൊണ്ടുള്ള പദ്യമാണ് താഴെ ഉദ്ധരിക്കുന്നത്.

"കൊടെടാ! വാരം പറയാ-
ലളന്നു, കളവെത്രവാരം പറയാം?
വാശിയുടക്കം കോരാം
നെല്ലറയിൽനിന്നു പയ്യാടക്കം കോരാ"

പയ്യാടക്കൻകോരൻ=പുള്ളിയുടെ പേര്. പുലകാലങ്ങളിൽ പകലേ ഉയണിന്നുള്ള അവസരം കുറിക്കുന്ന മറെറാരു പദ്യമാണിതു്.

"സ്ഫുടതിസുമം പൈററട്ട്യാഃ
പതതി രവിശ്ച ശിരസി മൈലാട്ട്യാഃ
സമയോയം ചോറ്വ്വട്ട്യാഃ
ധൎത്തും നഃ പ്രത്യേകതോ വട്ട്യാ"

പൈററട്ട്യാഃ=പൈററടിയുടെ. സുമം സ്ഫുടതി=പൂവുലരുന്നു. മൈലാട്ട്യാഃ=മൈലാട്ടിക്കുന്നിൻെറ (വീട്ടിൻെറ പടിഞ്ഞാറുഭാഗം സമീപം ഒരു കുന്നുള്ളതിൻെറ പേര്) ശിരസി=ശിഖരത്തിൽ, രവി=സൂൎയ്യൻ. പതതിച=വീഴുകയും ചെയ്യുന്നു. നഃ=ഞങ്ങളുടെ പ്രത്യേകതോ=വെവ്വേറെ; വട്ട്യാ=വട്ടി (വയറ്) കൊണ്ടു. ചോറ്വ്വട്ട്യാഃ=ചോർവട്ടിയുടെ. ധൎത്തും=ധാരണത്തിന്നായ്ക്കൊണ്ടു. അയം സമയഃ=ഇതാണ് സമയം.

ഭാഷാശബ്ദങ്ങളോടു സംസ്കൃതവിഭക്തിപ്രത്യയങ്ങൾ ചേൎത്തു ഇത്തരം പ്രാസഭംഗിയിൽ ഹൃദ്യങ്ങളായ പദ്യങ്ങൾ സന്ദൎഭാനുസരണം ദ്രുതകവനം ചെയ്യാനുള്ള വൈഭവം തമ്പുരാനും പുത്രനും ഒന്നു വേറെതന്നെയാണ്. കുഞ്ഞുണ്ണിക്കുറുപ്പിൻെറ പിതൃവ്യപുത്രൻ സരസ

കവി ഇരുവനാട്ട് കെ. സി. നാരായണൻ നമ്പ്യാരവർക ളിലും ഈ രീതി നല്ലപോലെ കടന്നുകൂടീട്ടുണ്ടെന്നുള്ളതു ഇവിടെ വിസ്തരിച്ചുകൂടാത്തതാണ്.

ഒടുവിൽ കുഞ്ഞികൃഷ്ണമേനോനവർകളുടെ .വിവാഹാവസരം ചൊല്ലിയ ഒരു പദ്യം നോക്കുക!

"സമ്പ്രതി മേനോൻ സരസാ
സമ്പ്രതി സംബന്ധമായ സാദ്ധ്വിയോടും
സമ്പ്രതിപത്തിയൊടും, ദിവ-
സംപ്രതി സൌഖ്യം വളൎന്നു വിലസട്ടേ!!"

(സമ്പ്രതി=കൊച്ചിയിലെ ഒരുദ്യോഗപ്പേർ, സമ്പ്രതിയായ മേനോൻ എന്നൎത്ഥം.)

"തുണയാണുതു ഹേ! ദാഹേ, വാടാ! വാ! കള്ളുതള്ളുക!
കലിമൂലികതേടാതെനീക്കൂ! നീ കപടംപക"

അനുലോമ പ്രതിലോമ വാച്യമായ ഈ മാതിരി ഒററയൊററ ശ്ലോകങ്ങളല്ലാതെ ശബ്ദാലങ്കാരപ്രധാനങ്ങളായ പ്രബന്ധങ്ങൾ നമ്പ്യാരവർകളിൽനിന്നും പ്രചരിച്ചിട്ടുണ്ടോ എന്നു സംശയമാണ്.

അനവദ്യ വിദ്യാസ്വരൂപമായ കടത്തനാട്ട് രാജസ്വരൂപത്തിലെ സാഹിത്യകലാവിലാസം പൈതൃകാവകാശദ്വാരാ മഹാകവി കുഞ്ഞുണ്ണിക്കുറുപ്പവർകളിൽ സംക്രമിച്ചതോടുകൂടി മരുമക്കത്തായ പദ്ധതിക്കനുസരിച്ചു പിൻതുടൎച്ചാവകാശികൾ ആ സ്വത്തിന്മേൽ പരമ്പരയായി കൈകാൎയ്യം നടത്തിപ്പോരുവാനും ഇടയായി. പിൻഗാമികളിൽ എല്ലാംകൊണ്ടും അഗ്രഗണ്യനായിരു

ന്നതു, ശ്രീമാൻ പെറിയ രാമക്കുറുപ്പവർകളായിരുന്നു. ഇതു ഈ പുസ്തകത്തിൻെറ ഒന്നാം പതിപ്പിൻെറ പ്രസ്താവനകൊണ്ടുതന്നെ മനസ്സിലാക്കാം.

തദനുയായികളിൽ സർവ്വഥാ പ്രാഥമ്യം അർഹിക്കുന്നതു ഭാഗിനേയനും ശിഷ്യനുമായിരുന്ന ശ്രീമാൻ കുഞ്ഞുനുക്കുറുപ്പവർകളാണ്. ഇദ്ദേഹം തൻെറ നാടകത്രയത്തിലും, ഖണ്ഡകാവ്യങ്ങളിലും അർത്ഥാലങ്കാരത്തിന്നൊന്നപോലെ ശബ്ദാലങ്കാരത്തിന്നും പ്രാധാന്യം കൊടുത്തിട്ടുണ്ടു്. ഉദാഹരണത്തിന്നു ചില പദ്യങ്ങൾ ഇവിടെ ഉദ്ധരിക്കുന്നുണ്ടു്.

"അമൃതുൾക്കാമ്പൂക്കുലയും
  മധുവൊട്ട വിലസുന്ന ലതകളിൽ പൂക്കുലയും;
ഇൗരഭ്യരസാലവനീ-
  തലമതിൽ വിലസുന്നിതാ! രസാലവനീ"

(വൈദർഭീവാസുദേവം ഭാഷാനാടകം.)

"കണ്ടാൽ പ്രതിഭടരേംട്ടം-
  ഭയങ്കരത്വം പെരുത്തതൻ ഭടരോട്ടം,
ഷൺമുഖനാണമയിലേറി
  ഹുരിപ്പവൻ വരുവതാണിതാണമയിലേറി"

(ഉഷാനിരുദ്ധം ഭാഷാനാടകം.)

"കിഴവനെ യുവാവാക്കും വാക്കും തിലപ്രസവപ്രഭ-
ക്കഴലനുദിനം മൂക്കും മൂക്കും മിനുത്തൊരു ഗണ്ഡവും,
മിഴികളടിയാലാക്കും ലാക്കും തകപ്പൊരു കാറണി-
ക്കുഴലിയിവൾതൻ നോക്കും നോക്കും തരുന്നൊരു
കൌതുകം."

ഹിതഭാ വാരണ! മല്ലേ-
    ഷ്യം, നിന്നധരം, സ്മരാൎത്തി വാരണ മല്ലേ?
ഗതിജിതവാരണ! മല്ലേ-
    ഷുവൊടെതിരായ്ക്കൂട്ടിനില്ക്ക! വാ! രണമല്ലേ.
ശുഭശീലേ! വൻപോലും-
    സുന്ദരനില്ലീത്തരത്തിലേവൻ പോലും,
ഇവനുടെ നേരം പോകും-
    കലിയും ഞാനെന്നുകണ്ടു നേരം പോകും.

വ്രതഭംഗകൃത്യമൊഴിയേ മൊഴിയേ
സതി! ചൊൽകിതോതുകരുതേ കരുതേ,
അധിധന്യരിങ്കൽ വരണേ വരണേ
കൊതി തേ യിതത്ഭുതകൃതീ തകൃതീ.

(അശ്രുമതി ധൎമ്മഗുപ്തം സംഗീത ഭാഷാനാടകം)
ഇങ്ങിനെ ശബ്ദാലങ്കാരധാടിയോടുകൂടിയ പദ്യങ്ങൾ ഇദ്ദേഹത്തിന്റെ കൃതികളിൽ തകൃതിയായിക്കാണാം.

ജനനംകൊണ്ടും ഒരേ ഗുരുവിന്റെ ശിഷ്യത്വം കൊണ്ടും കുഞ്ഞികൃഷ്ണക്കുറുപ്പിൽ കുടിപാൎത്തിരിക്കുന്ന കുഞ്ഞനുക്കുറുപ്പിന്റെ സാഹോദൎയ്യം, പ്രാസപ്രധാനമായ കവനശൈലിയാലും പ്രത്യക്ഷപ്പെടുന്നുണ്ട്.

ഭാവപുഷ്ടിക്കുടവുതട്ടാതെ ശബ്ദമാധുൎയ്യധോരണിയോടുകൂടി കേരളാരാമംപരക്കേ പറന്നുകളിക്കുന്നകുഞ്ഞികൃഷ്ണക്കുറുപ്പിന്റെ കവനകോകിലത്തിന്റെ ഗീതം ആസ്വദിക്കാത്ത സഹൃദയന്മാർ ദുൎല്ലഭമാണെങ്കിലും, ചില

ഇതരപ്രബന്ധങ്ങളിലെ ഒന്നുരണ്ടു പദ്യങ്ങൾ ഇവിടെ ഉദ്ധരിക്കുന്നതു സന്ദർഭോചിതമായിരിക്കുമെന്നു വിശ്വസിക്കുന്നു.

ഹാ! ഹാരം ഭാരമെന്നോർത്തിത! മഹിയിലെറി-
ഞ്ഞിട്ടു കഷ്ടം കഴിഞ്ഞി-
ല്ലാഹാരം, ഭാസുരാംഗം വെയിലതിലുഴലും-
മല്ലവല്ലിക്കു തുല്യം.
ദ്രോഹാരംഭാതിദക്ഷൻ സ്മരനുടെ ശരമേ-
ററത്രെ മോഹിച്ചുതിപ്പോൾ
ഹാ! ഹാ! രംഭാദിദേവീജനമടിപണിയേ-
ണ്ടുന്നൊരെൻ ഭാഗ്യലക്ഷ്മി.
(ദേവയാനീചരിതം സംഗീത ഭാഷാനാടകം)

വിരഹാതുരയായ നായികയേ, നായകൻ നിർവ്വർണ്ണിക്കുന്ന നിലയാണ് മേൽ പറഞ്ഞ പദ്യം കാണിക്കുന്നതു.

"ഫലിതമൊഴി പറവതിനു പാടവം കൂട്ടുന്ന-
പൈങ്കിളി തൻകുലത്തിങ്കുലേത്തിങ്കളേ!!"
(ദ്രാവിഡവൃത്തത്തിലെഴുതിയ കടാങ്കോട്ടു മാക്കം
മദ്ധ്യഖണ്ഡം

"പതിവാക്കീ കുലസ്ത്രീകൾ
പതിവാക്കിലിരിപ്പിനേ;"
.................................
.................................
"കരയരുതു കുമാര! നിൻ മനോജ്ഞത-
ക്കരളുഴലിങ്ങു കഠോരവജ്രപാതം,

കരകവിയു മമേയ്ഭാഗ്യരത്നാ-
കരമതിൽ നീ മമ ചാരുചന്ദ്രബിംബം."

(ബാല്യഗോപാലൻ സംഗീതഖണ്ഡനാടകം)

ഇത്തരം ഫലിതങ്ങളായ പദ്യങ്ങളേ സൌകര്യപ്പെട്ടന്നേടത്തോളം ശബ്ദസൌന്ദൎയ്യം മുൻനിൎത്തി പ്രയോഗിക്കുന്ന 'പതിവു' കുരുപ്പിന്റെ കൎത്തൂലികക്കു പ്രത്യേകിച്ചുള്ള ഒന്നാണ്.

എന്നാൽ മഹാകാവ്യങ്ങളുടെ മാമൂലിന്നനുസരിച്ചു ഉമാകേരളാദി മഹാകാവ്യങ്ങളിലെ ചില സൎഗ്ഗങ്ങൾ പ്രാസപ്രധാനങ്ങളായി രചിച്ചിട്ടുണ്ടെങ്കിലും, സംസ്കൃതഭാഷാദേവിക്കു 'യുധിഷ്ഠിരവിജയാ'ദി കാവ്യങ്ങളെന്നപോലെ, ആമൂലശിഖം ശബ്ദാലങ്കാരമയമായ ഒരു പ്രത്യേക പ്രബന്ധഹാരം കൈരളിക്കണിവാനിടവന്നിട്ടുണ്ടെങ്കിൽ, അതു ഈ 'കാളിയമൎദ്ദനം' മണിപ്രവാളയമകകാവ്യമാണെന്നു പറയുന്നതു എന്റെ അറിവിൽ പെട്ടേടത്തോളം വാസ്തവമാണ്. ഈ മണിപ്രവാളയമകത്തിലെ കഥാവസ്തു ഭാഗവതാന്തൎഗ്ഗതമായ കാളിയമൎദ്ദനം ആണ്. മൂലഗ്രന്ഥത്തെ അടിസ്ഥാനപ്പെടുത്തി രചിച്ചിട്ടുള്ള ഇതിലെ ഇതിവൃത്തം, രസം മുതലായവ വിശദവിശ്രുതങ്ങളാകകൊണ്ടു ഒരു പ്രത്യേക നിരൂപണത്തിന്നൊരുങ്ങുന്നില്ല.

പ്രബന്ധം ശബ്ദാലങ്കാരപ്രധാനമായിരിക്കെ പ്രാസപ്രതീക്ഷനിമിത്തം അൎത്ഥാലങ്കാരത്തിന്നു വൈകല്യം

സംഭവിപ്പാനിടയുണ്ടെന്നു വരുന്നാപക്ഷം ഗ്രന്ഥത്തെ സംബന്ധിച്ചേടത്തോളം ആ ആക്ഷേപം എത്രകണ്ടു വിലവെക്കത്തക്കതാണെന്നു പരിശോധിക്കാം.

"നളിനാളി ജാര, നളി, നാളിലിപ്പൊഴെൻ-
വരവാണി തെന്നാ വരവാണി ചൊൽകവേ;
മധുതന്നാവാപ്പി മധുതന്നണച്ചിട്ടും
പതിവന്നു മാൻ പതിവന്നുദിക്കവേ."

പ്രഭാതവണ്ണനാരൂപത്തിലുള്ള ഈ ശ്ലോകത്തിലെ വ്യംഗ്യചമൽക്കാരത്തിന്നു യമകപ്രാസം പ്രസാദം വദ്ധിപ്പിക്കുകയാണല്ലോ ചെയ്തിട്ടുള്ളതു്.

"ഉദ്ധ്വൻപദവിശ്വാസം-
വലിയാമ്പോൾ പൂണ്ടു വിഷ്ണു പദവിശ്വാസം,
ബഹുമദ ചിത്തതത്തേ-
'ഭോഗി'വെടിഞ്ഞാശ്രയിച്ചു ചിത്തതത്തേ".

ഭോഗി=സപ്പം, വിഷയി=അത്ഥശ്ലേഷാത്മകമായ ഈ പദ്യത്തിൽ ക്ലിഷ്ടാത്ഥതാദിദോഷങ്ങൾ ഒന്നും ബാധിക്കാതെ ഉദ്ദേശസാദ്ധ്യം പൂണ്ണമാക്കിച്ചെയ്തിട്ടുണ്ടെന്നുള്ളതു അനുഭവൈകവേദ്യമാണ്. എന്നുമാത്രമല്ല; ബാലഗോപാലാദി ഇതരകൃതികളിലെന്നപോലെ ബാല്യകാലത്തിൽ രചിപ്പാനിടവന്ന യമക പ്രാസനിഷ്കൃഷ്ടയോടുകൂടിയ ഈ കാവ്യത്തിൽപോലും തെളിഞ്ഞുകാണുന്ന ഗ്രന്ഥകത്താവിൻെറ നിസർഗ്ഗസിദ്ധമായ ഭക്തിരസം, തൻെറ കവനത്തിന്നു വിഷയമാക്കിയ ഹരിപരമായ ഈ കഥയും പ്രത്യേകം വിശദമാക്കുന്നുണ്ടു്.

"........രന്ധ്രപ്രതീക്ഷ നായോ നരിയോ."

ഇത്യാദി സദാചാരവാക്യങ്ങളും ഈ സന്ദർഭത്തിൽ വിസ്തരിക്കാവുന്നതല്ല. ചുരുക്കി പറയുന്നതായാൽ കഥാഗതിക്ക് വക്രതയോ ഭാവപുഷ്ടിക്ക് ഗോഷ്ടിയോ കൂടാതെ ശബ്ദങ്ങളേക്കൊണ്ടു "സക്സ്സ്" നടത്തുന്നതു "ചെപ്പിടി" വിദ്യയാണെന്നു ചിലർ അപലപിക്കാനിടവന്നുപോയിട്ടുണ്ടെങ്കിൽ ആയതു കേവലം പക്ഷപാതജന്യമായ അഭിപ്രായമാണെന്നു ഗണിക്കേണ്ടിയിരിക്കുന്നു.

മഹാകവി കേരളവ്യാസൻ ഏതൽ ഗ്രന്ഥം വായിച്ചുതീൎന്ന ഉടവെ ആശ്ചര്യപരതന്ത്രനായി.

"ഇങ്ങിനെയൊപ്പിച്ചില്ലേ!!

കവിഹൃദയം ധാടിയോടുമൊപ്പിച്ചില്ലേ'!!'

ഇത്യാദിപദ്യങ്ങളെക്കൊണ്ടു കുറുപ്പിനെ സാനന്ദം അഭിനന്ദിപ്പാൻ ഇടയാക്കീട്ടുള്ള ഈ യമകകാവ്യം മലയാളഭാഷാ ഭണ്ഡാരത്തിലേക്കു ഒരമൂല്യ സ്വത്താണെന്നു പറയുന്നതു അഭിജ്ഞന്മാരായ ഏതു സഹൃദയന്മാരും സമ്മതിക്കാതിരിക്കയില്ല.

വിദഗ്ദ്ധജനശ്ലാഘ്യങ്ങളായ പല ഖണ്ഡകാവ്യങ്ങളുടേയും, വിശിഷ്യ "നാടകാന്തം കവിത്വം" എന്ന ആപ്തവചനത്തെ ആസ്പദമാക്കിക്കൊണ്ടുള്ള ലക്ഷണസമ്പന്നങ്ങളായ മൂന്നിലധികം നാടകങ്ങളുടേയും കൎത്താവായ കുറുപ്പവർകൾ നഗരാൎണ്ണവാദിവൎണ്ണനങ്ങളോടുകൂടിയ ഒരു

കാവ്യം രചിച്ചിട്ടില്ലെന്നുള്ള കുററത്തെ പരിഹരിപ്പാൻ ഈ യമകകാവ്യം പര്യാപ്തമായിട്ടുണ്ടെന്നാണ് എൻെറ വിനീതമായ അഭിപ്രായം. ഈ അഭിപ്രായഗതിക്കനുസരിച്ചു തന്നേയാണ് "സ്വാഭിമാനി"യിൽ ഞങ്ങഠം പലേ സന്ദർഭങ്ങളിലും കരുപ്പവർകളേ 'മഹാകവി' ശബ്ദത്തിൽ നിർവ്വചിച്ചു പോന്നതു്.

അത്രയുമല്ല; ഈ ഗ്രന്ഥത്തിൻെറ ഒന്നാം പതിപ്പ് കൈപ്പററിയ അവസരത്തിൽ 'മലബാറി' പത്രാധിപരായിരുന്ന സുപ്രസിദ്ധകവി വി. സി. ബാലകൃഷ്ണപ്പണിക്കരവർകഠം അയച്ച കത്തിലെ:—

കിട്ടീ പദ്യങ്ങളും ബുക്കും
തട്ടീടാതതു നോക്കി ഞാൻ,
ഒട്ടീഷലില്ല നന്നായീ,
മട്ടീജാതി മനോഹരം!!
  പുസ്തകം പാർത്തഭിപ്രായ-
  മസ്തശങ്കം മഹാകവേ!
  വിസ്തരിച്ചെഴുതാം, സാധു-
  മസ്തകോത്തം സരത്നമേ!

മേൽ കാണിച്ച പദ്യങ്ങളാൽ അക്കാലത്തുതന്നേ നിർമ്മത്സരബുദ്ധിയായ ജനതതിയിൽനിന്നും 'മഹാകവിപദവി' സിദ്ധിച്ചിട്ടുള്ള ഗ്രന്ഥകർത്താവവർകളേ അസൂയാലുക്കഠം മാത്രമാണ് അന്യഥാ വിവക്ഷക്കിടവരുത്തുന്നതെന്നു മാത്രമേ അതിനേ സംബന്ധിച്ചേടത്താളം ഞങ്ങഠംക്കു പ്രസ്താവിക്കാനുള്ളു.

യമകപ്രാസഭംഗിയാൽ സാധാരണന്മാക്ക അത്ഥഗ്രഹണത്തിന്ന നേരിട്ടേക്കാവുന്ന ബുദ്ധിമുട്ടുകളെ പരിഹരിക്കത്തക്കവണ്ണം ഇതിന്നൊരു വ്യാഖ്യാനം എഴുതീട്ടുള്ള ശ്രീമാൻ കെ. സി. യൻ. വാഴുന്നവരവർകളോടുള്ള നന്ദികൂടി ഈ സന്ദർഭത്തിൽതന്നെ പ്രസ്താവിച്ചുകൊള്ളട്ടെ.

ശബ്ദാലങ്കാര പ്രസ്ഥാനത്തിൽ പ്രാഥമ്യം വഹിച്ചിട്ടുള്ള ഈ പ്രബന്ധത്തിനെ പിന്തുടൎന്നുകൊണ്ടു അനേകം സൽഗ്രന്ഥങ്ങൾ കുറപ്പവർകളിൽനിന്നെന്നപോലെ അന്യ മഹാ കവികളിൽനിന്നും ഉത്ഭവിച്ചു ഭാഷാദേവിയെ സവിശേഷം അലങ്കരിക്കുമാറാകട്ടെ എന്നാശംസിച്ചുംകൊണ്ടു ഈ ഗ്രന്ഥത്തെ സജ്ജനസമക്ഷം അവതരിപ്പിച്ചുകൊള്ളുന്നു.

പ്രസാധകൻ,

കൂടാളി,
30-10-1930

കെ. ടി. പത്മനാഭൻ നമ്പ്യാര
(സ്വാഭിമാനി മാനേജർ)

# കേരളവൎമ്മ,

സി. എസ്. ഐ, ആണററി എഫ്. എം. യു;
എം. ആർ. ഏ. എസ്സ്; എഫ്. ആർ. ഹി എച്ച്.
എസ്സ്; എം. ഇ. ഐ. എ, എഫ്. എൻ.
ബി. എ; എം. ആർ. എസ്സ്. എ.

വലിയ കോയിത്തമ്പുരാൻ തിരുമനസ്സിലെ

അഭിപ്രായം. തിരുവനന്തപുരം,

൧൦൭൫ മകരം ൧-ാംനു-

കഴിഞ്ഞ കന്നി ൩-ാംനു- നിങ്ങൾ അയച്ച ശ്ലോകരൂപമായ വിചിത്രപത്രവും "കാളിയമൎദ്ദനം" എന്ന മണിപ്രവാള യമക കാവ്യത്തിന്റെ ഒരു പ്രതിയും കിട്ടി. നാലു മാസംവരേയായിട്ടും അതു മുഴുവൻ ഒരാവൃത്തി വായിച്ചു നോക്കുന്നതിന്നും ഈ മറുവടിയയയ്ക്കുന്നതിന്നും ഇതിനു മുമ്പിൽ സാധിച്ചിട്ടില്ലല്ലോ എന്നു സാമാന്യത്തിലധികം ഞാൻ വ്യസനിക്കുന്നു. ഇതിലെ ആദ്യം ഏതാനും ശ്ലോകങ്ങൾ 'സുജനവിനോദിനി'യിൽ പ്രസിദ്ധപ്പെട്ടുത്തി കണ്ടപ്പോൾതന്നെ ഞാൻ അവയുടെ ചമൽക്കാരത്തെ കുറിച്ചു വിസ്മയിക്കയുണ്ടായി. ഇപ്പോൾ ഇതിന്റെ നാലു സർഗവും ആകപ്പാടെ ഒരിക്കൽ നോക്കിയപ്പോൾ നിങ്ങളുടെ കവിതാചാതുൎയ്യത്തെകുറിച്ചു എനിക്കു മുമ്പിൽതന്നെ ഉണ്ടായിരുന്ന ആശ്ചൎയ്യം ദശഗുണീഭവിച്ചിരിക്കുന്നു. പണ്ടു വാസുപട്ടേരി (യുധിഷ്ഠിരവിജയകൎത്താവ്) ഉണ്ടാക്കിയതായി

"ഇതയിത വാത്തവരുന്നു
വെററിലതിന്നാഞ്ഞെനിക്കു വാത്തവരുന്നു".

ഇത്ത്യാദി ഏതാനും ഭാഷായമക പദ്യങ്ങളല്ലാതെ മറെറാന്നും കേട്ടിട്ടില്ല്യായിരുന്നു. ഇപ്പോൾ നിങ്ങളുടെ പുസ്തകത്തിൻെറ പ്രസ്താവനയിൽ നിന്നും നിങ്ങളുടെ മാതുലനാണ് നിങ്ങൾക്ക് ഈ ഭാഷാരീതിക്കു മാർഗ്ഗദർശിയായിത്തീന്നിട്ടുള്ളതെന്നും അറിഞ്ഞു സന്തോഷിക്കുന്നു. നിങ്ങളുടെ സാഹിത്ത്യവാസന എത്രയും അഭിനന്ദനീയംതന്നെ. നിങ്ങൾക്കു ശ്രേയസ്സിനേയും യശസ്സിനേയും പ്രാത്ഥിച്ചുകൊള്ളുന്നു.

കേരളവമ്മ (ഒപ്പ്.)

(ഒന്നാം പതിപ്പിൻെറ)

# പ്രസ്താവന

“ദലിതാഞ്ജനനീലാഭ-
സ്കന്ധ! നവസ്യോമമാദ്യ ജനനീലാഭഃ
ജന്മസതാവല്ലഭതേ
കാരുണ്യം യത്ര ഗിരിസുതാവല്ലഭ! തേ.”

ഇങ്ങിനെ “യുധിഷ്ഠിരവിജയം,” “നളോദയം” മുതലായ യമകകാവ്യങ്ങളിലും ‘മാഘകവി’ കൃതമായ ‘ശിശുപാലവധം’ തുടങ്ങിയുള്ള മഹാകാവ്യങ്ങളിൽ ചില സന്ദർഭങ്ങളിലും അസാമാന്യയായ വാസനാശക്തിയിൽനിന്നു ആവിർഭവിച്ച ശബ്ദാലങ്കാരസുഖം സംസ്കൃതസാഹിത്യവിത്തുകൾക്കു അനുഭവസിദ്ധമാണെന്നു പ്രത്യേകം പ്രസ്താവിക്കേണമെന്നില്ല. ഈ പദ്ധതിയെ അനുസരിച്ചു കുറഞ്ഞുകാലത്തിന്നിടയിൽ കാലഗതിയെ പ്രാപിച്ചുപോയ വൈദ്യശിരോമണിയും ഒരു മഹാകവിയും എൻെറ മാതുലനും ആയ കുട്ടമത്ത് കുന്നിയൂര് ചെറിയ രാമക്കുറുപ്പവർകൾ എന്ന മഹാൻെറ സംസ്കൃതകൃതികളായിട്ടു അനേകം ഗ്രന്ഥങ്ങളുണ്ട്. അവിടത്തെ “സർവ്വഗരളപ്രമോചനം” എന്ന വിഷവൈദ്യതന്ത്രം ഒഴികെ “സുഭദ്രാഹരണകാവ്യം” “ഗോപാലകേളി, ഗോവിന്ദശതകം” ഇത്യാകളിലും ശബ്ദാലങ്കാരപ്രയോഗം അതിമധുരമായി പ്രകാ

ശിപ്പിക്കാതിരുന്നിട്ടില്ല. അവിടുന്നു കേവലം യമകപദ്ധതിയെ അനുസരിച്ചുണ്ടാക്കിയ കാവ്യങ്ങൾ "സീതാസ്വയംബരവും രുഗ്മിണീസ്വയംബരവും" ആകുന്നു. ഇതുകളിൽ ചില ശ്ലോകങ്ങൾ താഴെ ചേർക്കാം.

"ആസേവേമഹിമധുരം
സദാ മുകുന്ദം പരോദയന്മഹിമധുരം
ഹാടകരുചി പടലസിതം
സ്മിതം ദധാനം ശശിപ്രഭാപടലസിതം".

(സീതാസ്വയംബരം)

"മാം നതസുരസംസദയം
വിദധാതു നിജാംഘ്രി പത്മദാസംസദയം
കംസാദിസ്മയഭൃന്നാം
ജഗതീം യഃ പാതിനായകഃ സ്മയഭൃന്നാം."

*　　*　　*　　*　　*　　*　　*

"ബഹുമണി സാരസമുദ്ര-
സ്ഫുരൽ പുരോയഃ കരാത്ത സാരസമുദ്രഃ
യഃ ശ്രുതി ഗതശങ്കലയ-
സ്ഥാനാത്മാനം മനസ്ത്വമീശംകലയ."

(രുഗ്മിണീസ്വയംബരം)

അവിടുന്നും മണിപ്രവാളരീതിയിൽ എഴുതിയ ഗ്രന്ഥങ്ങൾ അ കാലങ്ങളിൽ അധികം പ്രചാരം ഉണ്ടായിരുന്നതു് ചില ആട്ടക്കഥകളും ഓട്ടം തുള്ളലുകളും ആണ്.

"സച്ചിൽ സാന്ദ്രപ്രകാശാകൃതികൃതിതതിഭി-
ശ്ശുശ്വദാശ്രീയമാണം
ലക്ഷ്മീ ലീലാനിധാനം ലഗദരിദര-
കൌമോദകീ പത്മദോഷ്ണം
യദ്വസ്തു ക്ലേശമുച്ചൈശ്ചിത്തിജഭരകൃതം
തത്തുദേവോപചികീഷൻ
പുത്രത്വം പ്രാപശൌരേഃ കൃതദൃഢവസതെ-
സ്സാരതതേ്വരതത്വെ."

(കേശികവധം (കഥകളി)

ഈവിധം ആട്ടക്കഥകളിലും മിക്ക ശ്ലോകങ്ങളിൽ യമക പ്രാസം പ്രയോഗിച്ചിട്ടുണ്ട്. അവിടുത്തെ ശിഷ്യസ്ഥാനം ഞാൻ വഹിച്ചു പാദശുശ്രൂഷ ചെയ്തുവന്നകാലത്തായിരുന്നു അവിടുന്നു രുഗ്മിണീസ്വയംബരം യമകകാവ്യം നിമ്മിച്ചതു്. നിരർഗ്ഗളമായി പ്രവഹിച്ചുകൊണ്ടിരിക്കുന്ന വാണീപ്രസാദത്താൽ പതിനഞ്ചും ഇരുപതും ശ്ലൂ കങ്ങൾ ഒരു ദിവസം ഉണ്ടാക്കുന്നതിൽ അവിടുത്തേക്കു സാഹസമുള്ളതായി ഞാൻ കണ്ടിട്ടില്ല. എന്നാൽ അപ്പഴപ്പോൾ ഉണ്ടാക്കിയ ശ്ലോകങ്ങൾ എല്ലാം അവിടുന്നു എന്നെക്കൊണ്ടുതന്നെ എഴുതിക്കുകയും കവനരീതിയെ എനിക്കുപദേശിക്കുകയും ചെയ്യുക പതിവായിരുന്നു. ആ കാലത്തുതന്നെ മണിപ്രവാളരീതിയിൽ ഒരു യമകഗ്രന്ഥം എഴുതേണമെന്നു എനിക്കു ഒരു ആഗ്രഹം ജനിക്കുകയും ചില ഒററയൊററ ശ്ലോകങ്ങൾ ഉണ്ടാക്കുകയും ചെയ്തിട്ടുണ്ടു്. സഹൃദയന്മാക്കു ഹൃദയാനന്ദജനകമായ ഒരു

ഗ്രന്ഥം നിമ്മിക്കത്തക്കവണ്ണം പാണ്ഡിത്യമോ കവിതാ വാസനയോ എനിക്കു സിദ്ധിച്ചിട്ടില്ലെന്നു നിസ്സംശയം പറയാവുന്നതാണ്. എങ്കിലും കവിയശസ്സിൻെറ അത്യാഗ്രഹത്താലും എൻെറ ഗുരുവരൻെറ അനുകമ്പയാലും രചിതമായ എൻെറ ഈ ചെറിയ പുസ്തകത്തിൽ അല്പജ്ഞതയാൽ സംഭവിപ്പാനിടയായിവരുന്ന സ്ഖലിതങ്ങളെ എന്നിൽ അനുഗ്രഹബുദ്ധ്യാ സാധൂകരിപ്പാൻ നിമ്മത്സരന്മാരായ പണ്ഡിതശിരോമണികളോടു ഭയഭക്തിപൂരസ്സരം ഞാൻ അപേക്ഷിക്കുന്നു.

ഇതിൽ ഒന്നാം സർഗം "സുജനവിനോദിനി"യിൽ പ്രസിദ്ധപ്പെടുത്തീട്ടുണ്ട്. ആ ശ്ലോകങ്ങളിലും ഇപ്പോൾ ചിലതു പരിഷ്കരിച്ചു ഭേദപ്പെടുത്തിയിരിക്കുന്നു.

എന്നു, ഗ്രന്ഥകത്താവ്,

കുഞ്ഞികൃഷ്ണക്കുറുപ്പ്

# കാളിയമർദ്ദനം

മണിപ്രവാള യമകകാവ്യം

## ഒന്നാം സർഗം

ഹരിഃ ശ്രീ ഗണപതയെ നമഃ

൧. പാലയ മാമലമങ്കേ
ഗണപതിതന്നേ ധരിച്ച മാമലമങ്കേ!
തവപദനിലയേ വിലയേ-
റീടുന്നതു, "കൃഷ്ണഭദ്രേ" നിലയേ വിലയേ

## വ്യാഖ്യാനം

---

"വാക്യാർത്ഥബോധിനി"

—:—

### മംഗളം

൧ കൃഷ്ണകവിപ്രവരകൃതേയ്യമകാലങ്കാര ചാരുരൂപായാഃ
കാളിയമർദ്ദനാഖ്യായാഃ ക്രിയതേ "വാക്യാർത്ഥബോ
ധിനീ"വ്യാഖ്യാ

൨. യമകിത ഗോപാവനയാ
കഥയാ ഭൂയോനുഗീതഗോപാവനയാ
സൽകൃതി കാമാനനയാ
കലയത കലിതാർത്ഥഗീതി കാമാനന്ദയാ.

---

വ. ശങ്കരി! സരസം കലയേ
സകലവുമിപ്പാദപത്മദാസങ്കലയേ!
കനിവൊടു മായേ! തായേ
യെന്നാൽ ജന്മം കൃതാൎത്ഥമായേ തായേ!

---

കാവ്യാരംഭത്തിൽ കൎത്തവ്യതേന വിഹിതങ്ങളിൽ ഒന്നായ ഇഷ്ടദേവതാ ഗുരുപ്രാൎത്ഥനയെ, ഏഴു ശ്ലോകങ്ങളിൽ നിൎവ്വഹിക്കുന്നു.

ശ്ലോകം 1—അങ്കേ=മടിത്തട്ടിൽ, ഗണപതിതന്നെധരിച്ച=മകനായ വിഘ്നേശനെ വഹിക്കുന്ന, മാമകമങ്കേ!=ശ്രീ പാൎവ്വതി!, മാം=എന്നെ, അലം=അന്യൂനമാംവണ്ണം, പാലയ=രക്ഷിക്കേണമേ! വിലയേ=ലയമില്ലാത്തതായ, ലയമില്ലാതിരിക്കുന്നവളേ! എന്ന സംബുദ്ധി (ലയം=നാശം) "കൃഷ്ണഭദ്ര" നിലയേ=കുട്ടമത്ത് ക്ഷേത്രത്തിൽ (കൃഷ്ണഭദ്രം=കൃഷ്ണമംഗലം, കൃഷ്ണമംഗലത്ത് അതായത്, കുട്ടമത്ത്) തവ=നിന്തിരുവടിയുടെ, പദനിലയേ=പാദസാന്നിദ്ധ്യമേ, വിലയേറീടുന്നു=നാശമില്ലാത്തതായിരിപ്പാനും മററു അഭിവൃദ്ധികൾക്കും കാരണമായിരിക്കുന്നതും, "കൃഷ്ണഭദ്രനിലയേ" എന്നത് കൃഷ്ണഭദ്രമാകുന്ന നിലയത്തോടുകൂടിയവൾ എന്നൎത്ഥത്തിൽ സംബുദ്ധ്യന്തമായിട്ടും, വിലയേ, എന്നതിന്നു അന്തകാലത്തിൽ എന്നൎത്ഥമായിട്ടും, നില എന്നതിന്നു അമാത്യമെന്നൎത്ഥമായിട്ടും മററും ഉത്തരാൎദ്ധത്തെ വേറെവിധത്തിലും വ്യാഖ്യാനിക്കാം.

ശ്ലോ. 2—അയേ! = അല്ലയോ, ശങ്കരി!= മംഗളകാരിണി!, മായേ!=മായാസ്വരൂപിണി!, തായേ!=ജനനി!, ഇപ്പാദപത്മദാസൻ കൽ=ഭവതിയുടെ പാദപത്മദാസനായ ഇവനായിക്കൊണ്ട്, കലയേ സകലം=സകല കലകളേയും, സരസം=സാരസ്യപൂൎണ്ണമാകുംവണ്ണം

൩. നിയതം രംഭാ, രതി, നീ-
രജാക്ഷി ശചിയും നമിച്ചിടും ഭാരതി! നീ
ഭക്തരിലലമൊഴിവാണീ-
നരനെന്നോക്കായ്ക, നൽക മധുമൊഴിവാണി!

൪. അഴലത്തു കണ്ണാടിക്കും
നൽകും കവിളും നതേഷു കണ്ണാടിക്കും
കളികളുമോടക്കുഴലും
കാണണമജ! നല്ലോരാട്ടമോടക്കുഴലും

---

കനിവൊടു = സദയം, തായെ = തന്നാലുമെ, എന്നാൽ = അങ്ങിനെ ചെയ്താൽ, ജന്മം = എന്റെ ജന്മം, കൃതാർത്ഥമായേ = ചരിതാർത്ഥമായി.

ശ്ലോ. 3—രംഭാ, രതി, നീരജാക്ഷിശചിയും = രംഭയും രതിയും താമരസേക്ഷണയായ ശചീദേവിയും, നിയതം = മുടങ്ങാതെ, നമിച്ചിടും = (സ്വസ്വാഭീഷ്ടസിദ്ധിക്കായി) വന്ദിക്കുന്ന, ഭാരതി! = വാഗ്ദേവതേ!, മധുമൊഴി = സരസവചനങ്ങളെ, നൽക = തരിക.

ശ്ലോ. 4—അജ! = അല്ലയോ ജനനമില്ലാത്തവനായ ശ്രീകൃഷ്ണഭഗവാനെ!, കണ്ണാടിക്കും = ദർപ്പണത്തിനുപോലും, അഴലത്തു = (അത്ര സ്വച്ഛമായില്ലല്ലോ എന്ന) വിഷാദത്തെ, നൽകും = കൊടുക്കുന്ന, കവിളും = കപോലവും, നതേഷു = ഭക്തരിൽ, കണ്ണ്, ആടിക്കും, കളികളും = കടാക്ഷവീക്ഷണം ചെയ്തുകൊണ്ടുള്ള ലീലാവിശേഷങ്ങളും, ഓടക്കുഴലും, നല്ലോരാട്ടമോട് = (ഇളങ്കാററിൽ മനോഹരമാംവണ്ണം ഇളകുന്ന) അക്കുഴലും = ആ കേശഭാരവും, കാണണം.

൫. സുഖമതുവരുമാറിടവും
വലവും നാലായുധങ്ങൾ, നിന്മാറിടവും
കൌസ്തുഭ വനമാല, കലേ- .
ശാനന! രമയും ഹരിക്കണം മാലകലേ.

൬. വന്ദിപ്പോർക്കഴൽകളയും-
കൃഷ്ണ! സുരന്മാർ തൊഴുന്ന നിൻകഴൽകളയും;
തൊഴുതേൻ ശോകമലത്തെ
പോക്കിഗമിച്ചാലുമെന്റെ ഹൃൽക്കമലത്തെ.

---

ശ്ലോ. 5—കലേശാനന! = ചന്ദ്രനെപ്പോലെ ആനന്ദപ്രദമായ മുഖത്തോടുകൂടിയ ഭഗവാനേ!, ഇടവും, വലവും = നിന്തിരുവടിയുടെ ഇടത്തെ കയ്യിലും വലത്തെ കയ്യിലും ഉള്ള, നാലായുധങ്ങൾ = ചക്രാദി നാലായുധങ്ങളും, നിന്മാറിടവും = നിന്തിരുവടിയുടെ വക്ഷസ്ഥലവും, കൌസ്തുഭ വനമാല = കൌസ്തുഭത്തെയും, വനമാലയും, രമയും = ലക്ഷ്മീദേവിയും, സുഖമതുവരുമാറ് = സുഖമുണ്ടാകുംവണ്ണം, മാല് = ദുഃഖത്തെ, അകലെ = ദൂരെ, ഹരിക്കണം = കളയണം.

ശ്ലോ. 6—വന്ദിപ്പോർക്ക് = വന്ദിക്കുന്നവർക്ക്, അഴൽ = ദുഃഖത്തെ, കളയും = ഇല്ലാതാക്കുന്ന കൃഷ്ണ!, സുരന്മാർ തൊഴുന്ന = ദേവന്മാർ വന്ദിക്കുന്ന, നിൻകഴൽകളയും = നിന്തിരുവടിയുടെ പാദങ്ങളേയും, തൊഴുതേൻ = തൊഴുതു; ശോകമലത്തെ = ദുഃഖമാകുന്ന അഴുക്കിനെ, പോക്കി = കളഞ്ഞു, എന്റെ ഹൃൽക്കമലത്തെ; = ഹൃദയപത്മത്തെ; ഗമിച്ചാലും = പ്രാപിക്കുക.

൭. ഗുണമഹിമാതുല! സുമതേ-
ന്മൊഴി തൂകും രാമനായ മാതുല! സുമതേ!
തവപദഭാഗുരുവരമേ-
കാൻ ഞാൻ തൊഴുതേൻ, തുണയ്ക്കണം ഗുരു

൮. ഉലകിനെയുന്നത നയനായ് (വര!മെ
പാലിപ്പാൻ പണ്ടു വിഷ്ണു നന്ദതനയനായ്
സമമതിബലരാമയുതം
ബാലരൊടൊപ്പം വളന്നു ബലരാമയുതം

---

ശ്ലോ. 7—ഗുണമഹിമാതുല! = ഗുണങ്ങളുടെ മഹിമാവുകൊണ്ടു, അതുലനും, = നിസ്തുല്യനും, സുമതേ! = ശോഭനഹൃദയനും, സുമതേന്മൊഴി = പൂന്തേൻപോലെ സരസമായ വചനത്തെ, തൂകും = വർഷിക്കുന്നവനും, രാമനായ = രാമനെന്നു പേരുള്ളവനുമായ, മാതുല = അമ്മാവ!. ഉരുവരം = വലുതായ അനുഗ്രഹത്തെ; ഏകാൻ = തരുവാൻ, തവപദഭാക് = നിന്തിരുവടിയുടെ പാദാശ്രിതനായ, ഞാൻ തൊഴുതേൻ = (നിന്തിരുവടിയെ) തൊഴുതു, മേ ഗുരുവര! = എന്റെ ഗുരുശ്രേഷ്ഠനുമായവനേ, തുണക്കണം = (അനുഗ്രഹിച്ച്) സഹായിക്കണം.

ശ്ലോ. 8—പണ്ട് = മുമ്പൊരിക്കൽ, = ദ്വാപരയുഗത്തിൽ, വിഷ്ണു = വിഷ്ണുഭഗവാൻ, ഉലകിനെ = ലോകത്തെ, ഉന്നതനയനായ് = ഉന്നമിപ്പിക്കപ്പെട്ട നയത്തോടുകൂടിയവനായിട്ടു (അനീതിയെ അകററിയിട്ടെന്നർത്ഥം) പാലിപ്പാൻ = രക്ഷിപ്പാൻവേണ്ടി, നന്ദതനയനായ് = നന്ദഗോപരുടെ മകനായിട്ടു, ബലരാമയുതം = ബലഭദ്രനോടുകൂടി, സമമതിബലരാം, = തുല്യമായ ബുദ്ധിശക്തിയും ദേഹബലവുമുള്ള, അയുതം ബാലരോടു = അനേകം കുട്ടികളോടു, ഒപ്പം ഒന്നിച്ചു, വളന്നു, (അമ്പാടിയിൽ),

൯. ദയയാന്ന്,ന്നന്നിലയേ
ശാസിക്കും ശൌരി വാണ നന്ദൻനിലയേ
അംബുധിതൻ നന്മകളേ-
ററവുമേററിച്ചൊല്ലേഴുംവിധം നന്മകളേ.

൧൦. അരയാൽതറ, വാടികളും
വഴിയിൽ സുലഭം മികച്ച തറവാടികളും
ഒക്കാത്ത കരാറില്ലാ
പാർക്കുകിലൊന്നിന്നുമന്നു തകരാറില്ല.

---

ശ്ലോ. 9—അന്നന്ന് = അപ്പഴപ്പോഴ്, ദയയാന്ന് = ദയ യൊകൊണ്ടു, ഇല (ള)യെ = ഭൂമിയെ, ശാസിക്കും = രക്ഷിക്കുന്ന, ശൌരി = മഹാവിഷ്ണു, വാണ = വസിച്ച, നന്ദനിലയേ = നന്ദഗോപരുടെ നിലയത്തിൽ = രാജ്യത്തിൽ (ഗോകുലത്തിൽ) അംബുധിതൻനന്മകൾ = മഹാലക്ഷ്മി, നന്മകളെ = മംഗളങ്ങളെ, ചൊല്ല് = കീർത്തി, യേഴുംവിധം = ഉണ്ടാകുംവണ്ണം, ഏറവും = വളരെ, ഏററി = വർദ്ധിപ്പിച്ചു

ശ്ലോ. 10—നന്മകളെ വിവരിക്കുന്നു. വഴിയിൽ = മാർഗ്ഗങ്ങളിൽ, അരയാൽതറ = (യാത്രക്കാർക്കു വിശ്രമിക്കുവാൻ) അരയാൽ തറകളും, വാടികളും = തോട്ടങ്ങളും, മികച്ച = സൽഗുണ സമ്പൂർണ്ണന്മാരായ = അന്നദാനാദി ചെയ്യുന്ന; തറവാടികളും പ്രഭുക്കന്മാരും, സുലഭം = ധാരാളമുണ്ടു; (ആ പ്രദേശങ്ങളിൽ) ഒക്കാത്ത = ഉഭയകക്ഷികളും അനുസരിക്കാത്ത, കരാറ്, കാര്യനിർണ്ണയം, ഇല്ലാ = ഇല്ല, പാർക്കുകിൽ = വാസ്തവത്തിൽ എന്നർത്ഥം, അന്ന്, തകരാറ് = ദോഷം, ഒന്നിന്നും, ഇല്ല.

൧൧. മാവും തെങ്ങും പനസ-
ഞ്ചയവും ക്രമുകങ്ങളുണ്ടിതെങ്ങും പനസം.
വേലയ്ക്കുലയും, കായും,
ജന, മതിനാലുണ്ടു, നല്ല കുലയും കായും.

൧൨. നില്ക്കുന്ന പരിദേവന ദീ-
നത്വമില്ലത്ര നിത്യവും ദേവനദീ
അംഭോവരവക്കാലം-
ബിപ്പതു പോലുണ്ടു വിത്തവരവക്കാലം.

---

ശ്ലോ. 11—മാവും = മാവുകളും, തെങ്ങും = തെങ്ങുകളും, പനസഞ്ചയവും = പനക്കൂട്ടങ്ങളും, ക്രമുകങ്ങൾ = കവുങ്ങുകളും, പനസം = പിലാവുകളും, എങ്ങും = എല്ലായിടത്തും, ഉണ്ടിതു = ഉണ്ട്, ജനം = ആളുകൾ, വേലയ്ക്കു = പ്രയത്നങ്ങളിൽ, ഉലയും = ഇളകുകയും, കായും = ഉഷ്ണിക്കുകയും ചെയ്യും, അതിനാൽ നല്ല കുലയും = അധികം കായുള്ള കുലകളും, കായും = വലിപ്പവും ഗുണവുമുള്ള കായകളും ഉണ്ട്.

ശ്ലോ. 12—അത്ര = ഇവിടെ, നില്ക്കുന്നപരിദേവനദീനത്വവും = നില്ക്കുന്നപരിദേവനവും = ദരിദ്രന്മാരുടെ നിലവിളിയും, ദീനത്വവും = രോഗബാധകളും ഇല്ല; വിത്തവരവ് = ധനത്തിന്റെ ആയം, ദേവനദീ = ഭാഗീരഥി, അംഭോവരവക്ക് = സമുദ്രതീരത്തെ, ആലംബിപ്പതുപോൽ = അവലംബിക്കുന്നതുപോലെ, (അത്ര ധാരാളമായി) ആ കാലം നിത്യവും, ഉണ്ട്

ഛന്ദ. പണമത്തു ചിലവാക്കില്ലാ
തുമ്പില്ലാതേ കട്ടത്ത ചില വാക്കില്ലാ
പണ്ഡിതവര കവി ചാര-
ന്മാരോട്ടം പ്രഭുജനാവനൈകവിചാരൻ.

ഛർ. ഇല്ലഴൽവരുമടവാക്കും
സത്ഭക്തിയുമുണ്ടു നന്ദനനും മടവാക്കും
വിപ്രരിൽ വല്ലവി പത്തും
നൂറും പണമേക,മില്ല വല്ല വിപത്തും

---

ശ്ലോ. 13—പ്രഭു = രാജാവ് (നന്ദഗോപൻ) പണമത്തു = പണത്തെ തുമ്പില്ലാതെ = വിവേചനകൂടാതെ–അനാവശ്യമായി; ചിലവാക്കില്ല = ചിലവ് ചെയ്യുകയില്ല; ചില, കട്ടത്ത, വാക്ക് ഇല്ല; = പരുഷവാക്കുകൾ പറകയില്ലെന്നർത്ഥം, പണ്ഡിതവരകവിചാരന്മാരോട്ടം = പണ്ഡിതവരന്മാരോട്ടം കവികളോട്ടം ചാരന്മാരോട്ടും (ചേന്നാലോചിച്ചു) ജനാവനൈകവിചാരൻ = ജനങ്ങളുടെ അവനത്തിങ്കൽ = രക്ഷണത്തിങ്കൽ, ഏകവിചാരൻ = സമം സശ്രദ്ധൻ; (ആകുന്നു)

ശ്ലോ. 14—അഴൽ = ദുഃഖം, വരും = വരുന്ന, അടവ് = സമ്പ്രദായം, ആക്കും, ഇല്ല, നന്ദനനും = നന്ദഗോപക്കും, മടവാക്കും = തൽപതിയായ യശോദക്കും, സൽഭക്തിയും = സജ്ജനങ്ങളിൽ ഭക്തിയും, ഉണ്ടു; വല്ലവി = യശോദ, വിപ്രരിൽ = ബ്രാഹ്മണക്കായിട്ട്, പത്തും നൂറും പണം = അധികം ദ്രവ്യം, ഏകം = ദാനം ചെയ്യും; വല്ല, വിപത്തും ഇല്ല = (അതു കൊണ്ട്) ആപത്തൊന്നും ഉണ്ടാകാറില്ല.

൧൫.  മദനാതങ്കത്തോട-
പ്പാടിട്ടത്താലിമാല തങ്കത്തോട.
തളിർപോലത്ര നിറച്ചു-
ണ്ടെഴമബലകളുണ്ടു നാട്ടിലത്ര നിറച്ചും.

൧൬.  അവർ നില, വല്യതാമരസം
സുരിമാർക്കേകം, തദാനനം താമരസം
പുരികം രതിപതിവില്ലാ-
ണത്രേ,യവർ തമ്മിലീർഷ്യയും പതിവില്ലാ.

---

ശ്ലോ. 15—അത്താലിമാല = ആ ഭംഗിയുള്ള താലിമാല = താലിമാലകളും, തങ്കത്തോട = തങ്കംകൊണ്ടുള്ള തോടകളും, അപ്പാട് = അനുരൂപമാംവണ്ണം, ഇട്ട് = അണിഞ്ഞിട്ടുള്ളവരും, തളിർപോലത്ര നിറച്ചുണ്ടെഴം = തളിരുപോലെ അത്ര (ചുവപ്പ്) നിറമുള്ള ചുണ്ടുകളുള്ളവരും ആയ, അബലകൾ = സ്ത്രീകൾ, അത്ര നാട്ടിൽ = ആ നാട്ടിൽ, മദനാതങ്കത്തോട് = മന്മഥ പാരവശ്യത്തോടു കൂടിയവരായി, നിറച്ചും = ധാരാളമായി, ഉണ്ടു.

ശ്ലോ. 16—അവർ നില = അവരുടെ നില, നില = സൌന്ദര്യാദി ഗുണങ്ങൾ, സുരിമാർക്ക = ദേവസ്ത്രീകൾക്ക്, വല്യതാം = അധികമായ, അരസം = രസക്കേട്, ഏകും = ഉണ്ടാക്കും, തദാനനം = അവരുടെ മുഖങ്ങൾ, താമരസം = താമരയോടു സദൃശം, (ആകുന്നു) പുരികം രതിപതി വില്ലാണത്രേ = കാമന്റെ വില്ലാണെന്നു പ്രസിദ്ധം; അവർ തമ്മിൽ = അവർക്ക അന്യോന്യം, ഈർഷ്യയും = അസൂയയും, പതിവില്ല = ഉണ്ടാകാറില്ല.

൧൭. വിടരൊട്ടുമാറു, മറക്കും
മതിമുഖിമാർ മുണ്ടുകൊണ്ടു മാറുമറക്കും
ധൃതി പല കറിയും പൊട്ടും
സ്മരനും കണ്ടാൽ വധുക്കൾ കറിയും പൊട്ടും.

൧൮. വ്രജഭുവി വാനും പണിയേ-
ണ്ടും ഗുണമുണ്ടായതോതുവാനും പണിയേ
ശുഭമേതു മായാ വിഹരി-
ക്കുന്നില്ലേ? ശൌരിയായ മായാവി ഹരി.

---

ശ്ലോ. 17—മതിമുഖിമാർ = സുന്ദരികൾ, വിടരൊടു = ധൂർത്തന്മാരോടു; മാറും = അകന്നൊഴിൽക്കുകയും, അറയ്ക്കും = (അവരെ) വെറുക്കുകയും, മാറു = വക്ഷസ്ഥലത്തെ, മറയ്ക്കും = (അവരെക്കണ്ടാൽ) ആച്ഛാദനം ചെയ്യുകയും ചെയ്യും; വധുക്കൾ കറിയും = വധുക്കളുടെ = സ്ത്രീകളുടെ, കറിയും = വിലേപനവും, പൊട്ടും = ചിത്രകവും, കണ്ടാൽ, സ്മരനും = കാമദേവനും ധൃതി = ധൈര്യം പലകറിയും = പലതവണയും, പൊട്ടും = ഭഗ്നമാകും.

ശ്ലോ. 18—വ്രജഭുവി = ഗോകുലത്തിൽ, വാനും = സ്വർഗ്ഗവും, പണിയേണ്ടും = നമസ്കരിക്കേണ്ടുന്ന, (സ്വർഗ്ഗത്തിനുമില്ലാത്ത) ഗുണം = സമ്പദാദികൊണ്ടുള്ള ഗുണങ്ങൾ ഉണ്ട്; ആയത്—ആ ഗുണങ്ങളെ ഓതുവാനും = എണ്ണിയെണ്ണി പറയുവാനും, പണിയേ = പ്രയാസം തന്നെ; ശുഭമതു = മംഗളങ്ങൾ, മായാ = (അവിടെ) മാഞ്ഞുപോകയില്ല; എന്തുകൊണ്ടെന്നാൽ, ശൌരിയായ = യദുകുലജാതനായ; മായാവി = മായാശക്തിയുള്ളവനും അല്ലെങ്കിൽ സ്വതത്വത്തെ വെളിപ്പെടുത്തിയിട്ടില്ലാത്തവനും ആയ, ഹരി = മഹാവിഷ്ണു, വിഹരിക്കുന്നില്ലേ? = (അവിടെ) കളിക്കുന്നില്ലേ?

൧൯. ശുഭമൂർദ്ധന്യ യശോദാ-
താവാം മകനേ വളർത്തി ധന്യ യശോദാ
സുതനെ പുണർന്നാനന്ദ-
ന്നുണ്ടായ് മനതാരിലൻ പുണർന്നാനന്ദം

൨൦. മൊഴിമധുതുള്ളിക്കളിയേ
പോലെത്തും, സ്ത്രീകൾ ശൌരി തുള്ളിക്കളിയേ
കണ്ടും കൊണ്ടുരസിക്കു-
ന്നൊത്ത മുലക്കവനെയാൻറുകൊണ്ടു രസിക്കും.

---

ശ്ലോ. 19—ധന്യ = ഭാഗ്യവതിയായ, യശോദ = നന്ദഗോപപത്നി, ശുഭമൂർദ്ധന്യയശോദാതാവാം = ശുഭങ്ങളിൽവെച്ചു = മംഗളങ്ങളിൽവെച്ചു, മൂർദ്ധന്യമായ = ശ്രേഷ്ഠമായ, യശസ്സിനു = കീർത്തിക്കു, ദാതാവായ, കീർത്തിയെ ഉണ്ടാക്കുന്നവനായ മകനേ, വളർത്തി, ആ നന്ദന = നന്ദഗോപക്കു, സുതനെ = മകൻെറ ശോഭനമായ ശരീരത്തെ, പുണർന്നു = ആലിംഗനം ചെയ്തിട്ടു, (ചെയ്കതിനാൽ) മനതാരിൽ = മനസ്സിൽ; അൻപ് = വാത്സല്യം, ഉണർന്നു-ഉദിച്ചു, ആനന്ദം = ആഹ്ലാദം, ഉണ്ടായ് = ഉണ്ടായി.

ശ്ലോ. 20—സ്ത്രീകൾ = ഗോപസ്ത്രീകൾ, മൊഴിമധുതുള്ളിക്കു = (ശ്രീകൃഷ്ണൻെറ) വാക്കാകുന്ന തേനിൻെറ ബിന്ദുവിനുവേണ്ടി, അളിയേ = വണ്ടിനെ, പോലെ എത്തും, ശൌരി തുള്ളിക്കളിയേ = ശൌരിയുടെ = കൃഷ്ണൻെറ തുള്ളിക്കളിയെ = തുള്ളിക്കൊണ്ടുള്ള ക്രീഡയെ, കണ്ടുംകൊണ്ടു = കണ്ടുകൊണ്ടും, അവനെ, കുന്നൊത്തമുലക്കു ഉത്തുംഗമായ സ്തനത്തോടു, ഉരസി = സംസ്പർശിക്കുംവണ്ണം, ആൻറുകൊണ്ടു = അണിയിച്ചുകൊണ്ടും, രസിക്കും = രസിക്കയും ചെയ്യും.

വ.ഫ. അഴലായ് ഗോപികളുറിയു-
ന്തുകയാൽ, താൻ ദധിയിൽ വീണു ഗോപി
മാഞ്ഞിത, വന്നരമണിയും [ക്കുറിയും
പൊട്ടിച്ചിതറി, ച്ചിരിച്ചു വന്ന രമണിയും.

വ.വ. കട്ടിതു ദധിപാലജന-
ന്നതിലും ബഹുമോദമാന്നു ഗോപാലജനം
ആടലകന്നു തെളിക്കും-
വീട്ടിൽ വരാതീശനന്നു കന്നുതെളിക്കും.

---

ശ്ലോ. 21—ഉറി = ശിക്യം, ഉന്തുകയാൽ = ഉന്തി അതിൽനിന്നു പാത്രം വീഴുകയാൽ, ഗോപികൾ = ഉറിയുടെ ഉടമയായ ഗോപസ്ത്രീകൾ, അഴലായ് = വ്യസനമായ്; താൻ = കൃഷ്ണൻ, ദധിയിൽ = പാത്രത്തിൽനിന്നു മറിഞ്ഞ തൈരിൽ, വീണു = വീണിട്ടു; ഗോപിക്കുറിയും = ഊർദ്ധ്വപുണ്ഡ്രകം അല്ലെങ്കിൽ ഗോപിമണ്ണുള്ള കുറി, മാഞ്ഞിതു = മായുകയും, അവന്നു, കൃഷ്ണന്നു, അരമണിയും = അരയിൽ കെട്ടുന്ന മണിമാല, പൊട്ടിച്ചിതറി = പൊട്ടിച്ചിതറുകയും ചെയ്തു, വന്ന = ആ ഒച്ചപ്പാട് കേട്ടു വന്ന, രമണിയും = മറ്റൊരു ഗോപസ്ത്രീ, ചിരിച്ചു-ചിരിക്കുകയും ചെയ്തു.

ശ്ലോ. 22—അന്ന് = ആ കാലം, അജൻ = ശ്രീകൃഷ്ണൻ, ദധിപാൽ = തൈരും പാലും, കട്ടിതു = മോഷണംചെയ്തു, ഗോപാലജനം = ഗോപന്മാർ, അതിലും = മോഷണം ചെയ്തതിലും, ബഹുമോദം = വളരെ സന്തോഷത്തെ, ആന്നു = പ്രാപിച്ചു; ഈശൻ = ശ്രീകൃഷ്ണൻ, അന്നു മോഷണംചെയ്ത ദിവസം, തെളിക്കും = വെള്ളം കുടിപ്പാൻപോലും എന്നർത്ഥം, വീട്ടിൽ = ഭവനത്തിലേക്കു; വരാതെ = പോകാതെ കന്നു = കാലികളെ; തെളിക്കും = മേയ്ക്കും.

വന്ന.. എന്നേക്കാളാകാ രമ-
ണ്യത കൃഷ്ണനെന്നുറച്ചു കാളാകാരം;
പൂണ്ടോരരിഷ്ടം മാററി-
പ്രവരം ഹരികൊന്നിളക്കരിഷ്ടം മാററി.

വർ. അന്നു ധരാധാരമണ-
ഞ്ഞൊരുത്തി രാവിൽ പറഞ്ഞു രാധാരമണം
“അറിയുക ലോകേശ! വനേ-
ശ്വരി കാളിന്ദിസ്ഥയെന്നു മാം കേശവനേ!

---

ശ്ലോ. 23—കൃഷ്ണന്ന്, എന്നേക്കാളും = അരിഷ്ടാസുരനേക്കാളും, രമത = സൌന്ദൎയ്യം, ആകാ = ആവരുത്തു, എന്നു ഉറച്ചു = വിചാരിച്ചു, കാളാകാരം = കാളയുടെ = എരുത്തിന്റെ, ആകാരം = സ്വരൂപം, നീലനിറമായ ആകാരമെന്നും, പൂണ്ടോരു = ധരിച്ച, മാററിപ്രവരം = ശത്രുപ്രധാനിയായ, അരിഷ്ടം = അരിഷ്ടാസുരനെ, ഹരി = ശ്രീകൃഷ്ണൻ, കൊന്നു = ഹനിച്ചു, ഇളക്ക് = ഭൂമിക്ക്, അരിഷ്ടം = അസുഖം, മാററി = ഇല്ലാതാക്കി.

ശ്ലോ. 24—അന്നു = അക്കാലത്തിൽ, ഒരുത്തി = ഒരു സ്ത്രീ, ധരാധാരം = ഭൂമിക്കു ആശ്രയമായ, രാധാരമണം = ശ്രീകൃഷ്ണനെ, രാവിൽ = രാത്രി സമയത്തിൽ, അണഞ്ഞു = പ്രാപിച്ചിട്ടു, പറഞ്ഞു; (എന്തെന്നാൽ) ലോകേശ = ലോകേശ്വരനായ കേശവനേ = ശ്രീകൃഷ്ണാ!, മാം = എന്നെ, കാളിന്ദിസ്ഥ = കാളിന്ദീനദിയിൽ സ്ഥിതിചെയ്യുന്നവളായ, വനേശ്വരി = ജലാധിദേവത (ജീവനം ഭുവനം വനം എന്ന അമരം) എന്നു = ആണെന്നു അറിയുക.

൨൫. തീപ്പോൽ കാളി,യനാഗ-
ന്തുകവിഷതാപം പരത്തി കാളിയനാഗം
നീരും താരും തീരെ-
പോയപ്പുഴയിൽ വരില്ലിതാരും തീരെ

൨൬. ഉലകിന്നവനെത്തൻനേ-
രം കളയും നീയകററിയവനേ തന്നെ
പുഴചേർന്നാളെക്കണ്ണാ-
നന്ദത്തൊടു വിട്ടുകൊൾക! നാളെക്കണ്ണാ!"

---

ശ്ലോ. 25—കാളിയനാഗം = കാളിയനെന്ന സർപ്പം, തീപ്പോൽ = തീയുപോലെ, കാളി = എരിച്ചു, അനാഗന്തുകവിഷതാപം = അനാഗന്തുകമായ = അസ്ഥിരമല്ലാത്ത; = സ്ഥിരമായ, വിഷതാപത്തെ = വിഷംകൊണ്ടുള്ള താപത്തെ; പരത്തി = വ്യാപിച്ചു; അപ്പുഴയിൽ = കാളിന്ദിയിൽ, നീരും താരും = വെള്ളവും ആമ്പൽ മുതലായ പൂക്കളും, തീരെ = കേവലം, പോയ് = ചീത്തയായി അല്ലെങ്കിൽ നശിച്ചു; ഇത് = ഇതുനിമിത്തം, തീരെ = നദീതീരത്തിൽ, ആരും = ഒരുത്തരും, വരില്ല = വരാതായി;

ശ്ലോ. 26—കണ്ണാ = അല്ലയോ ശ്രീകൃഷ്ണ, ഉലകിൽ അവനേ = ലോകത്തിന്റെ രക്ഷണത്തിൽ, തൻനേരം = സ്വന്തസമയത്തെ, കളയും = ചിലവാക്കുന്ന, നീതന്നെ = സ്വയം, നമ്മെ അവനേ = കാളിയനെ, അകററി = ദൂരെയോടിച്ചു, പുഴചേർന്നാളെ = പുഴയിൽ വരുന്നവരെ, (അവർക്കും) കണ്ണാനന്ദത്തൊടു = കണ്ണിനു ആനന്ദത്തോടുകൂടി, വിട്ടുകൊൾക = പോകുവാൻ ഇടവരുത്തുക.

൨൭. ചൊന്നീ മൊഴിയാറായി-
ത്തീന്നവൾ താൻ രാത്രിയോടു മൊഴിയാറായി
ഹരിയുടെ നയനമുറക്കെ-
വിട്ടിതുപങ്കേരുഹോപമാനമുറക്കേ.

൨൮. 'പങ്കജനാഭ! ക്ഷണമായ്-
നീയെഴുനീൽക്കെന്റെ നന്ദനാ! ഭക്ഷണമായ്'
ഇങ്ങിനെ ചൊന്നമ്മകനി-
ഞ്ഞുണ്ണിച്ചാമോദമേററിയന്നമ്മകനിൽ.

---

ശ്ലോ 27—ആറായിത്തിന്നവൾ = അത്ഥാൽ നദീദേവത, (ആറ് = നദി) ഈ = മേൽപറഞ്ഞ, മൊഴി = വാക്ക, ചൊന്ന് = പറഞ്ഞിട്ട, താൻ = സ്വയം, രാത്രിയോട് = രാത്രിസമയത്തോടൊപ്പം, ഒഴിയാറായി = വിട്ടുപോവാറായി = (വിട്ടുപോയി); ഹരിയുടെ = ശ്രീകൃഷ്ണന്റെ, പങ്കേരുഹോപമാനം = താമരപോലെയുള്ള, നയനം = കണ്ണുകൾ, ഉറക്കേ = നിദ്രയേ, ഉറക്കേ = കേവലം, വിട്ടിതു = പ്രാപിച്ചില്ല,

ശ്ലോ. 28—എന്റെ നന്ദനാ! = എന്റെ മകനായ, പങ്കജനാഭ! = ശ്രീകൃഷ്ണ! നീ, ക്ഷണമായ് = വേഗത്തിൽ, എഴുനീൽക്ക് = ഉത്ഥാനംചെയ്ക; ഭക്ഷണമായ് = ഊണ (തയ്യാർ) ആയി; അമ്മ = യശോദ, അന്നു = ആ ദിവസം, ഇങ്ങിനെ = മേൽപറഞ്ഞപ്രകാരം, ചൊന്നു = പറഞ്ഞു, കനിഞ്ഞു = വാത്സല്യപൂർവ്വം, ഉണ്ണിച്ചു = (മകനെ) ഭക്ഷണം കഴിപ്പിച്ചു, അമ്മകനിൽ = ആ മകനിൽ, മോദം = സന്തോഷത്തെ, ഏററി = വർദ്ധിപ്പിച്ചു.

൨൯. ശൌരി ചമഞ്ഞുച്ചേലാ-
യരയിൽ കസവുല്ലസിച്ച മഞ്ഞച്ചേലാ
അതി വടിവാൻ മുറുക്കി-
ട്ടൊരു നൂൽ കെട്ടി, കുടുമ്മ വാൻ മുറുക്കി.

൩൦. തിരുമുടി ജാലത്തിലകം
പീലി മുറുക്കി രചിച്ചു നിടിലത്തിലകം
അതസീകുസുമാഭ രണം
ചെയ്യും മെയ്യിൽ ധരിച്ചു ഹേമാഭരണം.

---

ശ്ലോ. 29—ശൌരി = ശ്രീകൃഷ്ണൻ, ചമഞ്ഞ് = ഉടുത്ത്, അച്ചേലായ് = വളരേ ഭംഗിയിൽ, കസവ് = തങ്കനൂല്, അരയില് = കടിപ്രദേശത്തിൽ, ഉല്ലസിച്ച = തെളിഞ്ഞ, മഞ്ഞച്ചേലാ = പീതാംബരം, അതിവടിവാൻ = വളരേ മനോഹരമായിട്ടു, ഉറുക്ക് = അരയിൽ കെട്ടുന്ന ഒരു തരം ആഭരണം, ഇട്ടൊരു = കോർത്തിട്ടുള്ള, നൂൽ = തുടര്, കെട്ടി; കുടുമ്മ = കേശം, വാൻ = ചിക്കറുത്തു, മുറുക്കി = കെട്ടി;

ശ്ലോ. 30— തിരുമുടി ജാലത്തിൽ = ശ്രീമത്തായ കേശപാശത്തിൽ, അകം = ഉള്ളിൽ, പീലി = മയിൽപീലി, മുറുക്കി = ഉറപ്പിച്ചു, നിടിലത്തിലകം = നിടിലത്തിൽ = നെററിയിൽ, തിലകം = പൊട്ടു; അതസീകുസുമാശം = ശംഖുപുഷ്പത്തിന്റെ ശോഭ (നീലിമ) ഭരണംചെയ്യും = യുദ്ധം ചെയ്യുന്ന = സദൃശമായ, മെയ്യിൽ = ശരീരത്തിൽ, ഹേമാഭരണം = സ്വർണ്ണാലങ്കാരം, ധരിച്ചു = ധരിക്കയും ചെയ്തു.

൩൧. ധ്വനദ്ധ്വനയാം വടിവിലസീ-
മദ്യുതി മഞ്ജീരമാൻറു ചേവടി വിലസി
അളിരുചി കോലും കുഴലും
പൂണ്ട മുകുന്ദൻ ധരിച്ചു കോലും കുഴലും.

൩൨. അക്കാലം ബാലകനായ്
വിലസും ഹലിയും കിഴിഞ്ഞു ലംബാലകനായ്
അഥ ലസദാമോദരനേ-
കം വ്രജവാസികൾ വളഞ്ഞു ദാമോദരനേ.

---

ശ്ലോ. 31 — അസീമദ്യുതി = അസീമ = സീമയില്ലാത്ത, ദ്യുതിയോടു = പ്രഭയോടുകൂടിയ, ചേവടി = ചെംകഴൽ, മഞ്ജീരം = കാൽവള, ആൻറു = അണിഞ്ഞു, ധ്വനദ്ധ്വനയാം = ധ്വനദ്ധ്വന ശബ്ദമുണ്ടാക്കുന്ന, വടിവിൽ = പ്രകാശത്തിൽ, വിലസി = ശോഭിച്ചു; അളിരുചി = വണ്ടിൻെറ നിറം, കോലും = കലരുന്ന, കുഴലും = കേശത്തെ, പൂണ്ട = വഹിക്കുന്ന; മുകുന്ദൻ = കൃഷ്ണൻ, കോലും = (പശുക്കളെ തെളിക്കുന്ന) വടിയും; കുഴലു = ഓടക്കുഴലും; ധരിച്ചു = എടുത്തു.

ശ്ലോ. 32 — അക്കാലം = ആ കാലത്ത്, ബാലകനായ് = ബാലപ്രായനായി, വിലസും = ശോഭിക്കുന്ന, ഹലിയും = ബലഭദ്രനും, ലംബാലകനായ് = ലംബമായ = തൂങ്ങുന്ന, അളകങ്ങളോടു = കുറുനിരകളോടുകൂടിയവനായിട്ട്, കിഴിഞ്ഞു = (ശ്രീകൃഷ്ണൻെറ കൂടെ) പുറപ്പെട്ടു; അഥ = കൂടാതെ, ലസദാമോദർ = ലസത്തായ = സ്ഫുരിക്കുന്ന, ആമോദത്തോടു = സ

൩൩. കണ്ണൻ വനമാല കളേ-
ബരമതിലാണ്ടോൻ തുറന്നു ജവമാലകളേ;
ഗോകുലമംഗളമണിയും-
ഗോക്കളിറങ്ങിക്കലുക്കി തൻ ഗളമണിയും.

൩൪. കൊമ്പിൻ നാനാഘോഷം
കൊണ്ടും കൃഷ്ണൻ മുഴക്കിനാനാഘോഷം,
ധൃതമണിഘണഘണനമോടും
ഗോക്കളൊടും ബാലരെത്തി രിംഘണനമോടും.

---

ന്തോഷത്തോടുകൂടിയവരായ, അനേകം = അസംഖ്യം, വ്രജവാസികൾ = ഗോപന്മാർ, ദാമോദരനെ = കൃഷ്ണനെ, വളഞ്ഞു = ചുറ്റും നടന്നു, കൂടെ പോയി എന്നർത്ഥം.

ശ്ലോ. 33—കളേബരമതിൽ = ശരീരത്തിൽ, വനമാല = വനമാലയെ, ആണ്ടോൻ = ധരിച്ചവനായ, കണ്ണൻ = ശ്രീകൃഷ്ണൻ, ജവം = ഉടനേ, ആലകളേ = ഗോശാലകളേ, തുറന്നു = ഉൽഘാടനംചെയ്തു; ഗോകുലമംഗളം = ഗോകുലമെന്ന ആ പ്രദേശത്തിൻെറ മംഗളത്തെ = ശ്രീത്വത്തെ, അണിയും = അലങ്കരിക്കുന്ന, = പോഷിപ്പിക്കുന്ന എന്നർത്ഥം, ഗോക്കൾ = പശുക്കൾ, ഇറങ്ങി = ആലയിൽനിന്നു പുറത്തിറങ്ങി, തൻഗളമണിയും = തൻ = അവകളുടെ, ഗളങ്ങളിൽ = കഴുത്തുകളിൽ ഉള്ള, മണിയും = കിങ്കിണികൾ, കലുക്കി = കിലുക്കുകയും = ഒച്ചപ്പെടുത്തുകയുംചെയ്തു.

൩൫. പശുപശിശുവുമോരോ മാടിനേ മാടി നേരേ
ഭൃശജവമവ ചെന്നു നക്കിടാനക്കിടാവെ
നിശിതഖുരഗതം മൺകൊമ്പുരണ്ടും പുരണ്ടും
പിശകുമവയെ വേദക്കാതലോടിത്തലോടി.

---

ശ്ലോ. 34—കൃഷ്ണൻ=ശ്രീകൃഷ്ണൻ, കൊമ്പിൻ നാനാഘോഷം കൊണ്ടു=കൊമ്പിന്റെ=കുഴൽവിശേഷത്തിന്റെ, നാനാപ്രകാരത്തിലുള്ള, ഘോഷം=ശബ്ദംകൊണ്ടു, ആഘോഷം=ആ ഗോപാലഗൃഹം, മുഴക്കിനാൻ=മുഖരമാക്കി; ബാലർ=ഗൃഹാന്തരങ്ങളിലെ ബാലന്മാർ, ധൃതമണിഘണഘണ = ധൃതങ്ങളായ=ധരിക്കപ്പെട്ട, മണികളിൽനിന്ന= കിങ്കിണികളിൽനിന്നു, "ഘണഘണ" എന്ന ശബ്ദമുണ്ടാകുംവണ്ണം, ഓടും=പായുന്ന, ഗോക്കളോടു=പശുക്കളോടുകൂടി, രിംഘണമോടും= പദസ്ഖലനത്തോടെ, എത്തി=വന്നു.

ശ്ലോ. 35—പശുപശിശുവും= ശ്രീകൃഷ്ണൻ, ഓരോ=ഏതോ ചില, മാടിനെ=പശുക്കളേ, നേരെ=അഭിമുഖമായി, മാടി= (കൈആംഗ്യംകൊണ്ടു) വിളിച്ചു; അവ= വിളിക്കപ്പെട്ട പശുക്കൾ, അക്കിടാവെ=ശ്രീകൃഷ്ണനെ, നക്കിടാൻ=നക്കുവാൻ, ഭൃശജവം=വളരെ വേഗത്തിൽ, ചെന്നു=സമീപം പ്രാപിച്ചു; കൊമ്പുരണ്ടും=രണ്ടു കൊമ്പും, നിശിതഖുരഗതം =നിശിതമായ=മൂർച്ചയുള്ള, ഖുരങ്ങളിൽ=കുളമ്പുകളിൽ, ഗതമായ=പാറിയ, മൺ=മണ്ണ്, പുരണ്ടു=വ്യാപിച്ചു, കൊമ്പുകൾ മണ്ണുകൊണ്ടു മലിനമാകുംവണ്ണം എന്നർത്ഥം, പിശകും=പിണങ്ങുന്ന അവയേ=ചില പശുക്കളെ, വേദക്കാതൽ=ശ്രീകൃഷ്ണൻ, ഓടി=പാഞ്ഞു ചെന്നു, തലോടി=തടവി.

നന്ദ മാരേല തമാലേ തനുവാൽ കൊട്ടപ്പോൻ
ഗോപാളി ഗോപാളിവൃതൻ തെളിച്ചു
മുള്ളേററമുള്ളേററഴലാം വനത്തി-
ന്നാഭീരനാഭീരസമെന്നിയേ പോയ്.

---

ശ്ലോ. 36—തനുവാൽ = ദേഹദ്യുതിയാൽ, തമാലേ = തമാലവൃക്ഷത്തിന്നു; മാരേല = സങ്കടത്തെ, കൊട്ടപ്പോൻ = കാട്ടുകന്നവനായ ശ്രീകൃഷ്ണൻ, ഗോപാളിവൃതൻ = ഗോപസമൂഹത്താൽ ചുററപ്പെട്ടവനായിട്ട്; ഗോപാളി = ഗോക്കളുടെ, പാളിയേ = സമൂഹത്തെ, തെളിച്ചു = നടത്തി, ആഭീരൻ = ശ്രീകൃഷ്ണൻ, മുള്ള് = കണ്ടകങ്ങൾ, ഉള്ള് = (കാലടിയിൽ) ഉള്ളിലേക്ക, ഏററം = ആഴത്തിൽ എന്നർത്ഥം, ഏററ് = തറച്ചു, അഴലാം = വേദനയാകുന്ന, വനത്തിന്ന = കാട്ടിലേക്ക = ആ = അങ്ങിനേയുള്ള കാട്ടുകളിൽ പോകുമ്പോൾ സാധാരണ ആളുകൾക്കുണ്ടാവുന്ന, ഭീരസം = ഭയരസം, എന്നിയേ = കൂടാതെ, പോയി = യാത്രചെയ്തു.

ഒന്നാം സർഗം കഴിഞ്ഞു.

## രണ്ടാം സർഗ്ഗം

൧. പണ്ടിഹ കാന്താരഹിതൻ
രഘുപതിയായിന്നുമായി കാന്താരഹിതൻ
അന്നു സുമിത്രാത്മജനേ
സഹിത, ഹരിക്കിപ്പൊഴും സുമിത്രാത്മജനേ.

൨. ഓരോ നേരംപോക്കും-
ചൊന്നാണടവിക്കടുത്ത നേരം പോക്കും
ഗോക്കളെമാടിച്ചാടി-
ന്നാരി കൃഷ്ണൻ ബാലരോടുമാടിച്ചാടി.

---

ശ്ലോ. 1—പണ്ട് = ത്രേതായുഗത്തിൽ, രഘുപതിയായ് = ശ്രീരാമനായ് (അവതരിച്ച) ഇഹ = കാട്ടിൽ, കാന്താരഹിതൻ = ഭാര്യാവിയുക്തൻ, (ആസ്തിൻ്റ മഹാവിഷ്ണുവായ ശ്രീകൃഷ്ണൻ) ഇന്നും = ഈ അവസരത്തിലും, കാന്താരഹിതൻ = കാന്താരത്തിൽ = കാട്ടിൽ, ഹിതൻ = താല്പര്യമുള്ളവൻ, ആയി; അന്നു = ത്രേതായുഗത്തിൽ, സഹിത = ഹരിയുടെ സഹചരത്വം, സുമിത്രാത്മജനേ = ലക്ഷ്മണന്ന് മാത്രം, (ആയിരുന്നു) ഇപ്പോഴും = ഈ അവസരത്തിലും, ഹരിക്ക = ശ്രീകൃഷ്ണന്നു, (സഹിത) സുമിത്രാത്മജനേ = സുമിത്രങ്ങളായ = വളരേ പ്രിയപ്പെട്ടവരായ, ആത്മജനേ = സ്വജനങ്ങളിൽ, (ആയി)

ശ്ലോ. 2—അടവിക്ക = കാട്ടിന്നു, അടുത്തനേരം = സമീപിച്ച സമയം, ഓരോ നേരംപോക്കും = ഓരോ വിനോദവാക്കുകളും, ചൊന്നാന് = പറഞ്ഞുകൊണ്ടാണ്, പോക്കും = യാത്രയും; ചാടിന്ന് = ചാട്ടായി

൩. "ഗംഗേ! ഭദ്രേ! വാനീ-
രച്ഛവി കോലുന്ന തുംഗഭദ്രേ! വാ നീ
ഗോദാവരി! കാവേരി-
വെള്ളം പുല്ലും തരാം ശബരി! കാവേരി!"

൪. "സുഖമിതിലേക്കാളിന്നീ-
ലഭിപ്പതെവിടേ പൃഥുസ്തനേ! കാളിന്ദി!
വാ ജടവാലി! മയി ലീ-
നമതേ! ചാടുന്നെടോ! ജവാലീ മയിലി!"

---

വന്ന ശകടാസുരനും, അരി = ശത്രുവായ്, കൃഷ്ണൻ = ശ്രീകൃഷ്ണൻ, ഗോക്കളെ = പശുക്കളെ, മാടി = വിളിച്ചുകൊണ്ടു, ബാലകരോടും = കുട്ടികളോടും കൂടി, ആടിച്ചാടി = ആടുകയും ചാടുകയും ചെയ്തു.

ശ്ലോ. 3—കുട്ടികൾ പശുക്കളോടും ഗംഗേ! ഗംഗ, ഭദ്ര, ഇത്യാദികൾ പശുസംജ്ഞകൾ, ഭദ്രേ!, വാനീരച്ഛവി = വാനീരത്തിന്റെ = വഞ്ഞിയുടെ, ഛവി = നിറം, കോലുന്ന = വഹിക്കുന്ന, തുംഗഭദ്രേ!, ഗോദാവരി! ശബരി! കാവേരി!, കാവേരിവെള്ളം = കാവുകളിലുള്ള = ഇളങ്കാടുകളിലുള്ള, ഏരികളിലുള്ള = വെള്ളച്ചാലുകളിലുള്ള, വെള്ളം = വെള്ളവും പുല്ലും തരാം നീ വാ!

ശ്ലോ. 4—പൃഥുസ്തനേ! = തടിച്ച അകിടുള്ള കാളിന്ദീ! ഇന്നീ = ഈ നീ, ഇതിനേക്കാൾ = ഇപ്പോഴുള്ളതിനേക്കാൾ, സുഖം = സുഖത്തെ, ലഭിപ്പതു = ലഭിക്കുന്നത്, എവിടെ? = എവിടെനിന്നാണ്?, ജടവാലി! വാ! എടോ = അല്ലയോ, മയി = എങ്കൽ, ലീനമതേ = ലയിച്ച മനസ്സോടുകൂടിയ സ്നേഹിതേ!, ഈ മയിലി = മയിലി എന്ന പശു, ജവാൽ, വേഗത്തിൽ; ചാടുന്നു = ഓടുന്നു.

൫. “ശരി ശരി ഗോവിന്ദാ! മ-
ന്ദിക്കൊല്ല ചാടിപ്പിടിക്ക ഗോവിന്ദൻദാമം
കരുതു സഖേ! പശുപാ! ശ-
മ്മേറിവരാൻ നാം ത്യജിക്കണം പശുപാശം”

൬ “ഹേ ബല! മായില്ലെന്നും
വർണ്ണവിരോധം, സ്വവർണ്ണമായില്ലെന്നും
നിന്നെ ശകാരിച്ചില്ലെ-
തലായ കൃഷ്ണന്നടുത്തു കാരിച്ചില്ലെ.”

---

ശ്ലോ. 5— ഒരു കുട്ടി കൃഷ്ണനോടു പറയുന്നു, ഗോവിന്ദാ! = കൃഷ്ണാ!, ശരി ശരി = ?യിലി വേഗത്തിൽ ഓടുന്നുണ്ടെന്നതു ശരി, ഗോവിന്ദൻ = പശുവിൻെറ, ദാമം = കയറ്, ചാടിപ്പിടിക്ക = പാഞ്ഞുപോയി പിടിക്കുക; മന്ദിക്കൊല്ല = മടിച്ചുനിൽക്കായ്ക; (ശ്രീകൃഷ്ണൻ പറയുന്നു) സഖെ! പശുപ! കരുതു = കരുതുക, എന്തെന്നാൽ നാം, ശമ് = ക്ഷേമം, ഏറിവരാൻ = വർദ്ധിച്ചുവരാൻ, പശുപാശം = പശുവിൻെറ കയറ്, ത്യജിക്കണം = പിടിച്ചുനിൽക്കരുതു.

ശ്ലോ. 6—(ഒരു കുട്ടി ബലഭദ്രനോടു പറയുന്നു) “ഹേ ബല!’ = അല്ലയോ ബലഭദ്ര!, കാരിച്ചില്ലെ = കറുത്ത നിറമായതിനാൽ അങ്ങിനെ പേരിട്ട പശു, സ്വവർണ്ണം = തൻെറ വർണ്ണം, (കറുപ്പ്) ആയില്ലെന്നും = (നിനക്ക്) ഇല്ലെന്നും (ഉം = വാക്യാലങ്കാരം) നിന്നെ, ശകാരിച്ച് = നിരസിച്ച് (എന്നു തോന്നും) ഇല്ലെതലായ കൃഷ്ണന്നു = കുട്ടിയായ ഈ കൃഷ്ണന്നു, അടുത്തു = സമീപം, ചെന്നു; (ഇതിൽനിന്നു മനസ്സിലാക്കേണ്ടതെന്തെന്നാൽ) വർണ്ണവിരോധം = നിറഭേദംകൊണ്ടുള്ള വിരോധം, നിറങ്ങളുടെ വ്യത്യാസമെന്നും, എന്നും = എപ്പോഴും, മായില്ല = മാഞ്ഞുപോകയില്ല.

൭. "ഇതു കാൺ കൊന്നമരത്തിൽ
വണ്ടുകൾ വീണുള്ള പൂത്ത കൊന്നമരത്തിൽ
കൃഷ്ണൻ തിരുവടി വേശി-
ച്ചുള്ള യശോദാ തനുപ്രഭാവടിവേശി."

൮. "ദൂരത്തുള്ളിൽ ചാടി-
ക്കൂട്ടം കുതുകേന വാലു തുള്ളിച്ചാടി;
കന്നുകൾ നായോ നരിയോ
തിന്നും രന്ധ്റപ്രതിക്ഷനായോനരിയോ"

---

ശ്ലോ. 7—ഒരു കുട്ടി പറയുന്നു. "ഇതുകാൺകൊന്നു" = ഇതൊന്നുകാൺക!; ഏകതന്നുവെച്ചാൽ, പൂത്ത = പുഷ്പിച്ചതും, അമരത്തിൽ = ഇടതിങ്ങി, വണ്ടുകൾ = ഭൃംഗങ്ങൾ, വീണുള്ള = ചേൎന്നിൽക്കുന്നതും, ആയ, കൊന്നമരത്തിൽ = കൊന്ന എന്നു പേരായ വൃക്ഷത്തിൽ, കൃഷ്ണൻ തിരുവടിവേശിച്ചുള്ള യശോദാ തനുപ്രഭാവടിവ് = ശ്രീകൃഷ്ണൻ പ്രവേശിച്ചിരിക്കുന്ന യശോദയുടെ ശരീരകാന്തിയുടെ സാദൃശ്യം, ഏശി = ചേൎന്നു.

ശ്ലോ. 8— കന്നുകൾ = പശുക്കുട്ടികൾ, ഉള്ളിൽ = ഹൃദയത്തിൽ, ചാടിക്കൂട്ടം = മേൽക്കുമേൽ വൎദ്ധിക്കുന്ന, കുതുകേന = കുതുകത്താൽ, വാലുതുള്ളിച്ച് = പുച്ഛം ഇളക്കിക്കൊണ്ട്, ആടി = കളിച്ചു; നായോ നരിയോ = ശ്വാവോ വ്യാഘ്രമോ, (അവരെ = കന്നുകളെ) തിന്നും = ഭക്ഷിച്ചേക്കാം; എന്തുകൊണ്ടെന്നാൽ, അരിയോ = ശത്രുക്കളെ, (ശത്രു = നായും നരിയും) രന്ധ്റപ്രതീക്ഷനായോൻ = തരംനോക്കി നിൽക്കുന്നവൻ (ആകുന്നു.)

No: 3990

൯. "വേണുവൂതീട്ടന്യകാര്യാൽ
കണ്ണകന്നു കളിക്കരം
എന്നാലിങ്ങോടി നക്കീട്ടും
കണ്ണ! കന്നു കളിക്കരം."

൧൦. "ഹരിയന്നാളമ്മധുര-
ഞ്ജിക്കും മട്ടൂതി വംശനാളം മധുരം
ഭൂമിത്തട്ടിലസിതയായ്
ചടുലകടാക്ഷാളിപാളി തട്ടി ലസിതയായ്."

---

ശ്ലോ. 9—ശ്രീകൃഷ്ണനോടു പറയുന്നു, "അന്യകാര്യാൽ=കാര്യാന്തരത്തിൽനിന്നു, കണ്ണ് അകന്ന്=ദൃഷ്ടി വേർപെട്ടു, (കാര്യാന്തരത്തിൽ ദൃഷ്ടി വെക്കാതെ എന്നർത്ഥം) വേണു=ഓടക്കുഴൽ, ഊതീട്ട്=വിളിച്ചുകൊണ്ട്, അരം=ഭൃശം, കളിക്ക്=ക്രീഡിക്കുക, കണ്ണ!=ശ്രീകൃഷ്ണാ!, എന്നാൽ=അങ്ങിനെ ചെയ്താൽ, കന്നുകൾ=പശുക്കുട്ടികൾ, ഇങ്ങ്=ഇവിടേക്കു, ഓടി=പാഞ്ഞുവന്നു, ഇക്കരം=ഈ (നിന്റെ) കയ്യിനെ, നക്കീട്ടും=നക്കും.

ശ്ലോ. 10— അന്നാൾ=അപ്പോൾ, ഹരി=ശ്രീകൃഷ്ണൻ, വംശനാളം=ഓടക്കുഴലിനെ, അമ്മധു=സ്വാദിഷ്ഠതേന പ്രസിദ്ധമായ തേൻ; രഞ്ജിക്കുംമട്ട്=രഞ്ജിക്കുന്നുവോ=ചേർന്നിരിക്കുന്നുവോ എന്നു തോന്നുന്ന വിധത്തിൽ, അല്ലെങ്കിൽ സദൃശസ്വാദുത്വത്താൽ ഇണങ്ങുന്നവിധം, മധുരം=മധുരമാംവണ്ണം, ഊതി=വിളിച്ചു=(ശബ്ദിച്ചു): ചടുലകടാക്ഷാളിപാളി=ചടുലങ്ങളായ=ചഞ്ചലങ്ങളായ, കടാക്ഷങ്ങളാകുന്ന, അളികളുടെ=വണ്ടുകളുടെ, പാളി=സമൂഹം, അസിതയായ്=കറുപ്പോടുകൂടിയും, ലസിതയായ്=ശോഭയോടുകൂടിയും, ഭൂമിത്തട്ടിൽ=നിലത്തു, തട്ടി=പ്രസരിച്ചു എന്നർത്ഥം.

൧൧. അമൃതസ്തോമ ലഹരിയു-
ണ്ടാംവണ്ണം പാടി തോടിയും മലഹരിയും
പല മണി മുത്തരി വളയും
പൊൻകാൽവളയും കലുങ്ങി തൻ തരിവളയും

൧൨. അഥ വന്നാൻ പകലവന-
ന്നഭസ്സിൽ നടുവിൽ, തപിച്ചുപോയ് സകല
വനം
അക്കൻ തൻ പൃഥുകരവർ-
ധിത വൈവശ്യം പറഞ്ഞ പൃഥുകരവർ.

---

ശ്ലോ. 11— തോടിയും മലഹരിയും, (രാഗവിശേഷങ്ങൾ) അമൃതസ്തോമലഹരി = പീയൂഷോച്ചപ്രവാഹം ഉണ്ടാംവണ്ണം = ഉണ്ടാകുന്നുവോ എന്നു തോന്നുംവണ്ണം, പാടി = ഗാനംചെയ്തു (ശ്രീകൃഷ്ണൻ) പല = നാനാവിധമായ, മണിമുത്തരി = അരി = തണ്ടലംപോലെയുള്ള മണിമുത്തുകൾ, വളയും = പുറം, പതിച്ചിട്ടുള്ള എന്നത്ഥം, പൊൻകാൽവളയും = സ്വണ്ണംകൊണ്ടുള്ള പാദാംഗദവും, തൻതരിവളയും = തന്റെ = അവന്റെ (ശ്രീകൃഷ്ണന്റെ) തരിവളയും (കങ്കണവിശേഷം) കലുങ്ങി = ശബ്ദിച്ചു.

ശ്ലോ. 12—അഥ = ഇങ്ങിനെ കുറച്ചുകഴിഞ്ഞപ്പോൾ, പകലവൻ = സൂര്യൻ, അന്നഭസ്സിൽ = ആ (വിസ്തൃതമായ) ആകാശത്തിൽ, നടുവിൽ = മദ്ധ്യത്തിൽ, വന്നാൻ = വന്നു, (ഉച്ചയായി എന്നത്ഥം) സകലവനം = കാടു മുഴുവൻ, തപിച്ചുപോയി = ചൂടുകൊണ്ടു വെന്തപോലെ ആയി; പൃഥുകർ അവർ = കുട്ടികളാകുന്ന അവർ, അക്കൻതൻ പൃഥുകരവർധിത വൈവശ്യം = അക്കൻതൻ = സൂര്യന്റെ, പൃഥുക്കളായ = (ശക്ത്യാധിക്യം കൊണ്ടു) വലിപ്പമുള്ളവ (എന്നു തോന്നപ്പെടുന്നവ)യായ, കരങ്ങളാൽ =

ഹന.　"എന്തൊരു കാലം !! ഘനമായ്
ഗ്രീഷ്മം കത്തുന്നു കാൺക കാലംഘനമായ്
വളരേ മോശം മൊട്ടും
തളിരും തരുവിൽ ഭവിക്കുമോ? ശമ്മൊട്ടും"

ഹർ.　"മുമ്പിതു കത്തിക്കാളി-
ല്ലരിയുകിലപ്പുല്ലു കാൺക! കത്തിക്കാളി
തരുവിൻ തിരുറം നീരാറി-
ല്ലിരവിൽ തീക്കൊണ്ടകന്നിത്തിരുറം നീരാറി"

---

കിരണങ്ങളാൽ, വർദ്ധിതമായ = വർദ്ധിച്ചതായ, വൈവശ്യത്തോടു, പാരവശ്യത്തോടു കൂടുംവണ്ണം പറഞ്ഞു.

ശ്ലോ. 13—എന്തൊരു = എത്ര അസഹ്യമായ എന്നർത്ഥം, കാലം = സമയം (ആയിരിക്കുന്നു ഇതു) കാൺക; ഗ്രീഷ്മം = ഗ്രീഷ്മർത്തു, ഘനമായ് = ഗുരുതരമായും, അലംഘനമായ് ലംഘനം = അതിക്രമണീയത (ഒഴികഴിവു) ഇല്ലാത്തതായും, കത്തുന്നു = ഉജ്ജ്വലിക്കുന്നു, തരുവിൽ = വൃക്ഷങ്ങളിൽ, തളിരും മൊട്ടും = തളിരുകളും മൊട്ടുകളും (തണപ്പിന്നു സഹായം) വളരേ, മോശം = ദുർല്ലഭം, (ആയിരിക്കുന്നു) ശമ്മ് = മംഗളം, ഒട്ടും അല്പമെങ്കിലും, ഭവിക്കുമോ? = ഭവിക്കയില്ല എന്നർത്ഥം,

ശ്ലോ. 14—ഇതു = (പുല്ല്, മുമ്പു = ഗ്രീഷ്മർത്തുവിന്നു മുമ്പു, അരിയുകിൽ = ചറുക്കുകിൽ, കത്തിക്കു = അറുക്കുന്ന ആയുധവിശേഷത്തിനു, ആളില്ല = ആളുക (കീഴടങ്ങുക) യില്ലായിരുന്നു, അത്ര ദൃഢമായിരുന്നുവെന്നർത്ഥം) അപ്പുല്ലു = അങ്ങിനെയിരുന്ന പുല്ലുകൾ, കത്തിക്കാളി = കത്തിവെന്തു, കാൺക = കാണുക; തരുവിൽ = മരങ്ങളിൽ, തിരുറം = തളിരു, നീരാറില്ല = നീര് (തളിർത്തു) വരാറില്ല (ഉണക്കംകൊണ്ടു), ഇരവിൽ = രാത്രി

൧൫. "പത്രലതാ ലവനത്തെ
ഗ്രീഷ്മം ചെയ്യുന്നു കാൺക താലവനത്തെ
ചെന്നു മിളന്നീരമല-
ഞ്ഞിടാതെ കയ്യേൽക്കാണ്ടിടാമിളന്നീരമലം"

൧൬. ഹരി പശുവേ തടവി തലേ-
ന്നോത്തെ കാര്യത്തിനേയുമോർത്തടവിതലേ
"യമുനാകൂലം നോക്കി
നല"മനോതിജ്ജനാനുകൂലം നോക്കി.

---

യിൽ. തീകൊണ്ടു = കാട്ടുതീയേറ്റുകൊണ്ടു, ഇരുൾ = അന്ധകാരം, അകന്നിതു = ഒഴിഞ്ഞു (ഒഴിയുന്നു) നീര് (ജലാശയങ്ങളിലുള്ള) വെള്ളങ്ങൾ, ആറി = വാറി.

ശ്ലോ. 15—ഗ്രീഷ്മം = ഗ്രീഷ്മർത്തു, പത്രലതാലവനത്തെ = പത്രങ്ങളുടേയും = ഇലകളുടേയും, ലതകളുടേയും = വള്ളികളുടേയും, ലവനത്തെ = ഛേദനത്തെ, = നാശത്തെ, ചെയ്യുന്നു = വരുത്തിക്കൂട്ടുന്നു; (എങ്കിലും കാറെ അകലെയായി) താലവനത്തെ = താലങ്ങളുടെ = പനകളുടെ വനത്തെ = കാട്ടിനെ കാൺക; അലഞ്ഞിടാതെ = ഉഴന്നു നടക്കാതെ, ചെന്നു = (ആ പനമരക്കാട്ടിൽ) പോയി, അമലം = അഴുക്കില്ലാത്തതും, മിളന്നീരം = മിളത്തായ = ലഭിക്കപ്പെടുന്നതായ, നീരത്തോടു = വെള്ളത്തോടു കൂടിയതുമായ, ഇളന്നീരം = പനയുടെ ഇളയ ഫലം; കൈക്കൊണ്ടിടാം = എടുക്കാം.

ശ്ലോ. 16—ഹരി = ശ്രീകൃഷ്ണൻ, പശുവേ തടവി = തലോടുകയും, തലേന്നത്തെ = തലേയന്നു, ജലദേവത പറഞ്ഞ, കാര്യത്തിനേയും = കർത്തവ്യത്തെ; ഓർത്തു = ഓർക്കുകയും, ചെയ്തിട്ടു, അടവിതലെ = കാട്ടിൽ,

൧൭. തത്രൈവ ചെന്നു പശുപാളി, യവാരി
താന്ത-
സ്തുട്ടാൾ നുകൎന്നു വിഷ,മാളിയവാരി,
താന്തം;
രാജീവനാശന മയാക്ഷിയണച്ചു,
വായ്ച്ചോ-
രാജീവനാശന വിഷവ്യഥ തീൎത്തു കൃഷ്ണൻ.

---

നോക്ക=നമുക്ക, ഇന്ന്=ഈ ദിവസം, (വിശ്രമിക്കുവാൻ) യമുനാകൂലം= യമുനാനദിയുടെ തീരപ്രദേശം, അലം=മതി, എന്നോതി=എന്നു പറഞ്ഞു, ജനാനുകൂലം=ജനങ്ങൾ അനുകൂലിക്കുംവണ്ണം, നോക്കി വീക്ഷിച്ചു.

ശ്ലോ. 17—പശുപാളി=പശുക്കളുടെ പാളി=സമൂഹം, പശുപന്മാരുടെ ആളി= സമൂഹം എന്നും, തത്രൈവ = യമുനാകൂലത്തിൽതന്നെ, ചെന്നു=പോയിട്ട്, അവാരിതാന്തസ്തുട്ടാൽ=അവാരിതമായ=അടങ്ങാത്ത, അന്തസ്തുട്ടാൽ= അന്തൎദ്ദാഹത്താൽ, വിഷമാളിയ=(കാളിയൻെറ) വിഷം കലൎന്ന, വാരി=വെള്ളം, താന്തം=തളൎച്ചയുണ്ടാകുംവണ്ണം, നുകൎന്നു=കുടിച്ചു; കൃഷ്ണൻ=ശ്രീകൃഷ്ണൻ, വായ്ച്ചോരു=വൎദ്ധിച്ച, ആജീവനാശനവിഷവ്യഥ ആ, = ജീവനത്തിൻെറ=വെള്ളത്തിൻെറ അശനം ഹേതുവായിട്ട് = കുടിക്കൽ ഹേതുവായിട്ടുണ്ടായ,അല്ലെങ്കിൽ ജീവനാശനമായ= മരണകാരണമായ, വിഷവ്യഥ = വിഷംകൊണ്ടുള്ള വ്യഥയെ = പീഡയെ, രാജീവനാശനമയാക്ഷി= രാജീവനാശനമയമായ = ചന്ദ്രസ്വരൂപമായ (രാജീവം= താമര, നാശനൻ = വിരോധി) അക്ഷി= കണ്ണ്, അണച്ചു= (കണ്ണുകൊണ്ടു നോക്കീട്ട് എന്നൎത്ഥം) തീൎത്തു= ശമിപ്പിച്ചു.

ശ്ലോ. 18

സ്രഗ്ധ. "നഗത്തെ വെന്നീടും ഫണഗണമെഴും
ദുഷ്ടമതി പ-
ന്നഗത്തെ വെല്ലാഞ്ഞാൽ ധരണിയുടെ
യഭ്യർത്ഥനമതാം,
കടം പേറീടാനാ"മിതി ഹലിയൊടോതീ
ട്ടരികിലേ-
കടമ്പേറി കൃഷ്ണൻ ധൃതിയൊടു കുതിച്ചാൻ
പുഴയതിൽ.

ഉപ. കളായഗുച്ഛച്ഛവിപോലെ ചാരു-
ക്കളായ ഗാത്രാഭകളാൽ മുകുന്ദൻ;
കാളാരവിന്ദങ്ങളെ നൽകി മുന്നേ-
ക്കാളാരവിപ്പെണ്മണിയാം നദിക്കായ്.

---

ശ്ലോ. 18—നഗത്തെ = പർവ്വതത്തെ, വെന്നീടും = ജയിക്കുന്ന, (പർവ്വതസദൃശമായ) ഫണഗണം = ഫണസമൂഹം, എഴും = ഉള്ള, ദുഷ്ടമതിപന്നഗത്തെ = ദുഷ്ടബുദ്ധിയായ പാമ്പിനെ, വെല്ലാഞ്ഞാൽ = ഒതുക്കാതിരുന്നാൽ, ധരണിയുടെ = ഭൂദേവിയുടെ, അഭ്യർത്ഥനമതാം = അപേക്ഷയാകുന്ന; കടം = ബാദ്ധ്യത, പേറീടാൻ, ആം = വഹിക്കേണ്ടതായി വരും, എന്നർത്ഥം, ഇതി = എന്ന്, കൃഷ്ണൻ = ശ്രീകൃഷ്ണൻ, ഹലിയൊടു = ബലഭദ്രരോട്; ഓതീട്ടു = പറഞ്ഞിട്ടു, അരികിലേ = സമീപത്തുണ്ടായിരുന്ന; കടമ്പ് = കടമ്പുമരത്തെ, ഏറി = ആരോഹിച്ചു (എന്നിട്ടു) ധൃതിയൊടു = ഉത്സാഹത്തോടുകൂടി, പുഴയതിൽ = നദിയിലേക്കു, കുതിച്ചു = തുള്ളി (ചാടി)

ശ്ലോ. 19— മുകുന്ദൻ = ശ്രീകൃഷ്ണൻ; കളായഗുച്ഛച്ഛവിപോലെ = കളായങ്ങളുടെ = കായാവുകളുടെ, ഗുച്ഛങ്ങളുടെ = പൂക്കുലകളുടെ, ഛവിപോലെ = ശോഭപോലെ, ചാരുക്കളായ = മനോഹരങ്ങളായ, ഗാത്രാഭകൾ

— അൎദ്ധഭ്രമകം —

| | |
|---|---|
| മഹാനദി | രയാൽത്തുള്ളി |
| ഹാനി വക്കി | ന്നമേററിതു |
| നവമായ | തിരാമേയാൽ |
| ദിക്കിയന്നി | തതിന്നര |

വ. ൨൦.

വ. ൨൧. ഹരി തുള്ളുന്നളവിൽ, ലാ-
സ്യാ പൂണ്ടപ്പുഴ പുളച്ചതിന്നളവില്ലാ;
കരയതിന്നരയും തിരയും
പിണയും, ചേൎന്നിത്ഥമാടി നരയും തിരയും.

---

ളാൽ = ദേഹകാന്തികളാൽ, (പ്രസരണഭൂയസ്ത്വത്താൽ ബഹുവചനം) ആ, രവിപെണ്മണിയാം = ആദിത്യന്റെ മകളായ, ആ, നദിക്കായ്, യമുനാനദിക്ക്, മുന്നേക്കാൾ = മുമ്പുള്ളതിനെക്കാൾ പുറമേ എന്നൎത്ഥം, കാളാരവിന്ദങ്ങളെ = നീലത്താമരകളെ, നൽകി = കൊടുത്തു.

ശ്ലോ. 20—മഹാനദി = യമുന; രയാൽ = വേഗത്തിൽ, തുള്ളി = ഉച്ചലിച്ചു, നവമായ = പുതുതായുണ്ടായ; തിരാമേയാൽ = തിരകളുടെ = വീചികളുടെ, മേയ് = മേനി ഹേതുവായിട്ട്, വക്കിന്നും = തീരപ്രദേശത്തിന്നും, ഹാനി = ഇടിവ്, ഏററിതു = സംഭവിക്കുകയും ചെയ്തു, അതിൽ = വീചികളുടെ, നര = ഫേനങ്ങളെ, ദിക്ക് = ദിക്കുകൾ, ഇയന്നിതു = സ്വീകരിച്ചു, (നരകൾ നാലുപാടും പ്രസരിച്ചുവെന്നൎത്ഥം)

ശ്ലോ. 21—ഹരി = ശ്രീകൃഷ്ണൻ, തുള്ളുന്നളവിൽ = തുള്ളിക്കളിക്കുന്ന സമയത്തിൽ, അപ്പുഴ = യമുന, ലാസ്യം = ലീലയോ, പൂണ്ട് = കൈക്കൊണ്ട്; പുളച്ചതിന്ന് = ഉട്ടുക്ക കാണിച്ചതിന്ന്, അളവ് = ഇത്ര (കണക്ക)

൨൨. അഭ്രത്തോളം തുള്ളി
ക്കൂട്ടം പൊങ്ങിക്കളിച്ചിതോളം തുള്ളി
പ്രിയയൊടു സംഭോഗിയ്ക്കും-
പൊഴുതിതിനാൽ ഞെട്ടി മാനസം ഭോഗിയ്ക്കും.

൨൩. ക്രീഡാലമ്പട നിരയേ
മുട്ടിക്കുമ്പോൾ കയൎത്ത ലംപടനിരയേ,
സപദി നിവൎത്തിച്ചാടി-
ക്കാളിയനംഭസ്സിളക്കി വൎത്തിച്ചാടി.

---

ഇല്ല, നുരയും = ഫേനങ്ങളും, തിരയും = തിരമാലകളും, കരയതിന് = തീരത്തോടു, ഉരയും = ഉരുമ്മുക, തിരയും = തിരുമ്മുക, ചേൎന്നു പിണയും = ഇണങ്ങുകയും പിണങ്ങുകയും ചെയ്യും, ഇത്ഥം = ഇങ്ങിനെ, ആടി = ചലിച്ചു.

ശ്ലോ. ൨൨— ഓളം = കല്ലോലങ്ങൾ, തുള്ളി = ഉച്ചലിച്ചിട്ടു, തുള്ളിക്കൂട്ടം = ബിന്ദുസമൂഹം, അഭ്രത്തോളം = ആകാശത്തിലോളം, പൊങ്ങിക്കളിച്ചിതു = ഉയൎന്നു ലസിച്ചു, ഭോഗിക്കു = കാളിയന്നു, പ്രിയയൊടു = ഭാൎയ്യയുമായി, സംഭോഗിക്കും പൊഴുത് = സംഭോഗം ചെയ്യുമ്പോൾ, ഇതിനാൽ = ഇതു (നദീക്ഷോഭം) ഹേതുവായിട്ടു, മാനസം = മനസ്സു, ഞെട്ടി = ഇളകി.

ശ്ലോ. ൨൩— ക്രീഡാലമ്പടൻ = ക്രീഡാസക്തനായിരിക്കുന്ന, കാളിയൻ, ഇരയെ = ആഹാരത്തെ, മുട്ടിക്കുമ്പോൾ = മുടക്കുമ്പോൾ, (ശ്രീകൃഷ്ണവ്യാപാരം കാളിയന്റെ സ്വൈരജീവിതത്തിന്നു വിഘ്നമാകയാൽ) അലം = അധികമായി, കയൎത്ത് = കോപിച്ചു, സപദി = ഉടൻ, പടനിരയെ = ഫണസമൂഹത്തെ, നിവൎത്തി = വിവൃതമാക്കി, ചാടി = ഉൽപതിച്ചു, അംഭസ്സ് = ജലത്തെ, ഇളക്കിവൎത്തിച്ചു = ഇളക്കമുള്ളതാക്കിത്തീൎത്തു, ആടി = ചാഞ്ചാടി.

൨൪.　　ഫണി തൽഗ്രീവാഹനനേ
കൊതിയോടെതൃത്താൻ ഭുജംഗരിപുവാഹ
　　ഇരുള രവിസ്മയമല്ലേ　　　　[നനേ;
തീർപ്പാൻ നോക്കുന്ന മട്ടു വിസ്മയമല്ലേ?

൨൫.　　ചെന്നക്കുണ്ഡലി തൻ നേ
ത്രാഗ്നികണം തൂകി മീനകുണ്ഡലി തന്നേ
　　മെയ്യാകത്തീക്കൊത്തീ-
ട്ടും വിഷഫണജാലമങ്ങകത്തിക്കൊത്തി.

---

ശ്ലോ. 24—ഫണി = കാളിയൻ, ഭുജംഗരിപുവാഹനനേ— ശ്രീകൃഷ്ണനേ, തൽഗ്രീവാഹനനേ = അവന്റെ (ശ്രീകൃഷ്ണന്റെ) ഗ്രീവയുടെ = കഴുത്തിന്റെ, ഹനനത്തിൽ = താഡനത്തിൽ (കഴുത്തിലടിക്കുവാൻ എന്നർത്ഥം) കൊതിയോടു = ആഗ്രഹത്തോടുകൂടി, എതിർത്താൻ = എതിരിട്ടു, ഇരുള = അന്ധകാരം, രവിസ്മയമല്ലേ = രവിയുടെ = ആദിത്യന്റെ, സ്മയത്തിന്റെ = ഗർവ്വത്തിന്റെ, മല്ല = ശക്തിയെ, തീർപ്പാൻ = ഇല്ലാതാക്കുവാൻ (പോക്കാൻ) നോക്കുന്ന = ശ്രമിക്കുന്ന, മട്ടു = രീതി, വിസ്മയം = വിസ്മയാവഹം, അല്ലേ = അല്ലയോ?

ശ്ലോ. 25—അക്കുണ്ഡലി = ആ കാളിയൻ, ചെന്നു = (കൃഷ്ണന്റെ അടുത്തു) പോയിട്ട്, തൻനേത്രാഗ്നികണം = തന്റെ, കണ്ണിൽനിന്നു തീപ്പൊരികളെ, തൂകി = വിതറി, തീക്കു = അഗ്നിക്കു, ഒത്തീടും = തുല്യമായ വിഷഫണജാലം = വിഷമയമായ ഫണസമൂഹത്തെ, അങ്ങ് = ആ സ്ഥലത്തിൽ, അകത്തി = വിസ്തീർണ്ണമാക്കി, മീനകുണ്ഡലിതന്നെ = മത്സ്യാകൃതിയിലുള്ള കർണ്ണാഭരണത്തോടുകൂടിയ, ശ്രീകൃഷ്ണനെ, മെയ്യാകെ = ശരീരത്തിലെങ്ങും, കൊത്തി = ദംശിച്ചു

൨൬. ഫണി വിഷമുററിച്ചുററി-
ച്ചും, ഫലിയാതീശമെയ്യിൽ മുററിച്ചുററി
അപ്പൊഴതല്പവിലാസ-
നറിയായ്വുന്നില്ല ശേഷതല്പവിലാസം.

൨൭. ഇച്ചരിതാനി കണക്കേ
വിട്ടാർത്തിയോടേററു ഗോപരശനി കണക്കേ
പാഞ്ഞു കിതച്ചു തിരഞ്ഞു-
ള്ള വിധം കണ്ടങ്ങു മാറു തച്ചു തിരഞ്ഞു.

---

ശ്ലോ. 26—ഫണി = കാളിയൻ, വിഷം = വിഷത്തെ, ഉററിച്ചുററിച്ചും = ഏല്പിച്ചേല്പിച്ചും (വീണ്ടും വീണ്ടും ഏല്പിച്ച എന്നർത്ഥം) ഫലിയാതെ = ഫലിക്കായ്കയാൽ, ഈശമെയ്യ, ഈശൻെറ (ശ്രീകൃഷ്ണൻെറ) മെയ്യ = മേനിയിൽ, മുററി = മുഴുകെ എന്നർത്ഥം, ചുററി = ചുറഞ്ഞു, അല്പവിലാസൻ = അല്പനായ = മൂഢനായ, വിലാസനു = പാമ്പിനു, (വിലേ = വിലത്തിൽ = മാളത്തിൽ, ആസ്തേ = ഇരിക്കുന്നു എന്നതു കൊണ്ടു വിലാസൻ = പാമ്പു) അപ്പൊഴത് = ആ സമയത്തിൽ, ശേഷതല്പവിലാസം = ശേഷനാകുന്ന തല്പത്തോടുകൂടിയവൻെറ = ശ്രീകൃഷ്ണൻെറ, വിലാസം = മാഹാത്മ്യത്തെ, അറിയായ്വുന്നില്ല = അറിയുവാൻ സാധിച്ചില്ല.

ശ്ലോ. 27—ഇച്ചരിതാനി = ഈ ചരിത്രങ്ങളെ, അശനികണക്കേ = വജ്രായുധത്തെപ്പോലെ, ഏററു = അറിഞ്ഞു, കണക്കേ വിട്ടു = കണക്കില്ലാതെ, ആർത്തിയോടെ = ദുഃഖത്തോടുകൂടി, പാഞ്ഞു = ഓടി, കിതച്ചു = കിതപ്പോടുകൂടിയവരായി, തിരഞ്ഞു = സൂക്ഷിച്ചുനോക്കി, ഉള്ളവിധം = ഉള്ളതുപോലെ കണ്ടു, അങ്ങ് = അവിടെവെച്ചു, മാറുതച്ചു = മാറിൽ അടിച്ചു, തിരഞ്ഞു = വീണുരുണ്ടു.

വവ്വ. "മകനേ! തങ്കക്കട്ടേ!
വാ നിൻകളിയെന്മനം ദ്രുതാ കക്കട്ടേ!
മമ ഹൃദയം കത്തട്ടേ-
യെന്നാക്കൊല കയറിടെന്റെയങ്കത്തട്ടേ."

വൻ. "നില്പവനല്ലാരോടും
നീ വിട്ടാൽ ഞാ"നിഹേതി നല്ലാരോടും
ഉഴറിടുമച്ഛന്നമരം-
നിന്നാൽ ഹലി കാട്ടി ധൈര്യമച്ഛന്നമരം.

---

ശ്ലോ' 28—നന്ദഗോപൻ പറയുന്നു—തങ്കക്കട്ടേ=പൊൻകട്ടിക്കു സദൃശനായ, മകനേ!=അല്ലയോ പുത്രാ!, വാ=വരിക, നിൻകളി=നിന്റെ, ലീല എന്മനം=എന്റെ മനസ്സിനെ, ദ്രുതം=വേഗത്തിൽ, കക്കട്ടേ=ഹരിക്കട്ടേ, മമ=എന്റെ, ഹൃദയം=മനസ്സ്, കത്തട്ടേ=ദഹിച്ചുപോകട്ടെ എന്നു, ആക്കൊല=ആക്കിത്സിക്കായ്ക; (മഹിക്കാൻ ഇടയാകായ്ക എന്നർത്ഥം) എന്റെ, അങ്കത്തട്ടേ=അങ്കപ്രദേശത്തെ, കയറിടു=ആരോഹിക്കുക.

ശ്ലോ. 29—നീ വിട്ടാൽ=വിട്ടുപോയാൽ ഞാൻ, ആരോടും=മററാരോടു കൂടിയും, ഇഹ=ഇവിടെ=ഭൂലോകത്തിൽ, നില്പവനല്ല=ജീവിച്ചിരിക്കയില്ല, ഇതി=എന്നു, നല്ലാരോടും=സ്ത്രീകളോടുകൂടി, ഉഴറിടും=സംഭ്രാന്തനായ, അച്ഛന്നു=നന്ദഗോപർക്കു, ഹലി=ബലഭദ്രൻ, അരം=ഉടൻ, അച്ഛന്നം=സ്പഷ്ടമായി, ധൈര്യം കാട്ടി=ധൈര്യം കാണിച്ചു, അമരം നിന്നാൻ=സഹായമായി (സാന്ത്വനയിതാവായി നിന്നാൻ (നിന്നു).

നം. "മൃതിയിലിരിപ്പാം പല്ലൊ-
ന്നേററാൽ തന്നേ ചുറഞ്ഞതിപ്പാമ്പല്ലോ,
ഇതിനിന്നു ഭുവി ചികിത്സാ-
വിധിച്ചതില്ലെങ്ങുമില്ല ഹാ! വിചികിത്സാ"

നം. മടിക്കാണ്ടിന്നാമിപ്പുഴനടുവിൽ വീണാൽ ഗഹനമാ-
മടിക്കാണ്ടിന്നാഗക്കടിയതു ലഭിക്കാം, വിഷജലം,
കുടിക്കാമെന്നാലോ വ്യഥയിതു വരാ നാം, യമനെഴും
കുടിക്കാമെന്നാലോചനയതു തുടങ്ങീ സകലരും.

---

ശ്ലോ. 30—പല്ലൊന്ന് ഏററാൽ=ഒരു പല്ലേററാൽ, മൃതിയിൽ ഇരിപ്പാം=മരിക്കുമെന്നർത്ഥം, അപ്പാമ്പല്ലോ=അങ്ങിനെയിരിക്കുന്ന പാമ്പാണല്ലോ, നിന്നെ ചുറഞ്ഞത്, ഇതിന്, ഇന്ന്, ഭുവി=ഭൂമിയിൽ, എങ്ങും=എവിടേയും, ചികിത്സ= ഔഷധപ്രയോഗം; വിധിച്ചതില്ല=വിധിച്ചിട്ടില്ല, (എന്നുള്ളതിൽ) വിചികിത്സ=സന്ദേഹം, ഇല്ല, ഹാ!=കഷ്ടം.

ശ്ലോ. 31—ഇന്നാം=ഈ നമ്മൾ; മടിക്കാണ്ട്=മടിക്കാതെകണ്ട്, ഇപ്പുഴനടുവിൽ=ഈ പുഴയുടെ നടുവിൽ, വീണാൽ=വീഴുന്നപക്ഷം, ഗഹനമാം=അത്യഗാധമായ, അടിക്ക്=അടിയിലേക്ക്, ആണ്ട്=ആഴ്ന്ന, ഇന്നാഗക്കടിയതു=ഈ പാമ്പിൻെറ ദംശം, ലഭിക്കാം=ഏൽക്കാം, (പോരെങ്കിൽ) വിഷജലം=വിഷമിശ്രമായ വെള്ളം, കുടിക്കാം=പാനംചെയ്യാം

നു-വ. മാറിൽ പരം നഗരവാസികൾ

തച്ചിവണ്ണ-

മാറിൽ പരന്ന ഗരവാരിയിൽ വീണിടു

മ്പോൾ;

രാമോദിതാശ്വസനമന്‌പൊടു കേട്ടു

ചെററാ-

രാമോദിതാശയമൊടൊത്തു മടങ്ങിനിന്നു.

---

എന്നാലോ = എന്നാലാകട്ടെ, വ്യഥയിതു = ഈ വ്യഥ, വരാം = വരില്ല, നാം, യമന് = അന്തകന്ന്, എഴും = ഉള്ള, കുടിക്ക് = പുരത്തിലേക്കു, ആം = എത്തുന്നവരായിരിക്കും, എന്ന് = ഇപ്രകാരം, സകലരും = എല്ലാവരും, ആലോചനയതു = ആലോചന, തുടങ്ങി = ചെയ്തുതുടങ്ങി,

ശ്ലോ. 32—നഗരവാസികൾ = ഗോപന്മാർ, മാറിൽ = വക്ഷസ്സിൽ, പരം = വളരെ, തച്ച് = അടിച്ച്, ആറിൽ = പുഴയിൽ, പരന്ന; ഗരവാരിയിൽ = വിഷജലത്തിൽ, ഇവണ്ണം = മേൽപ്രകാരം; വീണിടുമ്പോൾ = വീഴുമ്പോൾ, രാമോദിതാശ്വസനം = രാമനാൽ = ബലഭദ്രനാൽ, ഉദിതമായ = പറയപ്പെട്ട, ആശ്വസനം = സാന്ത്വനവാക്ക്, അന്‌പൊടു = ശ്രദ്ധയോടു കൂടി, കേട്ട് = ശ്രവിച്ച് ചെററാർ = അല്പം, ആമോദിതാശയമൊടു = ആമോദിതമായ = സന്തുഷ്ടമായ, ആശയമൊടു = മനസ്സോടെ, ഒത്തു = ചേർന്ന്, മടങ്ങിനിന്നു = പിൻവാങ്ങിനിന്നു.

൩൩. മായാമയൻ കൃഷ്ണനോടേററു, തീവ്ര-
മായാമയം പൂണ്ടഹിരാട്ടു, രാഹു,
താരേശിതാവേയതുപോലെ വിട്ടി-
താരേശി താർക്ഷ്യധ്വജനേ ജയിപ്പാൻ.

---

ശ്ലോ. 33—അഹിരാട്ട് = കാളിയൻ; മായാമയൻ = മായാമയനായ, കൃഷ്ണനോടു, ഏററ് = എതിർത്തു, തീവ്രമായ് = കഠിനമായിട്ടു, ആമയം = അഴൽ, പൂണ്ട് = ബാധിച്ച്, രാഹു, താരേശിതാവേയതുപോലെ = ചന്ദ്രനേയെന്നപോലെ. വിട്ടിതു = വിട്ടൊഴിഞ്ഞു; താർക്ഷ്യധ്വജനേ = ശ്രീകൃഷ്ണനേ, ജയിപ്പാൻ = തോല്പിക്കുവാൻ, ആർ = എതൊരുത്തൻ, ഏശി = സമർത്ഥനായി ഭവിച്ചു,?

രണ്ടാം സർഗം കഴിഞ്ഞു.

# മൂന്നാം സർഗം

൧ യുക്തമിതഹിതാപത്തേ
ചെയ്യും കൃഷ്ണൻ രചിച്ചതഹിതാപത്തേ;
ശ്രാന്തിവിഹീനം തള്ളി-
ക്കയറും തിരയിൽ പിടിച്ചഹീനം തള്ളി.

൨. ഭവ്യസമസ്തകരം ഗം-
ഗേശാർച്ചിതപാദമേററി മസ്തകരംഗം,
വികസൽ കമലാസ്യത്തേ-
പൂണ്ട പരൻ ചെയ്തു ചാരുതമലാസ്യത്തേ.

---

ശ്ലോ 1—അഹിതാപത്തേ = അഹിതന്മാർക്കു = ശത്രുക്കൾക്ക് ആപത്തേ = വിപത്തിനെ, ചെയ്യും = ഉണ്ടാക്കുന്ന, കൃഷ്ണൻ = ശ്രീകൃഷ്ണൻ, അഹിതാപത്തേ = അഹിക്ക് = പാമ്പിന്ന് (കാളിയന്ന്) താപത്തേ = സന്താപത്തേ, (ശത്രുക്കൾക്ക ആപത്തേ എന്നും) രചിച്ചതു = ഉണ്ടാക്കിയതു, യുക്തം = ഉപപന്നം, ശ്രാന്തിവിഹീനം = ശ്രാന്തിയോട് = ഇടവിടലോടു, വിഹീനമാംവണ്ണം = കൂടാതെ, തള്ളിക്കയറും = മേൽക്കുമേൽ പൊങ്ങിവരുന്ന, തിരയിൽ = തിരമാലകളിൽ, അഹീനം = സർപ്പശ്രേഷ്ഠനേ, (അഹി = സർപ്പം, ഇനൻ = ശ്രേഷ്ഠൻ) പിടിച്ചുതള്ളി. (ശ്രീകൃഷ്ണൻ)

ശ്ലോ. 2—ഭവ്യസമസ്തകരം = ഭവ്യങ്ങളുടെ = മംഗളങ്ങളുടെ, സമസ്തത്തേ = സകലത്തേയും, ചെയ്യുന്നതായ, ഗംഗേശാർച്ചിതപാദം = ഗംഗേശനാൽ = പരമേശ്വരനാൽ, അർച്ചിതമായ = പൂജിതമായ, പാദത്തേ = കാലടിയെ, മസ്തകരംഗം ഏററി = (പാമ്പിന്റെ) ഫണാഗ്രസ്ഥലത്തിൽ ഏററി

൩. ഫണി പൂണ്ടിതു വിഷ്ണുപദം
കേട്ടു ഗമിച്ചാരമർത്ത്യരും വിഷ്ണുപദം,
തൂകിപ്പൂമഴ കാലേ
നമിച്ചു, ഹരിയെ സ്തുതിച്ചു പരമഴകാലേ.

൪. വാനവർ, സംഗീതരസം-
സേവ്യനെ, വാഴ്ത്തിത്തുടങ്ങി സംഗീതരസം;
അവരുടെ വാദ്യകലാ,ശം-
ഖധ്വനിയോടൊത്തു കേശവാദ്യകലാശം.

---

വെച്ചിട്ട്, വികസൽ കമലാസ്യത്തെ = വികസത്തായ = വികസിക്കുന്ന, കമലംപോലെയുള്ള = താമരപോലെയുള്ള, ആസ്യത്തെ = മുഖത്തെ, പൂണ്ടു = വഹിച്ചു, പരൻ = ശ്രീകൃഷ്ണൻ, ചാരുതമലാസ്യത്തെ = ചാരുതമമായ = ഏററവും ചാരുവായ, ലാസ്യത്തെ = നൃത്തത്തെ, ചെയ്തു.

ശ്ലോ. 3—ഫണി = കാളിയൻ, വിഷ്ണുപദം = വിഷ്ണുവിന്റെ = ശ്രീകൃഷ്ണന്റെ, പദം = കാലടി, പൂണ്ടിതു = വഹിച്ചിതു, അമർത്ത്യരും = ദേവന്മാരും, കേട്ടു = (മേൽപറഞ്ഞ വൃത്താന്തത്തെ) കേട്ടിട്ട്, വിഷ്ണുപദം = ആകാശം, ഗമിച്ചാർ = പ്രാപിച്ചു, കാലേ = യഥാവസരം, പൂമഴ = പൂവർഷത്തെ, തൂകി = ചൊരിഞ്ഞു; ഹരിയെ = ശ്രീകൃഷ്ണനെ, നമിച്ചു = നമസ്കരിച്ചു, പരം = ഏററവും, അഴകാലേ = ഭംഗിയിൽ, സ്തുതിച്ചു = പുകഴ്ത്തി.

ശ്ലോ. 4—വാനവർ = ദേവന്മാർ, സംഗീതരസാദസേവ്യനെ = സംഗീതരന്മാരാൽ = സംഗികളല്ലാത്തവരാൽ, സംസേവ്യനായിരിക്കുന്നവനെ = സേവിക്കപ്പെടേണ്ടുന്നവനായിരിക്കുന്നവനെ = ശ്രീകൃഷ്ണനെ, സംഗീതരസം = സംഗീതമായ - ഗാനത്താൽ സ്ഫുടീകൃതമായ, രസത്തോടു = ഭക്തി

൫. കപടബാലന്റെ പീലി മുടിക്കുമായ്
ചപലതാ പല താണ്ഡവമാടവേ
പരമിണക്കമൊഴിച്ചു പിണങ്ങി പോ-
ലരമണി രമണീയ വപുസ്സതിൽ.

൬. സ്ഫുടലസൽസ്മിതമാന്റെ കരം തുട-
യ്ക്കുതിനടിച്ചു നടിച്ചു പലേ രസം,
കടൽനിറൻകളി കാണ്മൊരു ശംഭു തൻ
നടനമോടിയുമോടിയുലഞ്ഞിടും.

---

രസത്തോടു കൂടുംവണ്ണം, വാഴ്ത്തിത്തുടങ്ങി = പുകഴ്ത്തുവാൻ തുടങ്ങി; കേശവാദ്യകലാശം = കേശവന്റെ = ശ്രീകൃഷ്ണന്റെ, ആദ്യമായ = പ്രഥമമായ, കലാശം = നൃത്യാപസംഹാരം, അവരുടെ = ദേവന്മാരുടെ. വാദ്യകലാശംഖധ്വനിയോടു = വാദ്യവിദ്യയോടും, ശംഖധ്വനിയോടും, ഒത്തു = ചേർന്നതായി

ശ്ലോ. 5—കപടബാലന്റെ = ശ്രീകൃഷ്ണന്റെ, പലതാണ്ഡവം = പലവിധങ്ങളായ നൃത്തങ്ങളും, ആടവേ = ആടുമ്പോൾ, പീലിമുടിക്കു = മയിൽപീലി ചൂടിയിരിക്കുന്ന തലമുടിക്കു, ചപലത = ഇളക്കം, ആയ് = ഉണ്ടായി, പരം = കൂടാതെ, രമണീയവപുസ്സതിൽ = രമണീയമായ = മനോഹരമായ വപുസ്സതിൽ = ദേഹത്തിൽ, അരമണി = അരയിൽ കെട്ടിയ കിങ്കിണി, ഇണക്കം = ഇണങ്ങിയപോലുള്ള നിലയേ, ഒഴിച്ചു = ഉപേക്ഷിച്ചിട്ടു, പിണങ്ങിപോൽ = പിണങ്ങിയപോലെയായത്രേ.

ശ്ലോ. 6— സ്ഫുടലസൽസ്മിതം = സ്ഫുടമാകുംവണ്ണം, ലസത്തായിരിക്കുന്ന = ശോഭിക്കുന്ന, സ്മിതത്തെ = മന്ദഹാസത്തെ, ആന്റെ = പൂണ്ടു, ഉടൻ = ഇടക്കിടെ എന്നർത്ഥം, കരം = കയ്യ്, തുടക്കു = ഊരുവിൽ, അടിച്ചു = താ

൭. തടിനി തന്നിലണഞ്ഞു മുഷിഞ്ഞിട്ടും-
പടമലക്കുകയെന്നവിധം വിധു;
കടുരജോമലമാർന്ന ഫണീന്ദ്രനേ,
പടമലക്കു ചവിട്ടി നനച്ചിതു.

൮. ദേവി രമാ ലാളിച്ചു-
ള്ളംഘ്രി ഫണിക്കദ്രിഭാരമാലാളിച്ചു,
ഉരഗവപുസ്സു മഹാസം-
കടത്തിലായ്, സന്മുഖത്തിലായ്, സുമഹാസം

---

ഡിച്ചുകൊണ്ടു്: പടുതമാം = നാതരമായ, രസം = വീരഹാസ്യാദിയായ രസത്തെ, നടിച്ചു = അഭിനയിച്ചു; (ശ്രീകൃഷ്ണൻ) കടൽനിറൻ കളി = കടൽനിറന്റെ = ശ്രീകൃഷ്ണന്റെ, കളി = നൃത്തനം, കാണ്മൊരു = കാണുമാറാകുന്ന, ശംഭുതൻ നടന മോടിയും = പരമേശ്വരന്റെ പോലും, നടനമോടി = നടനത്തിന്റെ = നൃത്തനത്തിന്റെ; മോടി = ഭംഗി, ഓടി = പാഞ്ഞു, ഉലഞ്ഞിട്ടും = ക്ഷീണമാകും, (അസുന്ദരമാകയാൽ)

ശ്ലോ. 7—വിധു = ശ്രീകൃഷ്ണൻ, തടിനി തന്നിൽ = പുഴയിൽ, അണഞ്ഞു = പ്രവേശിച്ചു, കടുരജോമലാ = കഠിനമായ, രജസ്സാകുന്ന = രജോഗുണമാകുന്ന, മലത്തെ = അഴുക്കിനെ, ആർന്ന = കൈക്കൊണ്ടിരിക്കുന്ന, ഫണീന്ദ്രനേ, മുഷിഞ്ഞിട്ടും = മലിനമായ, പടം = വസ്ത്രത്തെ, അലക്കുക = സ്വച്ഛമാക്കുക, എന്നവിധം = എന്നപോലെ, പടമലക്കു = മലപോലെയുള്ള = പർവ്വതംപോലെയുള്ള, പടത്തിന്നു = ഫണത്തിനു, ചവിട്ടിനനച്ചിതു = ചവിട്ടിനനച്ചു.

ശ്ലോ. 8—ദേവി = ദേവത്വമുള്ളവളായ, രമാ = മഹാലക്ഷ്മി, ലാളിച്ചുള്ള = സുസ്നേഹം ശുശ്രൂഷിച്ച, അംഘ്രി = (ശ്രീകൃഷ്ണന്റെ) പാദം, ഫ

൯.	ഹരി, യഴൽ, മാററിക്കേറും-
തോറുമൊരോരോ ഫണത്തെ മാററിടക്കേറും,
ഫണിപ്പതി നീരും കരയും-
കാണാതേ കയത്തിൽ മുങ്ങി നീരും കരയും.

൧൦.	ഫണിതൻ പ്രാണനററീട്ടു-
മാറിലെത്തി രമാലയാൽ,
പീഡയേററും വീപ്പിടഞ്ഞു-
മാറിലേത്തിരമാലയാൽ.

---

ണിക്കു = കാളിയന്നു, അദ്രിഭാരമാല് = അദ്രിയുടെ = പർവ്വതത്തിൻെറ, ഭാരംകൊണ്ടുണ്ടാകുന്ന മാല്പോലെയുള്ള, മാല് = അസഹ്യതയെ, ആളിച്ചു = ഉണ്ടാക്കി, ഉരഗവപുസ്സു = പാമ്പിൻെറ ശരീരം, മഹാസങ്കടത്തിലായി = വരെ കഷ്ടതയിലായി, സമ്മുഖത്തിൽ = സത്തുക്കളുടെ മുഖത്തിൽ, സുമഹാസം = പുഞ്ചിരി; ആയി = ഉത്ഭവിച്ചു, (സന്തോഷത്താൽ).

ശ്ലോ. 9—ഹരി = ശ്രീകൃഷ്ണൻ, മാററിക്കു = ശത്രുവിന്നു, അഴൽ = പീഡ, ഏറുന്തോറും = വദ്ധിക്കുമ്പോളെല്ലാം, ഓരോരോ ഫണത്തേ = ഏതു ഫണം ക്ഷീണമായോ ആ ഫണത്തേ, മാററി = വിട്ടു, കേറും = (വേറൊരു ഫണത്തെ) ആരോഹിക്കും, ഫണിപതി = കാളിയൻ, നീരും = വെള്ളവും, കരയും = തീരവും, കാണാതെ = (തളച്ചയാൽ) കാണ്മാൻ കഴിയാതെ, കയത്തിൽ = ഹ്രദത്തിൽ, മുങ്ങി = ആണ്ടു, നീരു = നിവരും, കരയും = രോദനംചെയ്യും (താല്പര്യഭാവി)

ശ്ലോ. 10— രമാലയാൽ = ശ്രീകൃഷ്ണനിൽനിന്നു, പീഡയേററും = ചരണഘാതംകൊണ്ടുള്ള പീഡയേല്പാവിച്ചും, ആറിലേ = പുഴയിലുള്ള,

൧൧. ഉരഗരാട്ട് ചവിട്ടുകളേൽക്കവേ,
മനമിളക്കമിളക്കമണവായ് തുലോം,
പരമ പാവനനായ് ഫണി ശൌരിതൻ-
ചരണമാരണമാന്യതയേൽക്കയാൽ.

൧൨. കണ്ടകന്നധികമാർത്തിയെ നന്ദൻ
കണ്ടകന്നഴൽ ധരിത്രിയിൽ നിന്നും
വാരി ജായയെയെടുത്തഥ കാട്ടി
വാരിജായതവിലോചന കേളി.

---

തിരമാലയാൽ = തിരമാലകളേക്കൊണ്ടു, വീപ്പ് = ശ്വാസോച്ഛ്വാസം, ഇടഞ്ഞു = തടസ്ഥപ്പെട്ടും, ഫണിതൻ പ്രാണൻ = കാളിയൻെറ ജീവവായു, ആറീടുമാറിൽ = അവസാനിക്കുന്നവിധത്തിൽ, എത്തി = സ്ഥിതമായി.

ശ്ലോ. 11—ഉരഗരാട്ട് = കാളിയൻ, ചവിട്ടുകൾ = ശ്രീകൃഷ്ണൻെറ പാദപ്രഹാരങ്ങളെ; ഏല്ക്കവേ = സഹിക്കുമ്പോൾ, ഇളക്ക = ഭ്രമിക്ക, മനമിളക്കം = ചിത്തചാഞ്ചല്യം (ദുഃഖം) തുലോം = വളരെ, അണവായി = കുറഞ്ഞു, ഫണി = കാളിയൻ, ശൌരിതൻ = ശ്രീകൃഷ്ണൻെറ, ചരണമാരണമാന്യത = ചരണംകൊണ്ടുള്ള = പാദംകൊണ്ടുള്ള, മാരണത്താൽ = പ്രഹരത്താൽ ഉണ്ടായ, മാന്യതയെ = മാന്യതയെത്തന്നെ, ഏല്ക്കയാൽ = പ്രാപിക്കയാൽ, പരമപാവനനായ് = ഏററവും പരിശുദ്ധനായി.

ശ്ലോ. 12—നന്ദൻ = നന്ദഗോപൻ, കണ്ടകന്നു = ശത്രുവിന്നു, അധികം, ആർത്തിയെ = ക്ഷീണതയെ, കണ്ടു, അഴൽ = വ്യസനം, അകന്നു = വിട്ടൊഴിഞ്ഞു, അഥ = പിന്നെ; ജായയെ = ഭാര്യയെ, ധരിത്രിയിൽനിന്നു = നിലത്തുനിന്നു, വാരിഎടുത്തു = പിടിച്ചെഴുന്നേല്പിച്ചു. വാരിജായതവിലോചനകേളി = വാരിജംപോലെ = താമരപോലെ; ആയതമായ = ദീർഘമായു

൧൩. “നീലവൎണ്ണന്നു വിപത്തുളവാകു-
ന്നീല വല്ലവി! പതിച്ചുഴലായ്ക!
നീ ലവം മിഴി തുറയ്ക്കുക വാട്ടു-
ന്നീ,ലവംഗതളിർമേനി നിതാന്തം.

൧൪. താണ്ഡവത്തിന്നു മുതിൎന്നു, മകൻ, മാ-
ൎത്താണ്ഡവത്സ നദിയിൽ ഫണിരാജം;
നീരസിച്ചിതയി! കാണുക! ബാലേ!
നീ, രസിച്ചി”തി കഥിച്ചിതു നന്ദൻ.

---

വിലോചനത്തോടു = കണ്ണോടുകൂടിയവന്റെ, (ശ്രീകൃഷ്ണന്റെ) കേളിയേ= കളികളെ, കാട്ടി=കാണിച്ചു.

ശ്ലോ. 13—നന്ദൻ യശോദയോടു പറയുന്നു, വല്ലവി!=അല്ലയോ ഗോപിരത്നമേ! നീലവൎണ്ണന്നു=ശ്രീകൃഷ്ണന്നു, വിപത്തു=ആപത്തു, ഭവിക്കുന്നീല=ഉളവാകുന്നീല=ഉണ്ടാകുന്നില്ല. പതിച്ചു=നിലത്തുവീണു, ഉഴലായ്ക=ക്ലേശിക്കായ്ക, നീ, മിഴി=കണ്ണ്, ലവം=അല്പം, തുറക്കുക=മിഴിക്കുക, ഈ ലവംഗതളിർമേനി= ഇലവംഗത്തളിർപോലെയുള്ള ഈ മേനി, നിതാന്തം=ഏററവും, വാട്ടുന്നു=മ്ലാനമായിത്തീരുന്നു.

ശ്ലോ. 14—അയി! ബാലേ!=അല്ലയോ! കാന്തേ! മകൻ=ശ്രീകൃഷ്ണൻ, ഫണിരാജം=കാളിയനേ, നീരസിച്ചു=നീരസനാക്കിയിട്ടു= സന്തുഷ്ടിഹീനനാക്കിയിട്ടു, മാൎത്താണ്ഡവത്സനദിയിൽ = യമുനയിൽ, താണ്ഡവത്തിന്നു=നൃത്തംചെയ്യുവാൻ, മുതിൎന്നു= ഒരുങ്ങി, നീ, രസിച്ചു=സന്തോഷിച്ചു, ഇതു=ഈ നൃത്തം, കാണുക, ഇതി=എന്നു, നന്ദൻ, കഥിച്ചിതു=പറഞ്ഞു

൧൫. "വെണ്ണ, മററവില്ല, പാലി,വ ഭർത്താ-
വെണ്ണമററ വിലയാക്കിയ നൃത്തം;
കാളിയന്നിത!. യഥാരുചി നമ്മേ-
ക്കാളിയന്നിതി" കഥിച്ചു യശോദാ.

൧൬. കാറിനല്പതപെട്ടും കരുസർപ്പം
കാറിനൽപതപെട്ടും കട്ടരക്തം
മാറിദർപ്പവുമമർഷവുമെല്ലാ
മാറി ദർപ്പക പിതൃഭ്രമണത്താൽ.

---

ശ്ലോ. 15— ഭർത്താവ് = നന്ദഗോപൻ, എണ്ണമററ=അനവധി, വെണ്ണ=നവനീതം, മററ കൂടാതെ, അവില്ല=പൃഥുകം, പാല്=ദുഗ്ദ്ധം ഇവ=ഇതുകൾ, വിലയാക്കിയ=യാതൊന്നിന്ന വേണ്ടി വിലയുടെ നിലയിൽ കൊടുത്തിരുന്നുവോ അങ്ങിനെയിരിക്കും, നൃത്തം, കാളിയന്നു, നമ്മേക്കാൾ=നമ്മളെ അപേക്ഷിച്ചു അധികം, യഥാരുചി=അഭിരുചിതമാകുംവണ്ണം, ഇത!=പ്രത്യക്ഷമായി, ഇയന്നിതു=ലബ്ധമായി (എന്നു) യശോദ, കഥിച്ചു=പറഞ്ഞു.

ശ്ലോ. 16—കാറിന്നു=കാർമുകിലിന്നു, അല്പത=ലഘുത്വം, പെട്ടും=പെടുവാൻ ഹേതുവായ, കരുസർപ്പം=കറുത്ത കാളിയൻ, നൽപത=കാണ്മാൻ ഭംഗിയുള്ള നര, പെട്ടും=ചേർന്നുള്ള, കട്ടരക്തം=കട്ടിയായ=ഭയങ്കരമായ, രക്തം=ചോരയേ, കാറി=വമിച്ചു, ദർപ്പകപിതൃഭ്രമണത്താൽ=ദർപ്പകന്റെ=കാമദേവന്റെ, പിതാവിന്റെ=ശ്രീകൃഷ്ണന്റെ, ഭ്രമണത്താൽ=ചുററിക്കലാൽ, ദർപ്പവും-ഗർവ്വവും, മാറി=ഒഴിഞ്ഞു, അമർഷവും എല്ലാം=കോപം നിശ്ശേഷം, ആറി=നശിക്കുകയും ചെയ്തു.

൧൭. നാഗമാനിനികൾ കേണു തദാ ചെ-
ന്നാഗമാനിതരമൂർത്തി ജഗത്തിൽ,
സാരസാക്ഷി നിലയാർന്ന പുരാനേ
സാരസാക്ഷികൾ പുകഴ്ത്തി വണങ്ങി.

൧൮. ഊർദ്ധ്വൻപദവി ശ്വാസം
വലിയാമ്പോൾ പൂണ്ടു വിഷ്ണുപദവിശ്വാസം,
ബഹു മദചിത്തത്വത്തെ
ഭോഗി വെടിഞ്ഞാശ്രയിച്ചു ചിത്തത്വത്തെ.

---

ശ്ലോ 17—സാരസാക്ഷികൾ=താമരപോലെ കണ്ണുകളുള്ളവരായ, നാഗമാനിനികൾ=നാഗസ്ത്രീകൾ; തദാ=ആ സമയത്തിൽ, കേണു = വ്യസനിച്ചു, ചെന്ന്=സമീപത്തിൽ ഗമിച്ച്, ആഗമാനിതരമൂർത്തി= ആഗമങ്ങളിൽനിന്ന= വേദങ്ങളിൽനിന്ന, അനിതരമായ= വേറെയെന്നില്ലാത്ത, മൂർത്തിയോടു=സ്വരൂപത്തോടുകൂടിയവനും, ജഗത്തിൽ=പ്രപഞ്ചത്തിൽ, സാരസാക്ഷിനില= സാരമായ=ശ്രേഷ്ഠമായ, സാക്ഷിനില=സാക്ഷിസ്വരൂപത്തെ, ആർന്ന = അവലംബിച്ചവനുമായ, പുരാതന = ഈശ്വരനെ, (ശ്രീകൃഷ്ണനെ) പുകഴ്ത്തി=സ്തുതിച്ചു, വണങ്ങി=വന്ദിച്ചു.

ശ്ലോ. 18—ഭോഗി= കാളിയൻ; ഊർദ്ധ്വൻപദവി ശ്വാസം വലി= ഊർദ്ധ്വൻ എന്ന പദവിയിലുള്ള ശ്വാസംവലി, ആമ്പോൾ= ആയ സമയം (മരിക്കാറായപ്പോൾ എന്നർത്ഥം) വിഷ്ണുപദവിശ്വാസം= വിഷ്ണുപദത്തിൽ= ശ്രീകൃഷ്ണന്റെ ചരണത്തിൽ, വിശ്വാസം= ആരാധനീയത്വബുദ്ധിയെ, പൂണ്ട്=പ്രാപിച്ച്, ബഹുമദചിത്തത്വത്തെ=ബഹു= വളരെ, മദമുള്ള= അഹങ്കാരമുള്ള, ചിത്തത്തോട് = മനസ്സോടുകൂടിയവന്റെ ഭാവത്തെ,

൧൯. സ്തുതിചെയ്താനഹി, "മകര-
ച്ഛവി കുണ്ഡല! മത്തമസ്സതിന്നഹിമകര!
ജയ! ജയ! താപിഞ്ഛധരാ-
രുഹ മൂർത്തേ! ദേവകീസുതാ! പിഞ്ഛധരാ"!

൨൦. ജയ ദേവ! സുധാഭാ ര-
ഞ്ജിതകീർത്ത്യാ തീർപ്പതിന്നു വസുധാഭാരം;
ഇങ്ങിനെ, വല്ലവ!, താര-
മ്പൻ ജനകൻ നീയെടുത്തു നല്ലവതാരം.

---

വെടിഞ്ഞ് = കൈവിട്ട്, ചിത്തതാപത്തെ = ചിദ്രൂപമായ തത്വത്തെ, (ശ്രീകൃഷ്ണനെ) ആശ്രയിച്ചു = ശരണീകരിച്ചു.

ശ്ലോ. 19—അഹി = കാളിയൻ, സ്തുതിചെയ്താൻ = സ്തുതിച്ചു, എങ്ങിനെയെന്നാൽ; മകരച്ഛവികുണ്ഡല! = മകരത്തിന്റെ ഛവിയോടു = ഛായയോടുകൂടിയ കുണ്ഡലത്തോടുകൂടിയവനേ!, മത്തമസ്സതിന്ന് = എന്റെ മനസ്സാകുന്ന, തമോഗുണമാകുന്ന; തമസ്സിന്ന് = ഇരുട്ടിന്ന്, അഹിമകര = സൂര്യനായിരിപ്പവനേ! താപിഞ്ഛധരാരുഹമൂർത്തേ! = താപിഞ്ഛമെന്ന, = തമാലമെന്ന, ധരാരുഹത്തെപ്പോലെയുള്ള = മരത്തെപ്പോലെയുള്ള മൂർത്തിയോടു = ശരീരത്തോടുകൂടിയവനേ!, ദേവകീസുതാ! = ദേവകിയുടെ മകനായവനേ!, പിഞ്ഛധരാ! = മയിൽപീലി ധരിക്കുന്നവനേ!, ജയ ജയ = ജയിച്ചാലും, ജയിച്ചാലും

ശ്ലോ. 20—ദേവ = ദേവതാത്മക! ജയ! = ജയിച്ചാലും, വല്ലവ = ഗോപകുലത്തിൽ ജനിച്ചിരിക്കുന്ന ശ്രീകൃഷ്ണ! താരമ്പൻ ജനകൻ = മന്മഥന്റെ അച്ഛനായ, നീ = നിന്തിരുവടി, വസുധാഭാരം = വസുധ (ഭൂമി)യുടെ, ഭാരത്തെ, തീർപ്പതിന്നു = ശമിപ്പിക്കുവാൻ, വേണ്ടി; സുധാഭാരഞ്ജിത

വ.ഫ. “നിന്നോ, സുജനപരാധി-
നനെന്നു ബോധിച്ചതില്ല ഞാ,നപരാധീ
നിന്നോടു കാലേശ! രണം
ചെയ്വാനിവനാരു നിൻെറ കാലേ ശരണം”

വ.വ. “ജയ! ബഹുസൌഭഗ! വാനേ
പാലിപ്പവരിൽ കനിഞ്ഞിടും ഭഗവാനേ!
നന്ദകുമാര! കാരാ-
ഗൃഹഭവദുഃഖം ഹരിക്ക മാരാകാരാ!”

---

കീർത്ത്യാ = സുധയുടെ = അമൃതിൻെറ, ആഭയോടു = ശോഭയോടു, ഭഞ്ജിതമായ = ഇണങ്ങിയതായ (സദൃശമായ) കീർത്തിയോടു = യശസ്സോടു (കൂടി) ഇങ്ങിനെ = ഈദൃശമായ, നല്ലവതാരം = നല്ല = ലോകോപകാരകമായ, അവതാരത്തെ, എടുത്തു, = സ്വീകരിച്ചു.

ശ്ലോ 21— അപരാധി = അപരാധമുള്ളവനായ = കുററം ചെയ്തവനായ, ഞാൻ, സുജനപരാധീനൻ = സജ്ജന വശംവദൻ, എന്നു, ബോധിച്ചതില്ല = മനസ്സിലാക്കിയില്ല, കാലേശം = കാലത്തിനുകൂടി ഈശനായിട്ടുള്ളവനേ! ഇവൻ = ഞാൻ, നിന്നോടു, രണം = യുദ്ധം; ചെയ്വാൻ ആരു? (സമർത്ഥനല്ല എന്നർത്ഥം)· നിൻെറ = നിന്തിരുവടിയുടെ, കാലേ = പാദമേ, ശരണം = ഗതി.

ശ്ലോ. 22-ബഹുസൌഭഗ! = വളരെ സൌഭാഗ്യമുള്ളവനേ! വാനേ = സ്വർഗ്ഗത്തെ, പാലിപ്പവരിൽ = രക്ഷിക്കുന്നവരിൽ = ദേവന്മാരിൽ, കനിഞ്ഞിടും = ദയചെയ്യുവനായ, ഭഗവാനേ! = ശ്രീകൃഷ്ണ! നന്ദകുമാരാ = നന്ദഗോപൻെറ മകനായിരിപ്പവനേ!, മാരാകാരാ = മന്മഥ സദൃശ ശരീര!,

൨൩. "ശരണമനന്യായതത്തെ
മയി, കരുണാമിനിയൊഴിപ്പനന്യായത്തെ,
മുരഹര! പരമാനം ദ-
ണ്ഡിപ്പിക്കും നാഥ! നല്ക! പരമാനന്ദം."

൨൪. സ്തുതിച്ചിദം തൻ ഭജനാധികാരം
ജനാധികാരൻ ഫണി പൂണ്ട മൂലം,
സ്വഭക്തരിൽ ക്രൂരരമാപതിക്കും
രമാപതിക്കും പരിതോഷമുണ്ടായ്.

---

കാരാഗൃഹഭവദുഃഖം = കാരാഗൃഹത്തിങ്കൽനിന്നു = കാരാഗൃഹംപോലെയായ യമുനയിൽനിന്നു ഭവിച്ചതായ, ദുഃഖത്തെ, ഹരിക്ക = ഇല്ലാതാക്കുക.

ശ്ലോ. 23—അനന്യായതത്തെ = അനന്യനു = നിന്തിരുവടിയെ ഒഴിച്ചു വേറെ ഒരുത്തനു്, ആയത്തനല്ലാത്ത = സ്വാധീനനല്ലാത്ത, മയി = എന്നിൽ, കരുണാം = ദയയെ, താനു = ഏകണം, ഇനി = മേലാൽ, അന്യായത്തെ = ന്യായരാഹിത്യത്തെ, ഒഴിപ്പൻ, = ഞാൻ വിട്ടുകളയും; മുരഹര! = മുരാസുരാന്തക! പരമാനം = ശത്രുവിന്റെ മാനത്തെ, ദണ്ഡിപ്പിക്കും = പീഡിപ്പിക്കുന്ന, നാഥ!, പരമാനന്ദം = പരമസുഖത്തെ, നല്ക = തരിക.

ശ്ലോ. 24— ജനാധികാരൻ = ജനങ്ങൾക്കു ആധിയെ ചെയ്യുന്നവനായ, ഫണി = കാളിയൻ, ഇദം = ഇതു് (ഇങ്ങിനെ) സ്തുതിച്ചു, തൻ ഭജനാധികാരം = തന്റെ = ശ്രീകൃഷ്ണന്റെ, ഭജനത്തിൽ, അധികാരം = പ്രവൎത്തനം = ഉത്സാഹത്തെ, പൂണ്ടമൂലം = സ്വീകരിച്ചതുകൊണ്ടു, സ്വഭക്തരിൽ = തന്റെ ഭക്തന്മാരിൽ, അരം = ക്ഷണനേരത്തിൽ, കൂറു = വാത്സല്യം, ആപതിക്കും = ഉണ്ടാകുന്ന, രമാപതിക്കും = ശ്രീകൃഷ്ണനും, പരിതോഷം, ഉണ്ടായ്.

൨൫. "സൽസ്തോമാധിക്കാരം-
ഭിച്ചതു തന്നെ ഭുജംഗമാ! ധിക്കാരം
തവ, മമ, മർദ്ദനമേററ-
ന്ധത പോയ്, ക്ഷാന്തിക്കു വേണമർദ്ദനമേററം"

൨൬. "ഇനിയും, വിഷ, മന്തം, നേ-
രിടീയ്ക്കു്, മിഹ നിന്റെ വാഴ്ച വിഷമം തന്നേ;
പണ്ടേ പലരാശിക്കു-
ന്നിപ്പുഴ നീ വിട്ടുപോക ജലരാശിക്കു."

---

ശ്ലോ. 25—ശ്രീകൃഷ്ണൻ പറയുന്നു— ഭുജംഗമാ! = കാളിയാ! (നീ) സൽസ്തോമാധിക്ക് = സജ്ജനങ്ങളുടെ സ്തോമത്തിന്ന = സമൂഹത്തിന്നു; ആധിക്ക = ആധിയുണ്ടാക്കുവാൻ, ആരംഭിച്ചതു തന്നെ = തുടങ്ങിയതു തന്നെ ധിക്കാരം (ആകുന്നു) മമ = എന്റെ, മർദ്ദനം = പീഡനം, ഏററ് = അനുഭവിച്ചു, തവ = നിന്റെ, അന്ധത = അഹങ്കാരംകൊണ്ടുള്ള അന്ധത്വം, പോയ് = നശിച്ചു, ക്ഷാന്തിക്ക = അഹങ്കാരശാന്തിക്കു, മർദ്ദനം = പീഡനം, ഏററം = അവശ്യം, വേണം = ആവശ്യമാണ്.

ശ്ലോ. 26—ഇനിയും = ഇതഃപരവും, വിഷം = നിന്റെ വിഷം, അന്തം = (ജീവികൾക്കു) മരണം, നേരിടീക്കു = സംഭവിപ്പിക്കും, ഇഹ = ഈ സ്ഥലത്തിൽ, നിന്റെ, വാഴ്ച = വാസം, വിഷമം = ആപൽകരം, തന്നെ, നീ, പലർ = പലരും, പണ്ടേ = വളരെ കാലമായിട്ട്, ആശിക്കുന്ന = സ്നാനാദികൾക്കായുപയോഗപ്പെടുത്തുവാൻ ആഗ്രഹിക്കുന്ന, ഇപ്പുഴ = ഈ നദിയെ, വിട്ടു = ഉപേക്ഷിച്ചു, ജലരാശിക്കു = സമുദ്രത്തിലേക്കു, പോക.

ഛ. ചൊന്നാൻ ഹൃദി മുത്തുമണി-
ഞ്ഞതഹി, കൃഷ്ണനുവെച്ചു കാഴ്ചയായ് മുത്തുമണി
"ഇമ്മൊഴി മേ ശമ്മല്ലൻ-
പൊടു കേ,ളണയും വിഹംഗമേശൻ മല്ലൻ"

ഛവ "ഇഹ ഗരുഡൻ നാകിലയേ-
തരസുഖദായിൻ! കടന്നു വന്നാകിലയേ!
അവനെ ഭൂശാപത്താലേ-
പിക്കും സൌഭരിമുനീന്ദ്രശാപത്താലേ"

---

ശ്ലോ. 27-അഹി = കാളിയൻ, ഹൃദി = മനസ്സിൽ, മുത്തും = സന്തോഷത്തെ, (മും വാക്യാലങ്കാരം). അണിഞ്ഞു = ധരിച്ചു, കൃഷ്ണനു = കൃഷ്ണനു, മുത്തുമണി = മൌക്തികങ്ങളും, കാഴ്ചയായ് = ഉപഹാരമായിട്ട്, വെച്ചു = അപ്പിക്കുകയും ചെയ്തിട്ട്, ചൊന്നാൻ = പറഞ്ഞു, എന്തെന്നാൽ:—ഇമ്മൊഴി = ഈ വാക്കു, മേ = എനിക്കു, ശമ്മ = ക്ഷേമകരം, അല്ല; അമ്മൊടു = സദയം, കേൾ = ശ്രവിക്കു, മല്ലൻ = കരുത്തുള്ള, വിഹംഗമേശൻ = ഗരുഡൻ, അണയും = (ഞങ്ങൾ സമുദ്രത്തിൽ പോയാൽ എന്നെ ഹിംസിപ്പാനായി) വരും.

ശ്ലോ. 28— അയേ! = അല്ലയോ! നാകിലയേതരസുഖദായിൻ! = നാകികൾക്കു = ദേവന്മാക്കു, ലയേതരമായ = ലയത്തിങ്കൽനിന്നു, ഇതരമായ = ഭിന്നമായ (അനശ്വരമായ എന്നർത്ഥം) സുഖത്തെ ദാനം ചെയ്യുന്ന ഭഗവൻ! ഗരുഡൻ = താർക്ഷ്യൻ, ഇഹ = ഇവിടെ = യമുനയിൽ, കടന്നുവന്നാകിൽ = കടന്നുവന്നുവെങ്കിൽ, സൌഭരിമുനീന്ദ്ര ശാപത്താലേ = സൌഭരി എന്ന മഹർഷിയുടെ ശാപം നിമിത്തം, അവനെ = ഗരുഡനെ ഭൂശാപത്തു് = ഗുരുതരമായ ആപത്തു, ആക്ഷേപിക്കും = ബാധിക്കുമെന്നർത്ഥം.

൨൯. "അരികുലമാരിക്കയ്യോ-
ലുന്നതിബലനാം ഭുജഗമാരിക്ക,യ്യോ!
മാമകരൊന്നേ കബലം (ളം)
നദിയിതു വിട്ടാൽ തവാംഘ്രി താനേകബലം"

൩൦. "ചെല്ലുക കടൽമടയാള-
ങ്ങില്ലേ മൽപാദഘാതമാമടയാളം;
ഭുജംഗ! ഭൃശം കാലേ ശ-
മ്മേറിവരും, വേണ്ട ഗരുഡശങ്കാലേശം"

---

ശ്ലോ. 29— അരികുലമാരിക്കയ്യ് = അരികുലത്തിനു = ശത്രുഗണത്തിനു, മാരിയായ = ഘാതകമായ, കരത്തെ, ഓലുന്ന = വഹിക്കുന്ന, അതിബലനാം = അതിബലവാനായ, ഭുജംഗമാരിക്ക് = ഗരുഡന്ന്, കബളം = ഭക്ഷ്യം, മാമകർ = സർപ്പങ്ങൾ, ഒന്നേ = മാത്രം (ആണ്) അയ്യോ = കഷ്ടം, നദിയിതു = ഈ നദി, വിട്ടാൽ = ഒഴിച്ചുപോയാൽ, തവ = നിന്തിരുവടിയുടെ, അംഘ്രിതാൻ = പാദം മാത്രം, ഏകബലം = ഒരു ശരണം.

ശ്ലോ. 30—ഭഗവാൻ പറയുന്നു:— ചെല്ലുക = കടലിലേക്കു പൊയ്ക്കൊൾക, അവിടെ എന്തു സഹായം എന്നുവെച്ചാൽ:-അങ്ങ് = അവിടെ, കടൽമടയാൾ = മഹാലക്ഷ്മി (ഭഗവാന്റെ ഭാര്യ) ഇല്ലേ? താൻ ഭഗവൽഭക്തനാണെന്നു എങ്ങിനെ അറിയപ്പെടും:— മൽപാദഘാതം = എന്റെ കാലടി, അടയാളം = അഭിജ്ഞാചിഹ്നം, ആം = ആയിത്തീരും, ഭുജഗ! = സർപ്പമേ!, കാലേ = യഥാകാലം, ശമ്മ് = സുഖം, ഭൃശം = വളരെ, ഏറിവരും = വർദ്ധിക്കും, ഗരുഡശങ്കാലേശം = ഗരുഡനെക്കുറിച്ചു ഭയലേശം, വേണ്ട = ഉണ്ടാകേണ്ട.

൩൧. ധൃതബഹുസത്വ! രമണക-
ദ്വീപമതിങ്കൽ ഫണീന്ദ്ര! സത്വരമണക,
സുഖമൊടു മംഗ! ലസത്തേ-
ജോനിധിയായ് നീ ലഭിക്ക മംഗലസത്തേ”.

൩൨. “വാഴ്കെന്നിൽ ഭക്തിയോടും മദമത്തു
ഫണഭാജാംവര! തേ വരാതേ
പോകെന്നും”യാതനാക്കീട് ഭുജഗപരിവൃഢം;
സാഗരത്തേ, ഗരത്തേ
നീക്കിട്ടക്കാത്മജക്കും കനിവൊടു നിജതാ-
താന്തികം താന്തി കമ്പം
പോക്കിപ്പോയ്ത്തുല്ലവർക്കും സുഖമരുളി കൃപാ-
ലോകനാൽ, ലോകനാഥൻ.

---

ശ്ലോ. 31— അം!= അല്ലയോ!, ധൃതബഹുസത്വ!-ബഹു= വളരെ, സത്വത്തെ= ബലത്തെ; ധരിക്കുന്ന, ഫണീന്ദ്ര!,=കാളിയ!, സത്വരം = വേഗം, രമണകദ്വീപമതിങ്കൽ =രമണകദ്വീപത്തിൽ, അണക =ചെല്ലുക, നീ, ലസത്തേജോനിധിയായ് = ലസത്തായ= ശോഭിക്കുന്ന, തേജസ്സുകൾക്ക്, ആശ്രയമായിട്ട്, സുഖമൊടു =നിഷ്പ്രയാസം, മംഗലസത്തേ = സുമംഗളത്തെ, ലഭിക്ക = പ്രാപിക്ക.

ശ്ലോ. 32— ഫണഭാജാംവര! സർപ്പശ്രേഷ്ഠ!, തേ=നിനക്കു, മദമത്തു=മദം, വരാതെ, എന്നിൽ, ഭക്തിയോടും (കൂടി), വാഴ്ക =വസിക്ക, പോക=കടലിലേക്കു പോയ്ക്കൊൾക; എന്നും = എന്ന് (പറഞ്ഞിട്ട്) ലോകനാഥൻ = ശ്രീകൃഷ്ണൻ, ഭുജഗപരിവൃഢം= കാളിയനെ, സാഗരത്തെ = കടലിലേക്കു, യാതനാക്കി = അയച്ചിട്ട്, അക്കാത്മജക്കും= കാളിന്ദിക്കു,

൩൩. സാനന്ദം ബാഷ്പനീരിൽ പരമ സുകൃതി-
യാമജ്ജനം മജ്ജനം ചെ-
യ്താനപ്പോൾ ചേർത്തുകൊണ്ടാൻ നിരുപമ
സുഖമാനന്ദനം നന്ദനം ഗേ,
വർണ്ണിച്ചേറേ പ്രസാദാംബുധിയിലഥ രമാ
കാന്തമേകാന്തമേററി-
പ്പൂർണ്ണാമോദം ഗമിച്ചാരമരമുനികള-
ന്നാകവേ, നാകവേശ്മം.

മൂന്നാം സർഗ്ഗം കഴിഞ്ഞു.

---

ഗരളത്തെ = വിഷത്തെ, നീക്കീട്ട = ഇല്ലാതാക്കിയിട്ട, കനിവോടു = സദയം നിജതാതാന്തികം = തന്റെ അച്ഛന്റെ സമീപത്തിൽ, പോയ് = ചെന്നു, താന്തികമ്പം = താന്തിയേയും = വ്യസനത്തേയും, കമ്പത്തെയും = സംഭ്രമത്തെയും, പോക്കി = കളഞ്ഞ്, കൃപാലോകനാൽ = കരുണാവീക്ഷണം കൊണ്ടു, വല്ലവർക്കും = ഗോപന്മാർക്ക, സുഖം = സന്തോഷത്തെ, അരുളി = കൊടുക്കുകയും ചെയ്തു.

ശ്ലോ. 33—അപ്പോൾ = ആ സമയം, പരമസുകൃതികൾ = പരമപുണ്യവാന്മാരായ, അജ്ജനം = ആ ഗോപാലജനം, ബാഷ്പനീരിൽ = ആനന്ദാശ്രുജലത്തിൽ, സാനന്ദം = ആനന്ദത്തോടുകൂടി, മജ്ജനം ചെയ്താൻ = മുങ്ങി, നന്ദൻ = നന്ദഗോപൻ, ആ നന്ദനം = ആ മകനെ, നിരുപമസുഖം = നിരുപമമായ = നിസ്തുല്യമായ, സുഖത്തോടുകൂടുംവണ്ണം, അംഗേ = ഉരസ്സിൽ എന്നു വിവക്ഷിതം, ചേൎത്തുകൊണ്ടാൻ = ആലിംഗനം ചെയ്തു എന്നൎത്ഥം, അഥ = പിന്നെ, അന്ന് = ആ ദിവസം, അമരമുനികൾ = അമരന്മാരും = ദേവന്മാരും, മുനികളും = ഋഷികളും, അകവേ = ഒട്ടൊഴിയാതെ, രമാകാന്തം = ശ്രീകൃഷ്ണനെ, ഏറെ = വളരെ, വൎണ്ണിച്ച് = സ്തുതിച്ചു പ്രസാദാംബുധിയിൽ = സന്തോഷസമുദ്രത്തിൽ, ഏകാന്തം = നിൎബ്ബാധം ഏററി = പ്രവേശിപ്പിച്ച്, പൂൎണ്ണാമോദം = പൂൎണ്ണസന്തോഷത്തോടുകൂടി, നാകവേശ്മം—സ്വൎഗ്ഗത്തെ, ഗമിച്ചാർ—പ്രാപിച്ചു.

മൂന്നാം സർഗ്ഗം കഴിഞ്ഞു

# നാലാം സർഗം

൧. ലാസ്യത്തിങ്കൽ സാഹസം ചെയ്കയാൽ,മാ-
ലാസ്യത്തിങ്കൾക്കുണ്ടിവന്നിമ്മുലപ്പാൽ
ഉണ്ണിക്ക,ണ്ണാക്കാറിടുന്നോൻ പ്രിയേ" "യെ-
ന്നുണ്ണിക്കണ്ണാ! ചേരു നിന്നമ്മയേ നീ."

൨. ഇങ്ങിനെ മൊഴി നന്ദനനേ-
കം ചൊന്നേകി, പ്രിയയ്ക്കു തൻ നന്ദനനേ;
ജനനിയു മുത്സംഗത്തേ-
ത്തനയനെയേററി ലഭിച്ചു മുൽസംഗത്തേ.

---

ശ്ലോ. 1—യശോദയോടു നന്ദൻ പറയുന്നു:—ലാസ്യത്തിങ്കൽ = നൃത്തത്തിൽ, സാഹസം = ബലാൽക്കാരം, ചെയ്കയാൽ = പ്രവൃത്തിക്കയാൽ, ഇവന്നു = ശ്രീകൃഷ്ണന്നു, ആസ്യത്തിങ്കൾക്കു = തിങ്കളെപ്പോലെയുള്ള ആസ്യത്തിന്നു,—മാര് = തളച്ച്, ഉണ്ടു, അണ്ണാക്ക് = താലു, ആറിടുന്നു = വരളുന്നു, ഇമ്മുലപ്പാൽ = നിന്റെ സ്തന്യം, ഉണ്ണിക്ക് കുടിപ്പിക്കുക, (ശ്രീകൃഷ്ണനോടു) ഉണ്ണിക്കണ്ണാ! = കൃഷ്ണാ!, നീ, നിന്നമ്മയേ = നിന്റെ അമ്മയേ, ചേരു = പ്രാപിക്ക.

ശ്ലോ. 2— നന്ദൻ = നന്ദഗോപൻ, ഇങ്ങിനെ = മേൽപ്രകാരം, അനേകം = പലേ, മൊഴി = വാക്കു, ചൊന്നു് = പറഞ്ഞു്, തൻനന്ദനനേ = ശ്രീകൃഷ്ണനേ, പ്രിയയ്ക്കു = യശോദയ്ക്കു, ഏകി = കൊടുത്തു, ജനനിയും = യശോദ, തനയനെ = കൃഷ്ണനേ, ഉത്സംഗത്തേ = മടിയിൽ, ഏററി = എടുത്തുവെച്ചു, മുത്സംഗത്തേ = മുത്തിന്റെ = സന്തോഷത്തിന്റെ, സംഗത്തേ = ചേർച്ചയേ, ലഭിച്ചു = പ്രാപിക്കുകയും ചെയ്തു.

൩. മങ്കമാരൊക്കെയും കൃഷ്ണനേ സ്വസ്വമാ-
ങ്കമാരോപ്യ ഗാഢം പുണൎന്നാദരാൽ;
പങ്കജാതപ്രഭം തന്മുഖം തന്നിലെ-
പങ്കജാതങ്ങൾ പോംമട്ടു ചുംബിച്ചുതേ.

൪. "എന്നുടെ നെഞ്ചങ്ങാതി-
ഥ്യം ചെയ്യട്ടെങ്ങു കണ്ണനെൻ ചങ്ങാതി"?
ഇങ്ങിനെയടിപിടികൂടി-
ക്കിടാങ്ങൾ മാർചേൎന്നു കൃഷ്ണനെ പിടികൂടി

---

ശ്ലോ 3— മങ്കമാർ = ഗോപസ്ത്രീകൾ, ഒക്കെയും = എല്ലാവരും, കൃഷ്ണനെ,= ശ്രീകൃഷ്ണനെ, സ്വസ്വമാം= തന്റെ, തന്റെ, അങ്കം = മടിയിൽ, ആരോപ്യ = ഏററി, ആദരാൽ = ബഹുമാനത്തോടുകൂടി, ഗാഢം, = മുറുകെ, പുണൎന്നു = ആലിംഗനംചെയ്തു, പങ്കജാതപ്രഭം = പങ്കജാതത്തിന്റെ = താമരയുടെ, പ്രഭപോലെയുള്ള പ്രഭയോടുകൂടിയ, തന്മുഖം = തസ്യ = ശ്രീകൃഷ്ണന്റെ, മുഖത്തെ, തന്നിലെ = ഗോപസ്ത്രീകളിൽ അതാതാളുടെ, പങ്കജാതങ്ങൾ = പങ്കങ്ങളുടെ, അല്ലെങ്കിൽ സന്താപങ്ങളുടെ, ജാതങ്ങൾ = കൂട്ടങ്ങൾ, പോംമട്ടു = നശിക്കുംവിധം, ചുംബിച്ചുതേ = ചുംബനം ചെയ്തു.

ശ്ലോ. 4—എൻചങ്ങാതി = എന്റെ സഖാവായ, കണ്ണൻ = കൃഷ്ണൻ എങ്ങ് = എവിടെ,? എന്നുടെ, നെഞ്ച് = വക്ഷസ്സ്; അങ്ങ് = അവന്നു, ആതിഥ്യം = അതിഥിസൽക്കാരത്തെ, (ആശ്ലേഷത്തെ) ചെയ്യട്ടെ = ആചരിക്കട്ടെ; കിടാങ്ങൾ = ഗോപബാലന്മാർ, ഇങ്ങിനെ = ഇവ്വണ്ണം, (പറഞ്ഞ്) അടിപിടികൂടി = കലഹിച്ച്, കൃഷ്ണനേ = ശ്രീകൃഷ്ണനേ, മാർചേൎത്ത്, പിടികൂടി = പിടിച്ചു.

൫. ഹലിയും തന്നാവരജനേ
തലോടിയിത്ഥം പുണർന്നിതവ്വരജനേ-
അഥ ഗോപപ്രവരജനേ-
ററം തോഷിച്ചാൻ തദാ ഗൃഹീതവരജനേ.

൬. നിമഗ്നനായ് പശ്ചിമവാരിരാശിയിൽ
സമസ്തഗോപാളികനേകനാ ഹരി;
അമന്ദയാനോദ്ധൃതനായ് പരിഭ്രമൽ-
സമസ്ത ഗോപാളികനന്യനീ ഹരി.

---

ശ്ലോ. 5—ഹലിയും = ബലഭദ്രനും, തന്നവരജനേ = തന്റെ; അവരജനേ = അനുജനെ, തലോടി = തഴുകി, അവ്വരവർ = അതാതു ഗോപന്മാർ, അജ്ജനേ = ശ്രീകൃഷ്ണനെ, ഇത്ഥം = ഈവിധം, പുണർന്നിതു = ആലിംഗനംചെയ്തു; അഥ = പിന്നെ, തദാ = അപ്പോൾ, ഗോപപ്രവരജൻ = ഗോപപ്രവരന്റെ = നന്ദഗോപന്റെ, മകനായ ശ്രീകൃഷ്ണൻ, ഗൃഹീതവരജനേ = ഗൃഹീതന്മാരായ = (ദർശനാലിംഗനാദിയാൽ) സ്വീകൃതന്മാരായ, വരജനേ = ശ്രേഷ്ഠജനങ്ങളിൽ = ഗോപന്മാരിൽ; ഏററം = അതീവ, തോഷിച്ചാൻ സന്തുഷ്ടനായ്ഭവിച്ചു.

ശ്ലോ. 6—ഏകൻ = ഒരു, (മഹാവിഷ്ണുവിൽനിന്നഭിന്നനായി) ആ = ദൂരസ്ഥനായ, ഹരി = ആദിത്യൻ, സമസ്തഗോപാളികൻ = സമസ്തമായ = സമ്യക്കാകുംവണ്ണം, അസ്തമായ = സങ്കോചിക്കപ്പെട്ടതായ, ഗോക്കളുടെ = രശ്മികളുടെ, പാളിയോടു = സമൂഹത്തോടു, കൂടിയവൻ (ആയിട്ടു) പശ്ചിമവാരിരാശിയിൽ = പടിഞ്ഞാറെ സമുദ്രത്തിൽ, നിമഗ്നനായ് = മുങ്ങി, (സന്ധ്യയായെന്നർത്ഥം) അന്യൻ = മേൽപറഞ്ഞ ഹരിയിൽനിന്നു ഭിന്നനായ, ഈ ഹരി = ശ്രീകൃഷ്ണൻ, പരിഭ്രമൽസമസ്തഗോപാളികൻ = പരിഭ്രമത്തുക്കളായ = സമയം വൈകുകയാൽ ഉള്ളിൽ ഭയം ജനിച്ചവരായി, അ

൭. മാൎത്താണ്ഡജയ്ക്കധിക കാന്തികലൎന്നു, വായ്ക്കു-
മാൎത്താണ്ഡജധ്വനികളെങ്ങുമൊതു
ങ്ങിനിന്നു
പാൎത്തട്ടു, ഹാ, സഹതമസ്സിൽ മറഞ്ഞ
തഞ്ചം
പാൎത്ത്,ട്ടഹാസമൊടു കാട്ടുമൃഗങ്ങൾ
പാഞ്ഞു.

---

ങ്ങുമിങ്ങും പായുന്ന എന്നും, സമസ്തഗോപാളിയോടു = സമസ്തങ്ങളായ = ഒട്ടൊഴിയാതെയുള്ള, ഗോപന്മാരുടെ, ആളിയോടു = സമൂഹത്തോടേ, ഗോക്കളുടെ പാളിയോടു എന്നും (കൂടിയവനായിട്ട്) അമന്ദയാനോദ്ധൃതനായ് = അമന്ദമായ = ബദ്ധപ്പാടോടുകൂടിയ, യാനത്തിൽ = ഗമനത്തിൽ ഉദ്ധൃതനായ് = പ്രവൃത്തനായി.

ശ്ലോ. 7—മാൎത്താണ്ഡജയ്ക്ക് = യമുനക്ക്, അധികകാന്തി = അധികമായ = അതുവരെയുള്ളതിൽ കൂടുതലായ, കാന്തി = ശോഭ (കറുപ്പ്) കലൎന്നു = ഉണ്ടായി, (ഇരുട്ടിനാൽ) വായ്ക്കും = സന്ധ്യാസമയത്തിൽ വൎദ്ധിച്ച, ആൎത്താണ്ഡജധ്വനികൾ = ആൎത്തങ്ങളായ = ദീനങ്ങളായ, അണ്ഡജങ്ങളുടെ = പക്ഷികളുടെ, ധ്വനികൾ = ശബ്ദങ്ങൾ, എങ്ങും = എല്ലാ ദിക്കിലും ഒതുങ്ങിനിന്നു = ഇല്ലാതായ്തീൎന്നു എന്നൎത്ഥം, പാൎത്തട്ട് = പാരിടം, അസഹതമസ്സിൽ = അസഹമായ = കാട്ടിൽപെട്ടവൎക്കും മററും അസുഖകരമായ, തമസ്സിൽ = ഇരുട്ടിൽ മറഞ്ഞ = കാണപ്പെടാത്തതായ, തഞ്ചം = സൌകൎയ്യം, പാൎത്ത് = കണ്ടറിഞ്ഞ്, കാട്ടുമൃഗങ്ങൾ = നരി പുലി മുതലായവ, അട്ടഹാസമൊടു = അലറിക്കൊണ്ടു, പാഞ്ഞു = സഞ്ചരിച്ചു, അഹ! = ഭയങ്കരം ॥.

വൃ. ആ രാ,വമോഘമദരൂക്ഷ മൃഗാദനാദി-
യാരാവ,മോഘമൊട്ടുയൎത്തി, ജനത്തിനു
ള്ളിൽ;
ഭീമാർജ്ജനത്തിനു തുനിഞ്ഞളവാ മുകുന്ദൻ
ഭീ,മാൎജ്ജനത്തിലധികോത്സുകനായ് ഭവിച്ചു.

ൻ. ഈവണ്ണം രജനി കട-
ന്നപ്പോളാഭീരരോതി ചെന്നാജനികടം;
"ച്യുതിയുമിന്നല്ലിന്നുൽ-
ക്കഷ്വുമായ് നോക്കു യാത്ര നന്നല്ലിന്നു."

---

ശ്ലോ. 8— ആ രാവ് = ആ രാത്രിയിൽ, അമോഘമദരൂക്ഷമൃഗാദനാദി = അമോഘമായ = വിഫലമാവാത്ത, മദത്തോടു = അഹങ്കാരത്തോടു കൂടി, രൂക്ഷങ്ങളായ = നിഷ്ഠുരങ്ങളായ, മൃഗാദനാദി = സിംഹം മുതലായ മൃഗങ്ങൾ, ഓഘമൊട്ടു = കൂട്ടംകൂട്ടമായി, ആരാവം = ശബ്ദം, ഉയൎത്തി = അധികമാക്കി, ജനത്തിന് = ഗോപന്മാൎക്ക്, ഉള്ളിൽ = മനസ്സിൽ, ഭീമാൎജ്ജനത്തിനു = ഭീമമായ = ഭയങ്കരമായ, അൎജ്ജനത്തിനു = ഭർത്സനത്തിന്നു എന്നൎത്ഥം, തുനിഞ്ഞളവ് = തുനിഞ്ഞപ്പോൾ, ആ മുകുന്ദൻ = ശ്രീകൃഷ്ണൻ, ഭീമാൎജ്ജനത്തിൽ = ഭീയുടെ = പേടിയുടെ, മാൎജ്ജനത്തിൽ = നശിപ്പിക്കുന്നതിൽ (നാശത്തിൽ) അധികോത്സുകനായ് = അധികം ഔത്സുക്യമുള്ളവനായി, ഭവിച്ചു.

ശ്ലോ. 9—ഈവണ്ണം = മേൽപറഞ്ഞപ്രകാരം, രജനി = രാത്രി, കടന്നപ്പോൾ = കടന്നുവന്നപ്പോൾ, എന്നൎത്ഥം, ആഭീരർ = ഗോപന്മാർ, അജനികടം = അജൻെറ = ശ്രീകൃഷ്ണൻെറ, നികടം = സമീപം, ചെന്ന്, ഓതി = പറഞ്ഞു, എന്തെന്നാൽ:—ഇനന്ന് = ആദിത്യന്ന്, ച്യുതിയു = അധഃപതനവും, അല്ലിനു = രാത്രിക്ക്, ഉൽക്കഷ്വും = ഉൽപതനവും, ആയ് = ആയി (അതുകൊണ്ടു), നോക്കു = നമുക്കു, യാത്ര, (ഗോകുലത്തിലേക്കു) ഇന്ന്, നന്നല്ല.

൧൦. കത്തീ കാന്തിഭരം ശിഖിക്കു, പരമു-
ഷ്ണതപിട്ടഹോ മങ്ങവേ;
മത്താളിവ്രജമാശ്രു പോയ് ചപലതാ-
കൃത്തായ് സഹൽക്ഷതി;
സത്തായത്തിമിരം കൃതാന്ധ്യപദമായ്
തങ്കിച്ചു മൌനം ശുകം,
കഞ്ജം ശോകമൊട്ടം മയങ്ങി സഭയം
വേപിച്ചിതിപ്പാരകം.

---

ശ്ലോ. 10—ഉഷ്ണതപിട്ട് = ആദിത്യൻ, അഹോ! = ഏററവും എന്ന ർത്ഥം, മങ്ങവെ = നിഷ്പ്രഭനായപ്പോൾ, (കാണാതായപ്പോൾ എന്നു വിവ



൧൧. ചെന്താമരക്കണ്ണനരച്ചു, "ചിന്തി-
ച്ചെന്താം,മരണ്യേ ബത! രാത്രിയിങ്കൽ;
മുണ്ടാകവേ, നീർത്തു വിരിക്ക, ദുഃഖ-
മുണ്ടാകവേണ്ടാ, സുഖമായുറങ്ങാം".

---

ക്ഷിവം) ശിഖിക്ക=അഗ്നിക്ക, പരം=പ്രത്യുത, കാന്തിഭരം=പ്രകാശപൂരം, കത്തി=ജ്വലിച്ചു, മത്താളിവ്രജം=മത്തങ്ങളായ=മദിച്ച,അളികളുടെ=വണ്ടുകളുടെ, വ്രജം=സമൂഹം, ആശു=തൽക്ഷണം, സഹാർദ്ദക്ഷതി=ഹാർദ്ദമായ=ഹൃദയസംബന്ധമായ, ക്ഷതിയോടുകൂടി=ഭംഗത്തോടുകൂടി (വൈമനസ്യത്തോടുകൂടി എന്നർത്ഥം) ചപലതാകൃത്തായ്=ചപലതയെ=ചാപല്യത്തെ,ചെയ്യുന്നതായിട്ടു (അലഞ്ഞിട്ടു എന്നർത്ഥം) പോയി=അലഞ്ഞുപോയി, അത്തിമിരം=പ്രസിദ്ധമായ ഇരുട്ട്, സത്തായി=ഉണ്ടായതായി, കൃതാന്ധ്യപദമായി=ആന്ധ്യത്തിന്നു=കണ്ണുകാണായ്കക്ക; പദത്തെ=അവകാശത്തെ, ചെയ്തതായിട്ട്, ശുകം=തത്തയേ (യിൽ) (പക്ഷ്യന്തരോപലക്ഷണം) മൌനം=നിശ്ശബ്ദതയേ, തങ്കിച്ചു=ഉണ്ടാക്കി, കഞ്ജം=താമര, ശോകമൊട്ടം=ഖേദത്തോടുകൂടി, മയങ്ങി=മ്ലാനമായി, ഇപ്പാരകം=ഈ ലോകം, സഭയം=ഭയത്തോടുകൂടി; വേപിച്ചിതു=വിറച്ചു. ചക്രബന്ധം:—മദ്ധ്യാക്ഷരത്തെ പ്രദക്ഷിണീകരിക്കുന്ന മൂന്നാമത്തെ വലയത്തിൽ "ശിശുകൃഷ്ണകൃതം" ഉണ്ണികൃഷ്ണനാൽ ചെയ്യപ്പെട്ട, കുഞ്ഞികൃഷ്ണനാൽ ഉണ്ടാക്കപ്പെട്ടു എന്നും, ഏഴാമത്തെ വലയത്തിൽ "കാളിയമർദ്ദനം" എന്നും ഉദ്ധാരം.

ശ്ലോ. 11—ചെന്താമരക്കണ്ണൻ=ശ്രീകൃഷ്ണൻ, ചിന്തിച്ചു= ആലോചിച്ചു, ഉരച്ചു=പറഞ്ഞു, എന്തെന്നാൽ:— അരണ്യേ= കാട്ടിൽ, രാത്രിയിങ്കൽ=രാത്രിയിൽ, എന്തുആം=എന്തുചെയ്യാം? ബത! (വാക്യാലങ്കാരം) മുണ്ടാകവേ-മുണ്ടു=വസ്ത്രം, ആകവേ=എല്ലാം (മുഴുവനു ) നീർത്തു, വിരി

൧൨ ഹരി, ഗഹനാശയന, ത്തേ-
ന്മൊഴിതുകമ്പോൾ സമസ്തരും ശയനത്തേ;
ചെയ്തവിടെ ദ്രാഗതിയേ-
റ്റാരപ്പോൾ ഗാഢയായ നിദ്രാഗതിയേ.

൧൩. അഥ വനികാലവനതീ-
ക്ഷ്ണജ്വാലയൊടും കടന്നു കാലവനത്തീ;
വികൃതികൾ കാട്ടാ,നക്ക-
ണ്ടിതമുണ്ടായ്വന്നു, ഹന്ത കാട്ടാനകൾ.

---

ക്ക=വിരിക്കുക, സുഖമായ്=സസുഖം, ഉറങ്ങാം, ദുഃഖം, ഉണ്ടാകവേണ്ട:-

ശ്ലോ. 12—ഗഹനാശയൻ=ഗഹനമായ=അഗാധമായ, ആശയത്തോടു=അഭിപ്രായത്തോടു കൂടിയവനായ, ഹരി=ശ്രീകൃഷ്ണൻ, അത്തേന്മൊഴി=അതു__മേൽപറഞ്ഞ, തേൻപോൽ ഉള്ള (ഹൃദ്യമായ) വാക്കിനെ, തുകമ്പോൾ=പറഞ്ഞപ്പോൾ എന്നർത്ഥം, സമസ്തരും=എല്ലാവരും, അവിടെ=ആ സ്ഥലത്തു, ശയനത്തേ ചെയ്തു=കിടന്നു്, ദ്രാക്ക=പെട്ടെന്നു, ഗാഢമായ=ബലവത്തായ, നിദ്രാഗതിയേ=ഉറക്കത്തെ, അതി=അധികമായ, ഏററാർ=ഏററു.

ശ്ലോ. 13—അഥ=അനന്തരം, കാലവനതീ=കാലത്താൽ വേനൽക്കാലത്തിന്റെ ശക്തിയാൽ, ഉണ്ടാകുന്ന, വനതീ=കാട്ടുതീ, വനികാലവനതീക്ഷ്ണജ്വാലയൊടും=വനികക്ക=കാട്ടിനു, ലവനവും=ഛേദകവും, തിക്ഷ്ണവും=ശക്തയേറിയതും, ആയ, ജ്വാലയോടുകൂടി, കടന്നു=വന്നെത്തി, വികൃതികൾ=പ്രമദചേഷ്ടകളേ, കാട്ടാൻ=കാണിക്കാൻ, കാട്ടാനകൾ=വനഗജങ്ങൾക്കും, അകണ്ടിതം=ആ=ആപൽക്കാലോചിതമായ, വൈമനസ്യം, ഉണ്ടായ്വന്നു, ഹന്ത!=ഭയങ്കരം!!

൧൪. ദഹനാതങ്കം പററും-
　　മരങ്ങൾ കത്തിപ്പതിച്ചു തൻകമ്പററും;
പലവഴികൾക്ക, നലനൂ-
　　ക്കോട്ടും പൊട്ടിത്തെറിച്ചു തീക്കനലന്നു.

൧൫. തീയ്യിൽ കരിയുന്നരിയും-
　　മിത്രവുമേ, ഭേദമില്ല, കരിയും നരിയും,
പരമൊരുമയിലും പിടയു-
　　ന്നപ്പോൾ മാൻപേട, പാമ്പു, മയിലും,
　　　　　　　　　　പിടയും.

---

ശ്ലോ. 14—ദഹനാതങ്കം = ദഹനനാൽ = തീയാൽ ഉണ്ടായ, ആതങ്കം = ഉപദ്രവം, പററും = ബാധിച്ചു, മരങ്ങൾ = വൃക്ഷങ്ങൾ, കത്തി = വെന്തു, തൻകമ്പ് = തങ്ങളുടെ, സന്ധികൾ, അററും = മുറിഞ്ഞും, പതിച്ചു = വീണു, അന്ന് = ആ ദിവസം, അനലന്നു = അഗ്നിക്കു, തീക്കനല് = സ്ഫുലിംഗങ്ങൾ, പലവഴികൾക്ക് = പലഭാഗത്തേക്കും, ഊക്കോട്ടും = ശക്തിയോട്ടുംകൂടി, പൊട്ടിത്തെറിച്ചു.

ശ്ലോ. 15—കരിയും = ആനയും, നരിയും-വ്യാഘ്രവും, തീയിൽ = അഗ്നിയിൽ, കരിയുന്നു = വേവുന്നു, (ഈ വിഷയത്തിൽ) അരിയും = ശത്രുവും, മിത്രവുമേ = ബന്ധുവും, തന്നേ, ഭേദമില്ല = വ്യത്യാസമില്ല, അപ്പോൾ = ആ സമയം, മാൻപേട, പാമ്പു, മയിലും, പിടയു = പെണ്മയിലും (ഇവിയെല്ലാം) പരം = ഏററവും, ഒരുമയിലും = ഐക്യത്തിൽ, പിടയുന്നു = പിടയ്ക്കുന്നു.

൧൬ തീപ്പൊരി ചെന്നായ, കളേ-
ബരം, കുടഞ്ഞോടിടുന്ന ചെന്നായകളേ;
പരമത്തീയതി ലാക്കിൽ-
ദ്ദുർദ്ദശതാൻ ചുററിവന്നു തീയ്യതിലാക്കി.--

൧൭ സുതരൊടു കൂട്ടം പതിയും-
പത്നിയുമായ് ഖേചരങ്ങൾ കൂട്ടം പതിയും,
നിദ്രാരത്യാ പത്രോ-
ത്കരോ ചാവുന്നതെന്തോരത്യാപത്തോ?

---

ശ്ലോ. 16— അത്തീയതി = അത്ത ദിവസം, തീപ്പൊരി = സ്ഫുലിംഗം, ചെന്നായ = ബന്ധിച്ചതായ, എന്നർത്ഥം, കളേബരം = ദേഹത്തെ, കുടഞ്ഞു = ചലിപ്പിച്ചു, ഓടിടുന്ന = പായുന്ന, ചെന്നായകളേ, ദുർദ്ദശതാൻ = ദുർഭാഗ്യംതന്നേ, ചുററിവന്നു = ചുറഞ്ഞുവന്നു, പരം = ഏററവും, ലാക്കിൽ = തഞ്ചത്തിൽ, തീയതിൽ = തീയിൽ, ആക്കി.

ശ്ലോ. 17—സുതരൊടുകൂട്ടം = മക്കളോടുകൂടിയ, പതിയും പത്നിയുമായി = ആൺപക്ഷികളോടും, പെൺപക്ഷികളോടുംകൂടി എന്നർത്ഥം, ഖേചരങ്ങൾകൂട്ടം = ഖേചരങ്ങളുടെ, കൂട്ടം = നീഡങ്ങളും, പതിയു = പതിച്ചു, (ശീലഭാഷി) നിദ്രാരത്യാ = നിദ്രയിലുള്ള = ഉറക്കത്തിലുള്ള, രതിനിമിത്തം = ആസക്തിനിമിത്തം, പത്രോത്കരോ = അസംഖ്യം ജീവികൾ, ചാവുന്നതു = മരിക്കുന്നതു, എന്തോ = എന്തുകാരണത്താലുണ്ടായ, അത്യാപത്തോ! എന്നറിയുന്നില്ല എന്നു ശ്ലേഷം.

ഫവ്യ. വല്ലവരാ,രാവ,ത്തേ-
ജസ്സേ കണ്ടാർ, ഭയങ്കരാരാവത്തെ:
കേട്ടാർ, കത്തും നിറവായി-
പാളും തീ യായയവർക്കകത്തും നിറവായ്.

ഫൻ. "ഈ നിനവെന്തുരു,കേണം-
ഭോജോത്ഭവ! ഞങ്ങൾ തീയിൽവെന്തുരു
കേണം;!!
അഴൽ പെരുകും ഞങ്ങളൊട്ട-
ങ്ങേണ്ടവരെന്നോ? വിധിച്ചു കുഞ്ഞുങ്ങ
ളൊട്ടും"

---

ശ്ലോ. 18 — വല്ലവർ = ഗോപന്മാർ, ആ രാവ് = ആ രാത്രിയിൽ, അത്തേജസ്സ = ആ പ്രകാശത്തെ, കണ്ടാർ = കണ്ടു, ഭയങ്കരാവത്തെ = ഭയങ്കരമായ, ആരാവത്തെ = ശബ്ദത്തെ, കേട്ടാർ = കേൾക്കുകയും ചെയ്തു, കത്തും = കത്തുന്നതും, നിറവായിപ്പ് = പ്രകാശപ്രകർഷം, ആളും = ചെന്നിരിക്കുന്നതും ആയ, തീ = അഗ്നി, ആയവർക്ക = ആ ഗോപന്മാർക്ക, അകത്തും = ഹൃദയത്തിലും, നിറവായി = നിറഞ്ഞു.

ശ്ലോ. 19—ഗോപന്മാർ വിലപിക്കുന്നു:— അംഭോജോത്ഭവ = ബ്രഹ്മാവേ! തവ = നിന്റെ, നിനവ് = വിചാരം, എന്തു? ഞങ്ങൾ = ഗോപന്മാർ, ഉരു = അധികം, കേണ = കരഞ്ഞു, തീയിൽ = അഗ്നിയിൽ, വെന്തു = ദഹിച്ചു, ഉരുകേണം = നശിക്കണമെന്നർത്ഥം (എന്നാണോ നിന്റെ വിചാരം എന്നു മുൻവാക്യത്തോടു അന്വയം) അഴൽ = ദുഃഖം, പെരുകും = അധികമുള്ള, ഞങ്ങൾ, കുഞ്ഞുങ്ങളോടും = കുട്ടികളോടുകൂടി, ഒട്ടങ്ങേണ്ടവർ = നശിക്കേണ്ടവർ, (ആകുന്നു) എന്നോ = എന്നാണോ, വിധിച്ചു = തീർച്ചപ്പെടുത്തി, (തിരുവടിയെന്ന കർത്താവു).

വം. "കൃഷ്ണ! നിൻപൌരുഷ പ്രാഭവം കാട്ടു; തീ-
വ്രോഷ്ണമായെത്തിദീപ്രാഭ! വൻകാട്ടുതീ,
നിർഭയം പോക്കി പാപാഹിമല്ലേ, ക്ഷണ-
ത്തിൽഭവാൻ, പാവകാൽ പാഹിമല്ലേ
ക്ഷണ!"

വം. ഉള്ളു പതച്ചു മലച്ചും
വല്ലവരിതികേണു, മാറുതച്ചുമലച്ചും,
ധൃതകൌതുകം സാരാതി-
സ്ഫുടഗീരാൽ ഭീതിനീക്കി കംസാരാതി.

---

ശ്ലോ. 20—കൃഷ്ണ! = ശ്രീകൃഷ്ണ!, നിൻ പൌരുഷപ്രഭാവം=നിന്റെ, പൌരുഷത്തിന്റെ=ദിവ്യശക്തിയുടെ, പ്രഭാവത്തെ = വൈഭവത്തെ, കാട്ടു = പ്രകാശിപ്പിക്കുക, ദീപ്രാഭ = ദീപ്രമായ = ജ്വലിക്കുന്നതായ, ആഭയോടു കൂടിയ = പ്രഭയോടുകൂടിയ, വൻകാട്ടുതീ = വലുതായ കാട്ടുതീ, തീവ്രോഷ്ണമായി=തീവ്രമാകുംവണ്ണം, ഉഷ്ണമായി= ചൂടുള്ളതായി, എത്തി =വന്നു, എനിക്കു ദിവ്യശക്തിയില്ലെന്നു പറയുന്നുവെങ്കിൽ:—ഭവാൻ = നീ, പാപാഹിമല്ലേ = പാപനായ, അഹിയുടെ = പാമ്പിന്റെ, മല്ലേ = ശക്തിയെ, നിർഭയം = ഭയമില്ലാതെ, ക്ഷണത്തിൽ പോക്കി = ഇല്ലാതാക്കി, (അതിനാൽ) മല്ലേക്ഷണ = ശ്രീകൃഷ്ണ!, പാവകാൽ = തീയിൽനിന്നു, പാഹി=രക്ഷിക്കുക.

ശ്ലോ: 21— വല്ലവർ = ഗോപന്മാർ, ഉള്ളു = ഹൃദയം, പതച്ചും = പതയുണ്ടായതായും, തിളച്ചു എന്നർത്ഥം, അലച്ചും= അലയുണ്ടായതായും, ഇളകിയെന്നർത്ഥം, മാറു = വക്ഷസ്സിനെ, തച്ചു = താഡിച്ചു, മലച്ചും =

൨൨. അമൃതമഹാസത്തോടും
ശീതളമായുള്ള മന്ദഹാസത്തോടും,
സേവിച്ചാനവനീതൻ-
പതിഹരിയഥവഹ്നിയേയഥാനവനീതം;

൨൩. ക്ഷണേന വന്നെത്തി, തദാനവാഭ്ര-
മണിപ്രഭാതങ്ങു മണിപ്രഭാതം;
അറിഞ്ഞു പത്മസ്തബകം പൊഴിക്കും-
തണിഞ്ഞു തേൻ നല്ല തണിഞ്ഞതെന്നാൽ.

---

തഴമ്പിച്ചുകൊണ്ടുമെന്നർത്ഥം, ഇതി = മേൽ പറഞ്ഞപ്രകാരം, കേണ = കരഞ്ഞു; കംസാരാതി = ശ്രീകൃഷ്ണൻ, ധൃതകുതുകം = ധൃതമായ കുതുകത്തോടുകൂടി, സാരാതിസ്ഫുടഗീരാൽ = സാരം = സാരവത്തും, അതിസ്ഫുടം = വളരെ വ്യക്തവും, ആയ, ഗീരാൽ = വാക്കാൽ, ഭീതി = ഗോപന്മാരുടെ ഭയത്തെ, നീക്കി = ഇല്ലാതാക്കി.

ശ്ലോ. 22—അഥ = എന്നിട്ടു, അവനീതൻ, പതി = അവനിതൻ = അവനിയുടെ = ഭൂമിയുടെ, പതിഭർത്താവായ, ഹരി = ശ്രീകൃഷ്ണൻ, അമൃതമഹാസത്ത് = അമൃതത്തിൻെറ, മഹത്തായ = മഹനീയമായ, സത്ത് = സാരം, ഓടും = തോറ്റോടുന്ന, ശീതളമായുള്ള = തണുപ്പുള്ള, മന്ദഹാസത്തോടും = പുഞ്ചിരിയോടുകൂടി, വഹ്നിയേ = കാട്ടുതീയേ, യഥാനവനീതം = നവനീതത്തെ = വെണ്ണയേ, എന്നപോലെ, സേവിച്ചാൻ = പാനംചെയ്തു.

ശ്ലോ. 23—തദാ = അപ്പോൾ, ക്ഷണേന = വേഗത്തിൽ, നവാഭ്രമണിപ്രഭാ = മണികൾ പോലെയുള്ള = രത്നങ്ങൾപോലെയുള്ള, നവാഭ്രങ്ങ

൨൪. നളിനാളി, ജാരനളിനാളിലിപ്പോഴേ
വരവാണിതെന്നു വരവാണി ചൊൽകവേ;
മധുതന്നവാപ്തി മധുതന്നണച്ചിട്ടും-
പതിവന്നമാന്ന പതി വന്നുദിക്കവേ.

---

ളുടെ = പുതിയ മേഘങ്ങളുടെ, പ്രഭ = ശോഭ, തങ്കം = ചേന്നിരിക്കുന്ന, അണിപ്രഭാതം = സുപ്രഭാതം, വന്നെത്തി = വന്നുചേന്നു, പത്മസ്തബകം = പത്മങ്ങളുടെ = താമരകളുടെ, സ്തബകം = കൂട്ടം, പോഴിക്കും = തൂകുന്ന തണിഞ്ഞ = ശീതളമായ, തേൻ = മധു, നല്ലതു = ഹൃദ്യമായതു, അണിഞ്ഞ = കലന്നു, തെന്നൽ = കാററു, അണഞ്ഞു = വന്നു.

ശ്ലോ. 24—ജാരൻ = ഉപപതിയായ (നളിനിയുടെ പതി സൂര്യനെന്നു പ്രസിദ്ധനാകയാൽ വണ്ടിന്നു ഉപപതിത്വം) അളി = വണ്ട്, നാളിൽ = ഉദയാസ്തമയാന്തമായ കാലത്തിൽ, ഇപ്പോഴ് = ഈ പ്രഭാത സമയത്തിൽ ഇത് = ഈ ഉണ്ടാകുന്നതു, എൻവരവാണു = എൻെറ ആഗമനമാണ് എന്നു = എന്നുള്ള, വരവാണി = വരമായ = സന്തോഷപ്രദമായ, വാണി = വാക്കു, ചൊൽകവേ = പറഞ്ഞപ്പോഴ്, നളിനാളി = നളിനങ്ങളുടെ = താമരകളുടെ, ആളി = സമൂഹം, (നളിനിയെന്നർത്ഥം) പതി = സൂര്യൻ, വന്നു, ഉദിക്കവേ = ഉദിക്കുമ്പോഴ്, അധുതന്ന് = ധുതൻ = തിരസ്കരിക്കപ്പെട്ടവൻ, അല്ലാത്ത വണ്ടിനു എന്നർത്ഥം, മധുതൻെറ = തേനിൻെറ, അവാപ്തി = പ്രാപ്തിയെ, അണച്ചിട്ടു = ഉണ്ടാകുന്ന, പതിവു = ശീലത്തെ, അന്നും = ആ ദിവസത്തിലും, ആന്നു = സ്വീകരിച്ചു.

൨൫. അഥനിലയമണഞ്ഞു ഗേയദാമോദരാശി-
സ്സോടു പശുപകദംബം സ്ഥായദാമോദരാശി,
സരസമഥ ച താലാങ്കേന സാകം ജനാഭം-
ഗുരസുഖവിധി ചെയ്താൻ ശ്രേയസാ
കഞ്ജനാഭൻ.

---

ശ്ലോ. 25—അഥ = പിന്നെ, സ്ഥായദാമോദരാശി = സ്ഥായത്തായ = വർദ്ധമാനമായ, ആമോദരാശിയോടു = സന്തോഷാധിക്യത്തോടുകൂടിയ, പശുപകദംബം = ഗോപസമൂഹം, ഗേയദാമോദരാശിസ്സോടു = ഗേയമായ = ഗാനരൂപത്തിൽ പാടപ്പെടുന്ന, ദാമോദരന്റെ = ശ്രീകൃഷ്ണന്റെ, പേരിലുള്ള, ആശിസ്സോടു = ആശീർവ്വാദത്തോടുകൂടി, നിലയം = ഗോകുലത്തെ, അണഞ്ഞു = പ്രാപിച്ചു, കഞ്ജനാഭൻ = ശ്രീകൃഷ്ണൻ, അഥ ച = പിന്നെയും, താലാങ്കേന = ബലഭദ്രരോടു, സാകം = കൂടെ, സരസം = ഉത്സാഹപൂർവ്വമെന്നർത്ഥം, ജനാഭംഗുരസുഖവിധി = ജനങ്ങൾക്കു, അഭംഗുരമായ = ശാശ്വതമായ, സുഖത്തിന്നുവേണ്ടിയുള്ള വിധികളെ, ശ്രേയസാ = ശ്രേയസ്സോടുകൂടി, ചെയ്താൻ = ചെയ്തു.

നാലാം സർഗം

സമാപ്തം

The Standard Press, Tellicherry—PIC. No. ML. 64. Copies 1000 6-8-1948

**KOTTAYAM PUBLIC LIBRARY**
**KOTTAYAM**

Cl. No. MA2. Acc. No. 3990

This book should be returned on or before the date last stamped below.

| | | |
|---|---|---|
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |

If the book is not returned on due date
a fine of ₹1 per day will be charged

MA2 ൩൧൧൦

KUP.K

കൂടരത്ത്

ഓത്തിയമ്പിദ്ദനം.